# സത്യദൂതൻ

2018 ഒക്ടോബർ | ലക്കം 10

വില ₹ 30



## ലൈംഗികതയും ക്രിസ്തു സഭയും

### യേശു വിവാഹിതനോ?

### ആരായിരുന്നു മഗ്ദലന മറിയം?

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages




**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below






The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2018 ഒക്ടോബർ
ഹി.ശ.1398 - ഇഖാഅ്
1440 മുഹറം - സഫർ
പുസ്തകം 90 ലക്കം 10
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ സംഗ്രഹം

**പരലോകം ലക്ഷ്യം വെച്ച് ലൗകിക ജീവിതം നയിക്കുക**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 14-09-2018 ന് ബൽജിയം, ബ്രസൽസിൽ നിർവഹിച്ച ഖുത്ബയുടെ സംഗ്രഹം. വിവ: മൗലവി ആരിഫ് മുഹമ്മദ്

**11**

**പ്രാണിലോകം ഡാർവിനിസ്റ്റുകളെ പരാജയപ്പെടുത്തുന്നു**

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**18**

**യേശു വിവാഹിതനോ?**

എ. ആർ.മലബാരി

**21**

**ആരായിരുന്നു മഗ്ദലന മറിയം?**

എ. എം. മുഹമ്മദ് സലീം

**26**

**വിവാഹ ജീവിതവും ഇസ്‌ലാമും**

സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ

**29**

**റസൂൽ തിരുമേനി(സ)യുടെ ആഹാര മര്യാദ**

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**31**

**ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ശത്രുക്കളും ദൈവീക വാഗ്ദാനങ്ങളും – 2**

ഇബ്നു വഫ

**35**

**സ്നേഹം എന്ന വികാരം**

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹമദ് (റ)

**37**

കുറിപ്പുകൾ

**ലൈംഗികതയും ക്രിസ്തു സഭയും**

മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250


Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് നിങ്ങൾക്ക് നിങ്ങളുടെ വർഗത്തിൽ നിന്ന് തന്നെ അവൻ ഇണകളെ സൃഷ്ടിച്ചത്. നിങ്ങളോട് കൂടിചേർന്ന് മനസ്സമാധാനം കൈവരുത്താൻ വേണ്ടി. എന്നിട്ട് നിങ്ങൾക്കിടയിൽ അവൻ സ്നേഹവും കാരുണ്യവു മുണ്ടാക്കുകയും ചെയ്തു. ചിന്തിക്കുന്ന ജനങ്ങൾക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്. (വി. ഖുർആൻ 30:22)

## നബിവചനം



അനസ് (റ) നിവേദനം. നബി(സ) യുടെ ആരാധനയെ പറ്റി അറിയാൻ മൂന്ന് പേർ വന്നു. അവർക്കത് കുറഞ്ഞ് പോയതായി തോന്നി. ഒരാൾ പറഞ്ഞു: നമ്മെപോലെയല്ല നബി(സ)യുടെ മുൻപിൻ തെറ്റുകൾ അല്ലാഹു പൊറുത്തിട്ടുണ്ട്. മറ്റൊരാൾ പറഞ്ഞു: ഞാൻ എന്നും രാത്രിമുഴുവനും നമസ്ക്കരിക്കും. മറ്റൊരാൾ പറഞ്ഞു: എല്ലാ ദിവസവും ഞാൻ നോമ്പുപിടിക്കും. മൂന്നാമൻ പറഞ്ഞു: ഞാൻ സ്ത്രീകളിൽ നിന്ന് അകന്ന് നിൽക്കും. ഒരിക്കലും വിവാഹം കഴിക്കില്ല. നബി(സ) അവിടെയെത്തി. നിങ്ങൾ ഇതെല്ലാം പറഞ്ഞുവല്ലോ. നിങ്ങളെക്കാളെല്ലാം അല്ലാഹുവിനെ ഭയപ്പെടുന്നവനും അവനെ സൂക്ഷിക്കുന്നവനുമാണ് ഞാൻ. ഞാൻ ചിലപ്പോൾ നോമ്പനുഷ്ഠിക്കുക യും ചിലപ്പോൾ നോമ്പ് ഉപേക്ഷിക്കുകയും ചെയ്യും. രാത്രി നമസ്ക്ക രിക്കുകയും സ്ത്രീകളെ വിവാഹം കഴിക്കുകയും ചെയ്യും. വല്ലവനും എന്റെ ചര്യയെ ഉപേക്ഷിച്ചാൽ അവൻ എന്റെ സമൂഹത്തിൽ പെട്ടവനല്ല. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

### സ്ത്രീകളോടുള്ള പെരുമാറ്റം

ഇസ്ലാമിലുള്ളത് പോലെ മറ്റൊരു മതത്തിലും സ്ത്രീകളുടെ സംരക്ഷണം സുരക്ഷിതമാക്കപ്പെട്ടിട്ടില്ല. സംക്ഷിപ്തമായി ഖുർആൻ രേഖപ്പെടുത്തിയ ആജ്ഞ ഇപ്രകാരമാണ്.

പുരുഷന് സ്ത്രീകളിന്മേൽ ഉള്ളത്പോലെ സ്ത്രീക്ക് പുരുഷന് മേലും ചില അവകാശങ്ങളുണ്ട്. ചില ആളുകൾ പറയാറുണ്ട് ഭാര്യമാരോട് ചെരുപ്പിനെപോലെയാണ് പെരുമാറുക എന്ന്. എറ്റവും മോശപ്പെട്ട പ്രവർത്തികൾ അവരെക്കൊണ്ട് ചെയ്യിക്കുന്നു. ഭാര്യമാരെ ശകാരിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നു. കഠിനമായി പർദ ആചരിക്കാൻ അവരെ നിർബന്ധിക്കുകയും ചെയ്യുന്നു. സത്യത്തിൽ അവരെ ജീവനോടെ കുഴിച്ചുമൂടുകയാണ് ഭർത്താക്കന്മാർ ചെയ്യുന്നത്. ഭാര്യാ ഭർത്താക്കന്മാർ തമ്മിലുള്ള ബന്ധം ആത്മാർഥതയുള്ള രണ്ട് യഥാർഥ സ്നേഹിതന്മാർ തമ്മിലുള്ള ബന്ധം പോലെയായിരിക്കണം. എല്ലാറ്റിനുമുപരിയായി ഒരു മനുഷ്യന്റെ ഉന്നതമായ ധാർമിക ഗുണത്തിനും അല്ലാഹുവുമായുള്ള ഒരാളുടെ ബന്ധത്തിനും പ്രഥമ സാക്ഷി ഭാര്യയാണ്. ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധം സമാധാന പൂർണമല്ലെങ്കിൽ ദൈവവുമായി അയാൾക്ക് എങ്ങനെ സമാധാനത്തിൽ വർത്തിക്കാൻ കഴിയും? റസൂൽ തിരുമേനി(സ) പറഞ്ഞു. ***'നിങ്ങളിൽ എറ്റവും മാന്യൻ ഭാര്യമാരോട് ഏറ്റവും നന്നായി പെരുമാറുന്നവനാണ്.'***

(മൽഫൂസാത്ത് വാ. 5, പേജ്. 417-16)



# ലൈംഗികതയും ആത്മീയതയും

ലൈംഗികത എന്നത് എല്ലാ ജീവികൾക്കും ദൈവം നൽകിയ പ്രത്യുൽപ്പാദന സംബന്ധിയായ ഒരു ജൈവിക വികാരമാണ്. പല മതങ്ങളും ലൈംഗികതയെ ആത്മീയതക്ക് വിഘാതമായി നിൽക്കുന്ന ഒന്നായി കാണുന്നു. ഈ വീക്ഷണം അപ്രായോഗികമായ ഒരു ആത്മീയ തീവ്രവാദമാണ്. ലൈംഗിക വിരക്ത ജീവിതം ദൈവം കൽപ്പിക്കാത്ത കൃത്രിമമായ ഒരു മതാചാരമാണെന്നും അത് പാലിക്കാൻ സാദ്ധ്യമല്ല എന്നുമാണ് ഇസ്‌ലാം കരുതുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു: ***'വിവാഹരഹിതമായ ജീവിതമോ ഷണ്ഡത്വമോ അവലംബിച്ച് ചിലർ സന്യാസ ധർമം സ്വീകരിക്കുന്നു. അതിനെ അവർ നൂതനമായി ആരംഭിച്ചതാണ്. നാം അവർക്ക് അതിനെ കർത്തവ്യമായി വിധിച്ചിട്ടില്ല. തന്മൂലം ഈ നൂതന സമ്പ്രദായത്തെ അവർക്ക് പൂർണമായും അനുഷ്ഠാനത്തിൽ വരുത്താൻ കഴിയുകയുമില്ല.' (വിശുദ്ധ ഖുർആൻ: 57:28)***

ലൈംഗികത നിയമാനുസാരം അഥവാ വിവാഹ ബന്ധത്തിലൂടെ ഉപയോഗിക്കാനാണ് ഇസ്‌ലാം നിർദേശിക്കുന്നത്. മനുഷ്യനിൽ അസംസ്കൃതമായി നിലകൊള്ളുന്ന എല്ലാ സഹജ ഗുണങ്ങളും ശക്തികളും വിവേചന ബുദ്ധിയോടെയും വിവേകത്തോടെയുമാണ് പ്രയോഗിക്കേണ്ടത്. മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന ധൈര്യം, ക്ഷമ, സഹനം, ലൈംഗിക വികാരം മുതലായ സഹജഗുണങ്ങളെല്ലാം തന്നെ അതിന്റെ കേവലാർഥത്തിലും പ്രയോഗത്തിലും ധാർമിക ഗുണമല്ല. എവിടെ എപ്പോൾ എത്രയളവിൽ എന്ന വിവേചന ബോധത്തോടെയും ഔചിത്യദീക്ഷയോടെയും അവ പ്രയോഗിക്കുമ്പോഴാണ് അത് ധാർമിക ഗുണമായി മാറുന്നത്. ദൈവം നൽകിയ ഒരു കഴിവ് സമ്പൂർണമായും ഉപയോഗിക്കാൻ പാടില്ല എന്ന് ദൈവം തന്നെ കൽപ്പിക്കില്ല. നാവ് തന്ന ദൈവം അത് ഉപയോഗിച്ച് സംസാരിക്കാൻ പാടില്ല എന്ന് പറയുന്നത് പോലെ അയുക്തികമാണത്.

ലൈംഗികത കേവലം ആനന്ദത്തിനും ആസ്വാദനത്തിനും വേണ്ടി മാത്രമല്ല. കുടുംബത്തിന് അടിസ്ഥാനമാവുന്ന വ്യവസ്ഥാപിത മാർഗത്തിലൂടെ അഥവാ വിവാഹത്തിലൂടെ അത് ഉപയോഗിക്കപ്പെടുമ്പോൾ ഉത്തരവാദിത്വങ്ങളും ചുമതലകളും കൂടി അത് മനുഷ്യനെ ഭരമേൽപ്പിക്കുന്നു. വിവാഹം വഴി 'ഇഹ്സ്വാൻ' എന്ന (ചാരിത്ര്യ ശുദ്ധി) എന്ന ധാർമിക ഗുണമാണ് മനുഷ്യൻ മുഖ്യമായും ആർജിക്കുക. ഇത് സംബന്ധിച്ച് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) വിശദീകരിക്കുന്നത് കാണുക:

***'ഇഹ്സ്വാൻ അഥവാ ചാരിത്രശുദ്ധി എന്ന ഗുണം യഥാർഥ ധാർമിക ഗുണമായിതീരുന്നത് ദുർനോട്ടം, ദുർവൃത്തി എന്നീ അപരാധങ്ങൾ പ്രവർത്തിക്കാനുള്ള ശക്തി പ്രകൃതി ദത്തമായിട്ടുള്ളവൻ ആ വക കൃത്യങ്ങളിൽ നിന്ന് അകന്നു നിൽക്കുമ്പോഴാണ്. എന്നല്ലാതെ ഇളം പ്രായം കൊണ്ടോ ധാതു ക്ഷയത്താലോ നപുംസകത്വം കൊണ്ടോ പ്രായാധിക്യം കാരണമായിട്ടോ ഒരുവനു ശക്തിയില്ലെന്നു വരികിൽ അവന്റെ വിഷയ വിരക്തിയെ ഇഹ്സാൻ (ചാരിത്ര ശുദ്ധി) എന്ന ധാർമിക ഗുണമായി വിചാരിക്കാവതല്ല.......ശാരീരികാവസഥയിൽ ഉൾപ്പെട്ട വ്യാപാരങ്ങളെ വിവേക ബുദ്ധിയുടെ മാർഗ നിർദേശമനുസരിച്ച് സന്ദർഭോചിതം ക്രമപ്പെടുത്തുമ്പോൾ അവ ധാർമിക ഗുണങ്ങളായി പരിണമിക്കുന്നു. ധാർമിക ഗുണങ്ങളോട് എത്ര തന്നെ സാദൃശ്യമുള്ള കർമം ഒരുവനിൽ നിന്നുവെളിപ്പെടുന്നതായാൽപ്പോലും വിവേക ബുദ്ധിയുടെയും ജ്ഞാനത്തിന്റേയും നിയന്ത്രണത്തിന് വിധേയമാകാത്തിടത്തോളം കാലം അത് യഥാർത്ഥ സൽഗുണമായി തീരില്ല.' (ഇസ്‌ലാം മത തത്വജ്ഞാനം)***

മനുഷ്യന്റെ സർവവിധ ധാർമിക ഗുണങ്ങളും കഴിവുകളും പുഷ്കലമാവാൻ വിവാഹ ജീവിതം കൂടിയേ കഴിയൂ. അനുഭവ സാന്ദ്രമായ അനേകം ജീവിത സന്ദർഭങ്ങളും നിഷ്കളങ്കമായ സമർപ്പണങ്ങളും വൈവിധ്യമാർന്ന ധാർമിക പരിശീലനങ്ങളും പാവനമായ സേവന ത്യാഗങ്ങളും വിവാഹ ജീവിതവും കുടുംബജീവിതവും മനുഷ്യന് സമ്മാനിക്കുന്നു. ആത്മീയ മോക്ഷം കാംക്ഷിക്കുന്ന ഒരാൾക്ക് സന്യസ്ത ജീവിതം നയിക്കുന്ന നിഷ്ക്രിയനായ ഒരാളെക്കാൾ സംഭവ ബഹുലവും അനുഭവസാന്ദ്രവുമായ നാനാവിധ ജീവിതാനുഭവങ്ങളും ധാർമിക ഗുണങ്ങളും വിവാഹ ജീവിതം നൽകുന്നു. അതോടൊപ്പം ദൈവസ്മരണക്കും മനനത്തിനും ആരാധനകൾക്കുമുള്ള സന്ദർഭവും വിവാഹിതന് ലഭിക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ വിവാഹ ജീവിതമാണ് മനുഷ്യനെ ജ്ഞാന സമ്പൂർണനാക്കുന്നത്. അത്കൊണ്ടാണ് ആത്മീയ ജ്ഞാനത്തിന്റെ പാരമ്യം കണ്ട റസൂൽ തിരുമേനി (സ) പറഞ്ഞത്: **'വിവാഹം നമ്മുടെ ചര്യയാണ്. ആരാണോ നമ്മുടെ ചര്യ പിന്തുടരാത്തത് അവനുമായി നമുക്ക് ബന്ധമില്ല.' (ഇബ്നു മാജ)**



ഹദ്റത്ത് അഹ്മദ് (അ)

# ചാരിത്രശുദ്ധിക്കുള്ള മാർഗ്ഗങ്ങൾ

**വിവാഹരഹിതമായ ജീവിതമോ ഷണ്ഡത്വമോ അവലംബിച്ച് ചിലർ സന്യാസ ധർമം സ്വീകരിക്കുന്നു. അതിനെ അവർ നൂതനമായി ആരംഭിച്ചതാണ്. നാം അവർക്ക് അതിനെ കർത്തവ്യമായി വിധിച്ചിട്ടില്ല. തന്മൂലം ഈ നൂതന സമ്പ്രദായത്തെ അവർക്ക് പൂർണമായും അനുഷ്ഠാനത്തിൽ വരുത്താൻ കഴിയുകയുയില്ല. (വിശുദ്ധ ഖുർആൻ: 57:28)**

ജനങ്ങൾ ഷണ്ഡത്വം അവലംബിക്കുകയോ സന്യാസം സ്വീകരിക്കുകയോ ചെയ്യുവാൻ ദൈവം കൽപ്പിച്ചിട്ടില്ലെന്ന് വിശുദ്ധ ഖുർആൻ ഇവിടെ നിഷേധിച്ചുകൊണ്ട് സൂചിപ്പിച്ചിരിക്കുന്നത്. അങ്ങനെ അവൻ കൽപ്പിച്ചിരുന്നുവെങ്കിൽ സകല ജനങ്ങളും അതനുസരിച്ച് പ്രവർത്തിക്കാൻ ബാധ്യസ്ഥരാവുകയും തൽഫലമായി മനുഷ്യ വർഗത്തിന്റെ സന്താനോൽപ്പാദന പ്രക്രിയ നിലച്ച് മുമ്പേ തന്നെ ലോകം അവസാനിച്ചു പോകുകയും ചെയ്തിരിക്കുമായിരുന്നു എന്നാണ്. തന്നെയുമല്ല ചാരിത്രത്തെ പാലിക്കുന്നതിന് ജനനേന്ദ്രിയത്തെ നശിപ്പിക്കുക തുടങ്ങിയ മാർഗങ്ങളെ അവലംബിക്കുകയാണെങ്കിൽ അത് ആ അവയവം പ്രദാനം ചെയ്ത സൃഷ്ടി കർത്താവിന് നേരെയുള്ള ഒരെതിർപ്പായിരിക്കുന്നതാണ്. ശക്തിയുണ്ടായിരിക്കെ ഒരുവൻ ദൈവത്തോട് ഭയഭക്തി നിമിത്തം ദുഷ്പ്രേരണകളോടും ദുർവിചാരങ്ങളെയും ജയിച്ചടക്കുന്നതിലാണ് പുണ്യമിരിക്കുന്നത്. അങ്ങനെ അവൻ തന്റെ ശക്തിയെ യഥാസ്ഥാനത്ത് ഉപയോഗിക്കുകയും അസ്ഥാനത്ത് പ്രയോഗിക്കാതെ തടഞ്ഞു നിർത്തുകയും ചെയ്തതു കൊണ്ട് രണ്ടു വിധം പുണ്യത്തിന്ന് അവകാശിയായി തീരുന്നു. തന്റെ ഇന്ദ്രിയ ശക്തി നശിപ്പിച്ചു കളയുന്നവനാകട്ടെ ഈ രണ്ട് തരം ഗുണങ്ങളും നഷ്ടമായി തീരുന്നതാണ്. ശക്തിയുടെ സാന്നിദ്ധ്യത്തിൽ ഉളവാകുന്ന ദുഷ്പ്രേരണകളെ എതിർത്ത് ജയിക്കുന്നത് കൊണ്ട് പുണ്യം ലഭിക്കുമാറാകുന്നത് . എന്നാൽ പ്രായപൂർത്തി വരാത്ത ബാലകനെ പോലെ ഏതൊരുവനിൽ ശക്തി ഇല്ലാതിരിക്കുന്നുവോ അവന് എന്ത് പുണ്യം ലഭിക്കുവാനാണ്. അവനാകട്ടെ ദുർവികാരങ്ങളെ ജയിച്ചടക്കുകയോ സ്വശക്തിയെ യഥാസ്ഥാനത്ത് ഉപയോഗപ്പെടുത്തുകയോ ചെയ്യുവാനുള്ള അവസരം ഉണ്ടാകാത്തതിനാൽ തസംബന്ധമായ പുണ്യ ഫലവും ലഭിക്കുന്നതല്ല,.

മേലുദ്ദരിച്ച ഖുർആൻ വാക്യങ്ങൾ ചാരിത്രം (ഇഹ്സാൻ) എന്ന ധാർമിക ഗുണം സമ്പാദിക്കുന്നതിന് ഉത്കൃഷ്ടമായ ഉപദേശം ഉള്ളടങ്ങിക്കൊള്ളുന്നുവെന്ന് മാത്രമല്ല. ഈ സത്വഗുണം മനുഷ്യനിൽ നിർബാധം നിലനിർത്തു മാറാകുന്നതിന് അഞ്ചുപായങ്ങൾ കാണിച്ചു തരുകയും ചെയ്തിരിക്കുന്നു. അതായത് 1. പുരുഷൻ പരസ്ത്രീകളെയെന്ന പോലെ സ്ത്രീ പരപുരുഷന്മാരെയും ദർശിക്കുന്നതിൽ നിന്നും ദൃഷ്ടികളെ തടയുക. 2. വികാര ജന്യമായ മധുര സ്വര ശ്രവണങ്ങളിൽ നിന്നും കർണ പുടങ്ങളെ നിയന്ത്രിക്കുക. 3. ശൃംഗാര കഥകൾ കേൾക്കാതിരിക്കുക. 4. ദുർവൃത്തിക്ക് പ്രേരകമാകുന്ന സാഹചര്യങ്ങളിൽ നിന്നെല്ലാം അകന്നു നിൽക്കുക. 5. അവിവാഹിതർ ഉപവാസമനുഷ്ഠിക്കുക. ***(ഇസ്ലാംമത തത്വജ്ഞാനം)***

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 14-09-2018 ന് **ബൽജിയം**, ബ്രസൽസിൽ നിർവഹിച്ച ഖുത്ബയുടെ സംഗ്രഹം. വിവ: മൗലവി ആരിഫ് മുഹമ്മദ്

# പരലോകം ലക്ഷ്യം വെച്ച് ലൗകിക ജീവിതം നയിക്കുക




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ബെൽജിയം അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസ സാലാന ഇന്നു മുതൽ ആരംഭിക്കുകയാണ്. കുറേ കാലത്തിനു ശേഷമാണ് ഞാൻ നിങ്ങളുടെ ജൽസയിൽ പങ്കെടുക്കുന്നത്. അക്കാലയളവിൽ ജമാഅത്ത് വർധിക്കുന്നതിനു പുറമേ മറ്റനേകം കാര്യങ്ങളിലും അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. ഉദാഹരണമായി, മിഷൻ ഹൗസുകളു

ടെയും പള്ളികളുടെയും നമസ്കാര കേന്ദ്രങ്ങളുടെയും എണ്ണം വർധിച്ചിരിക്കുന്നു. ബ്രസ്സൽസ് പള്ളി അതിന്റെ നിർമാണത്തിന്റെ ഏതാണ്ട് അവസാനഘട്ടത്തിലാണ്. അതിന്റെ നിർമാണവും നല്ലനിലയിൽ നടന്നുവരുന്നു. ഇന്നലെ കഴിഞ്ഞ് (മിനിഞ്ഞാന്ന്) ഹാൾക്കനിൽ ഞാനൊരു പള്ളി ഉദ്ഘാടനം ചെയ്തു. വളരെ വിസ്തൃതമായ സ്ഥലവും കെട്ടിടവും അല്ലാഹു നല്കിയതിനാൽ ഇവിടെ ജമാഅത്തിനു മേൽ വലിയ അനുഗ്രഹം ഉണ്ടായതായി കാണാൻ സാധി ച്ചു. എന്നാൽ അല്ലാഹുവിന്റെ ഈ അനുഗ്രഹം, നാം ദൈവകല്പനകളെ മനസ്സിലാക്കുകയും വിശ്വസിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നതാണെന്ന ബോധ്യം ജമാഅത്തംഗങ്ങളിൽ സംജാതമാക്കുന്നതായിരിക്കണം. ബാഹ്യമായ നിലയിൽ മാത്രമല്ല, യഥാർഥമായ നിലയിലും മുൻപത്തെക്കൾ നാം മെച്ചപ്പെട്ടവരാകണം. നമ്മുടെ ഓരോ ദിനവും ഓരോ ചുവടും നന്മ യിലും തഖ്‌വയിലും വാഗ്ദത്ത മസീഹിന്റെ നിയോഗ ലക്ഷ്യം പൂർത്തിയാക്കുന്നതിലും മുൻപത്തെക്കാൾ മികവു പുലർത്തിക്കൊണ്ട് മുന്നോട്ടു തന്നെ കുതിക്കുന്നതായി കാണണം. സ്വന്തം തിന്മകളെ പിന്തള്ളിക്കൊണ്ട് നന്മകളുടെ നവലക്ഷ്യങ്ങളെ കീഴടക്കിക്കൊണ്ടിരിക്കുക. ഈ കാര്യങ്ങൾ ജമാഅത്തംഗങ്ങളിൽ കാണപ്പെടുന്നുവെങ്കിൽ വാഗ്ദത്ത മസീഹി(അ)ന്റെ നിയോഗ ലക്ഷ്യം നാം പ്രാപിച്ചു അല്ലെങ്കിൽ പ്രാപിക്കാൻ നാം ശ്രമിക്കുന്നു അതല്ലെങ്കിൽ വാഗ്ദത്ത മസീഹുമായുള്ള ബൈഅത്തിന്റെ കടമ നിർവഹിക്കാൻ ശ്രമിക്കുന്നുവെന്നു പറയാം.

ഓർക്കുക, നിങ്ങളിവിടെ ദീനിന്റെ പേരിലാണ് വന്നിരിക്കുന്നത്; അല്ലാഹുവിന്റെ നാമത്തിൽ. എന്നിട്ടും നിങ്ങൾ ദൈവകല്പനകളനുസരിച്ചു പ്രവർത്തിക്കുന്നില്ലെങ്കിൽ ഇതെല്ലാം ദൈവകോപത്തിന് കാരണമാകാവുന്നതാണ്. ഭൗതികകാര്യങ്ങളിൽ ശ്രദ്ധിക്കുന്നതും അതു സമ്പാദിക്കുന്നതും ഒരു പരിധിവരെ തെറ്റല്ല. എന്നാൽ, ലൗകികരെപ്പോലെ ഐഹികസുഖങ്ങൾക്ക് അടിപ്പെടുന്നതിനെ അല്ലാഹു വിലക്കിയിരിക്കുന്നു.

വാഗ്ദത്ത മസീഹ്(അ) പറയുന്നു: ''അല്ലാഹു ലൗകിക വൃത്തികളിൽ ഏർപ്പെടുന്നത് അനുവദിച്ചിരിക്കുന്നു. ഇതില്ലായിരുന്നുവെങ്കിൽ ഈ മാർഗത്തിലൂടെയും പരീക്ഷണം വരുന്നതാണ്. ഈ പരീക്ഷണം കാരണം മനുഷ്യൻ കള്ളനും ചൂതുകളിക്കാരനും വഞ്ചകനും കൊള്ളക്കാരനുമൊക്കെ ആയിക്കൊണ്ട് എന്തൊക്കെ ദുശ്ശീലങ്ങളെയാണ് അവലംബിക്കുന്നത്. എന്നാൽ ഓരോ സംഗതിക്കും ഒരു പരിധിയുണ്ട്. ലൗകിക വൃത്തികളെ അവ ദീനിന്റെ മാർഗത്തിൽ നിങ്ങൾക്ക് എളുപ്പം സംജാതമാക്കുവോളം അവലംബിക്കുക. ദീൻ ആയിരിക്കണം ആത്യന്തിക ലക്ഷ്യം. അതിനാൽ ലൗകികവൃത്തികളെയും നാം വിലക്കുന്നില്ല.''

ദൈവകല്പനപ്രകാരം ഭാര്യയോടും കുട്ടികളോടും അല്ലാഹുവിന്റെ അടിയാറുകളോടുമുള്ള കടമ നിർവഹിക്കാൻ വേണ്ടിയാണ് ദുനിയാവ് സമ്പാദിക്കേണ്ടത്. അതു അല്ലാഹുവിന്റെ ദീനിനെ സേവിക്കാനായിരിക്കണം. ഇതാണ് ലക്ഷ്യമെങ്കിൽ ദീനും ദുനിയാവും ലഭിക്കുന്നതാണ്.

ദുനിയാവ് സമ്പാദിക്കുന്നത് ദീൻ ലക്ഷ്യം വെച്ചു കൊണ്ടായിരിക്കണമെന്ന് വിശദീകരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) മറ്റൊരിടത്ത് പറയുന്നു: ഇസ്‌ലാം സന്ന്യാസത്തെ വിലക്കിയിരിക്കുന്നു. ഇഹലോകവുമായി വിശ്വാസിയുടെ ബന്ധം വിശാലമാകുന്നതനുസരിച്ച് അവന്റെ ആത്മീയോന്നതിക്ക് അത് കാരണമാകുന്നു. എന്തെന്നാൽ, അവ ന്റെ പരമ ലക്ഷ്യം ദീൻ ആണ്. ഈ ലോകവും അതിലെ സമ്പത്തും പ്രതാപവുമെല്ലാം ദീനിന്റെ സേവകരാണ്.

ദീനിന്റെ ഉന്നതലക്ഷ്യങ്ങളിലേക്ക് എത്തുന്നതിന് മനുഷ്യന് ഇരുന്നു പോകാനുള്ള വാഹനമാണ് സമ്പത്ത് എന്നാണ് ഇതിന്റെ ഉദ്ദേശ്യം. അല്ലാഹു പഠിപ്പിച്ച **റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വ ഫിൽ ആഖിറത്തി ഹസനാ** എന്ന ദുആയിലും ഇഹലോകത്തെയാണ് ആദ്യം പരാമർശിച്ചിരിക്കുന്നത്. ഇഹലോകത്തെ എന്തിനെയാണ്? പരലോകനന്മകൾക്ക് കാരണമാകുന്ന ഇഹലോകത്തെ നന്മകളെയാണ് ആദ്യം പരാമർശിച്ചിരിക്കുന്നത്. വിശ്വാസി ഐഹിക സുഖം തേടുമ്പോൾ പര ലോകനന്മയെ മുൻ നിർത്തിയായിരിക്കണമെന്ന് ഈ ദുആ പഠിപ്പിക്കുന്നു. അതോടൊപ്പം ഹസനത്തുദ്ദുനിയാ (ഇഹ ലോകനന്മ) എന്ന വാക്കിൽ വിശ്വാസി ഐഹിക സുഖം തേടുമ്പോൾ അവലംബിക്കേണ്ട എല്ലാ നല്ല മാർഗങ്ങളെ ക്കുറിച്ചും പരാമർശിക്കപ്പെട്ടിരിക്കുന്നു. ദുനിയാവ് നേടു മ്പോൾ നന്മയും അഭിവൃദ്ധിയും മാത്രമുള്ള വഴികളെ അവലംബിക്കുക. ആ വഴികൾ മനുഷ്യരുടെ പ്രയാസങ്ങൾക്ക് കാരണമാകുന്നതാവരുത്. സ്വന്തം വർഗത്തിന്റെ അപമാനത്തിനും അവഹേളനയ്ക്കും ഹേതുവാകരുത്. അങ്ങനെയുള്ള ഐഹികസുഖം തീർച്ചയായും പരലോക നന്മയ്ക്ക് കാരണമാകും. അതിനാൽ പരലോകനന്മയ്ക്ക് ഹേതുവാകുന്ന ഐഹികസുഖം സമ്പാദിക്കാൻ നാം ഓരോരുത്തരും ശ്രമിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ബാഹ്യമായ വല്ല സമ്പത്തോ ഭരണമോ മാനമോ സന്താനങ്ങളുടെ ആധിക്യമോ ഒരു വ്യക്തിയുടെ സംതൃപ്തിക്കും സന്തോഷത്തിനും സമാധാനത്തിനും ഇടയാക്കുമെന്നോ സ്വർഗീയനുഗ്രഹങ്ങൾ ഉറപ്പു വരുത്തുമെന്നോ ഒരിക്കലും വിചാരിക്കരുത്. സ്വർഗീയനുഗ്രഹങ്ങളിൽപ്പെട്ട സന്തോഷവും സംതൃപ്തിയും ഇവ മുഖാന്തരമല്ല ലഭിക്കുന്നത്. അവ ലഭിക്കുന്നത് ദൈവത്തിൽ ജീവി

ക്കുകയും മരിക്കുകയും ചെയ്യുന്നതിലൂടെയാണ്. ഇതിനെപ്പറ്റിയാണ് പ്രവാചകന്മാർ, പ്രത്യേകിച്ചും ഹദ്റത്ത് ഇബ്രാഹിം നബി(അ)യും യഅ്ഖൂബ് (അ)നബിയും **ഫലാ തമൂത്തുന്ന ഇല്ലാ വ അൻതും മുസ്‌ലിമൂൻ** എന്ന് ഉപദേശിച്ചത്. അല്ലാഹുവിനു പൂർണമായും അനുസരണം പുലർത്തിക്കൊണ്ടല്ലാതെ ഒരിക്കലും മരിക്കരുത്. നിങ്ങൾ സദാ ദൈവത്തിനു കീഴ്പ്പെട്ടുകൊണ്ടുള്ള അവസ്ഥയിലായിരിക്കണം എന്നർഥം.

അവിടുന്ന് പറയുന്നു: ലൗകികസുഖങ്ങൾ ഒരു വിധ ത്തിലുള്ള അവിശുദ്ധഅത്യാഗ്രഹം സംജാതമാക്കിക്കൊണ്ട് അവയോടുള്ള മോഹവും ദാഹവും വർധിപ്പിക്കുന്നു. അനാവശ്യമായ ആഗ്രഹാഭിലാഷങ്ങളുടെ അഗ്നിയും മനുഷ്യമനസ്സിനെ തൃപ്തിപ്പെടുത്താതെ അസ്വസ്ഥമാക്കുന്ന നരകാഗ്നിയാണ്. എന്നല്ല, അവനെ ചിന്താകുഴപ്പത്തിലും അസ്വാസ്ഥ്യത്തിലും നിപതിപ്പിക്കുന്നു. അതുകൊണ്ട് മനുഷ്യനും ദൈവവും തമ്മിൽ ഒരു മറയുണ്ടാകുമാറ് അവൻ സമ്പത്തിനോടും സന്താനങ്ങളോടും പെണ്ണിനോടുമുള്ള സ്നേഹാവേശത്തിൽ മദോന്മത്തനാവരുത്.

അവിടുന്ന് വീണ്ടും പറയുന്നു: മനുഷ്യനും ദൈവവും തമ്മിൽ തടസ്സം നില്ക്കുന്നതുകൊണ്ടാണ് സമ്പത്തും സന്താനങ്ങളും പരീക്ഷണമാണെന്ന് പറയപ്പെട്ടിരിക്കുന്നത്. സമ്പത്തും സന്താനങ്ങളും മുഖേന മനുഷ്യന് ഒരു നരകം തയ്യാറാക്കപ്പെടുന്നു. അവയിൽ നിന്ന് വേർപെടുമ്പോൾ അവൻ കഠിനമായ അസ്വസ്ഥതയും പരിഭ്രമവും പ്രകടിപ്പിക്കുന്നു.

അവിടുന്ന് പറയുന്നു: രണ്ടു വസ്തുക്കൾ തമ്മിൽ പരസ്പരം ചേരുകയും ഉരസുകയും ചെയ്യുമ്പോഴാണല്ലോ ചൂടുണ്ടാകുന്നത്. അതുപോലെ, മനുഷ്യന്റെ സ്നേഹവും ലൗകികതയോടുള്ള സ്നേഹവും തമ്മിൽ ഉരസുമ്പോൾ ചൂട് ഉത്പാദിക്കപ്പെടുന്നു. അതു മുഖേന ദൈവിക സ്നേഹം കത്തിനശിക്കുകയും മനസ്സിന് ഇരുൾ ബാധിച്ച് ദൈവത്തിൽ നിന്ന് ദൂരപ്പെടുകയും ചെയ്യുന്നതോടെ എല്ലാ വിധ വ്യർഥസംഗതികൾക്കും അത് ഇരയായി ഭവിക്കുന്നു. എന്നാൽ ലൗകികവസ്തുക്കളോടുള്ള ബന്ധം ദൈവത്തിൽ ലയിച്ചു കൊണ്ടുള്ളതാണെങ്കിൽ പരസ്പരമുള്ള ഉരസലിൽ ദൈവേതരരോടുള്ള സ്നേഹം കത്തി നശിക്കുകയും അവിടെ വെളിച്ചം നിറക്കപ്പെടുകയും ചെയ്യുന്നു. അനന്തരം ദാസന്റെ ഇച്ഛകൾ ദൈവേച്ഛയുമായി സമന്വയിക്കപ്പെടുന്നു.

ജൽസയിൽ പങ്കെടുക്കുന്നവർ നാം അല്ലാഹുവുമായി അടുക്കണമെന്ന ലക്ഷ്യത്തെ സദാ മുന്നിൽ വെയ്ക്കേണ്ടതാണ്. ദീനിന് മുൻഗണന നല്കുകയും ദുനിയാവിൽ നിന്നു കൊണ്ടു തന്നെ അതിനെ ദീനിന്റെ സേവകരാക്കുകയും ചെയ്യുക. അല്ലാ ഹു നമ്മിൽ നിന്ന് എന്താണ് ആഗ്രഹിക്കുന്നത്; മനുഷ്യ ജീവിതത്തിന്റെ ലക്ഷ്യമെന്താണ് എന്നതിന്റെ ആത്മാവ് തങ്ങളിൽ മാത്രമല്ല, സ്വന്തം മക്കളിലും രൂഢമൂലമാക്കുക.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ഈ വിനീതന്റെ ജമാഅത്തിൽ ബൈഅത്ത് ചെയ്ത് പ്രവേശിച്ചിട്ടുള്ള ആത്മാർഥരായ ആളുകൾ ഗ്രഹിക്കുക. ലൗകികതയോടുള്ള സ്നേഹം തണുത്തുകൊണ്ട് അല്ലാഹുവിനോടും അവന്റെ തിരുദൂതരോ(സ)ടുമുള്ള സ്നേഹം ഹൃദയത്തിൽ ആധിപത്യം പുലർത്തുകയും പരലോകയാത്ര അനിഷ്ടകരമാകാത്ത വിധം ദൈവത്തിൽ വിലയം പ്രാപിക്കുകയും ചെയ്യുക എന്നതാണ് ബൈഅത്ത് ചെയ്യുന്നതിന്റെ ലക്ഷ്യം. ആകയാൽ, അല്ലാഹുവിനോടും അവന്റെ ദൂതനോടും പരിപൂർണമായ സ്നേഹം സംജാതമാകാത്തിടത്തോളം ലൗകികതയോടുള്ള സ്നേഹത്തിൽ കുറവു വരുന്നതല്ല. മരണസമയത്ത് മനുഷ്യന് മന:ശാന്തിയും ലഭിക്കുന്നതല്ല.

ജൽസ ആരംഭിച്ച കാല ത്ത് അതിന്റെ ഉദ്ദേശ്യലക്ഷ്യം ജനങ്ങൾ പൂർത്തിയാക്കുന്നില്ല എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) അറിഞ്ഞപ്പോൾ അവിടുന്ന് കഠിനമായ നിലയിൽ തന്റെ അതൃപ്തി പ്രകടിപ്പിച്ചു കൊണ്ടു താൻ ഈ വർഷം ജൽസ നടത്തുന്നില്ല എന്നു പറഞ്ഞു. അങ്ങനെ ആ വർഷം ജൽസ നടന്നില്ല.

ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ കാലത്ത് ചിലർ തങ്ങളുടെ ദൗർബല്യം കാരണത്താൽ അദ്ദേഹത്തിന്റെ അതൃപ്തിക്ക് പാത്രമായെങ്കിൽ ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) അതൃപ്തിപ്രകടിപ്പിച്ച ഗണത്തിൽപ്പെടുന്നവർ എത്രയാണെന്ന് അല്ലാഹുവിനേ നന്നായി അറിയുകയുള്ളു. ആകയാൽ ഓരാരുത്തരും ആത്മപരിശോധന നടത്തേണ്ടതുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ആഗ്രഹിക്കുന്ന നിലവാരമില്ലെങ്കിൽ ഈ ജൽസയിൽ പങ്കെടുക്കാൻ നാം അർഹരല്ല. ഇക്കാര്യം ആത്മാർഥതയുള്ള ഓരോ അഹ്മദിയുടെ മനസ്സിലും ഉത്കണ്ഠ ജനിപ്പിക്കേണ്ടതാണ്. ഇപ്പോൾ എല്ലാ വർഷവും ലോകത്തിലെ വിവിധരാജ്യങ്ങളിൽ ജൽസ നടന്നു വരുന്നു. ചിലതിൽ ഞാൻ പങ്കെടുക്കാറുണ്ട്. ചിലതിൽ എം.ടി.എ മുഖേന ഞാൻ പങ്കെടുക്കുന്നു. യൂറോപ്പിലെ ചില ജൽസകളിൽ നിങ്ങളിൽ അനേകം പേർ പങ്കെടുക്കാറുണ്ട്. പല ജൽസകളിലും പങ്കെടുത്തവരാണ് ഇപ്പോൾ എന്റെ മുൻപിലിരിക്കുന്നത്. അതുകൊണ്ട് വർഷത്തിൽ ഒന്നിലധികം ജൽസകളിൽ പങ്കെടുത്തതു കൊണ്ട് നമ്മുടെ അവസ്ഥകളിൽ ഒരു വിപ്ലവം ഉണ്ടാകേണ്ടതാണ്. നിങ്ങളുടെ ഉള്ളിൽ പരി ശുദ്ധമാറ്റം ഉണ്ടാകുന്നതിനും പരലോകയാത്ര അനിഷ്ടകരമായി തോന്നാതിരിക്കാനും വർഷത്തിലൊരിക്കൽ ജൽസയിൽ പങ്കെടുക്കണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) ആഹ്വാനം ചെയ്തിരുന്ന കാലമായിരുന്നു

അന്നെങ്കിൽ, ഇന്ന് ചിലർ ഒന്നിലധികം ജൽസകളിൽ പങ്കെടുക്കുന്ന അവസ്ഥയാണുള്ളത്. അതുകൊണ്ട് എത്തരത്തിലുള്ള വിപ്ലവമാണ് ഈ അവസ്ഥകളിൽ ഉണ്ടാകേണ്ടത് എന്നു നിങ്ങൾ വിലയിരുത്തുക. ഹദ്റത്ത് മസീഹ് മൗഊദു(അ) മായുള്ള കൂടിക്കാഴ്ച തന്നെ പല ജൽസകളേക്കാളും കനത്ത സ്വാധീനം ഉളവാക്കുന്നതായിരുന്നു. അദ്ദേഹത്തെ കാണുമ്പോൾ ഒരു വിപ്ലവം സംജാതമാകുമായിരുന്നു. എന്നാൽ ഇന്ന് പല ജൽസകൾ നിരന്തരം കാണുകയും പങ്കെടുക്കുകയും ചെയ്യുന്നത് അല്പമെങ്കിലും പരിശുദ്ധമായ മാറ്റം ഉണ്ടാകാൻ ഇടയാക്കേണ്ടതാണ്.

എം.ടി.എ കാണുന്നതിലേക്കും ഞാൻ ഉണർത്തുകയാണ്. പാകിസ്താനിൽ ജൽസ നടത്തുന്നത് വിലക്കിയിരിക്കുകയാണല്ലോ. അവിടത്തെ ആളുകൾ അതിൽ നിന്ന് തടയപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ചുരുങ്ങിയ പക്ഷം ഖുതുബകളെങ്കിലും കാണുകയും കേൾക്കുകയും ചെയ്യുക. ജൽസകൾ കാണുക. അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുക. ജൽസപരിപാടികൾ എംടിഎയിലൂടെ കാണുമ്പോൾ അറുപത് എഴുപത് ശതമാനം നഷ്ടബോധമെങ്കിലും പരിഹരിക്കാനാകും. നാം വിചാരിക്കുകയാണെങ്കിൽ നൂറു ശതമാനം മാറ്റം ഉണ്ടാക്കാനും സാധിക്കുന്നതാണ്. എന്നാൽ, ഇപ്പോൾ യൂറോപ്പിലേക്ക് വന്ന നിങ്ങളോട് ഞാൻ പറയട്ടെ. നിങ്ങൾ ജൽസയിൽ പങ്കെടുക്കുന്നു; ചിലർ ഒന്നിലധികം ജൽസകളിൽ പങ്കെടുക്കുന്നവരാണ്. ഞാൻ പറഞ്ഞതുപോലെ, ഇവിടെ വരുന്ന അഹ്മദികൾ തങ്ങളുടെ അവസ്ഥകളിൽ ഒരു വിപ്ലവം ഉണ്ടാക്കേണ്ടതുണ്ട്. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ആഗ്രഹമനുസരിച്ച് ദുനിയാവിനെ തന്റെ സേവകനാക്കിക്കൊണ്ട് ഒരു പരിശുദ്ധമാറ്റം സംജാതമാക്കുക. എങ്കിൽ മാത്രമേ അല്ലാഹു അനുഗ്രഹിച്ചു നല്കിയിട്ടുള്ള ഈ ട്രെയിനിംഗ് ക്യാമ്പിൽ വരുന്നതു കൊണ്ട് ഗുണമുള്ളു. ഇവിടെ വന്ന് ജൽസയുടെ പരിപാടികൾ ശ്രദ്ധയോടെ കേൾക്കുക. നാം ഇതനുസരിച്ച് പ്രവർത്തിച്ച് നമ്മുടെ ഉള്ളിൽ ഒരു പരിശുദ്ധമാറ്റം ഉണ്ടാക്കണമെന്ന ഉദ്ദേശ്യത്തോടെ കേൾക്കുക.

വലിയ പ്രാസംഗികരുടെ പ്രസംഗങ്ങൾ കേൾക്കുന്നുണ്ടെങ്കിലും അതനുസരിച്ച് പ്രവർത്തിക്കാത്തതുകൊണ്ടാണ് ഇക്കാലത്ത് മുസ്‌ലിംകൾക്ക് നിന്ദ്യവും ശോചനീയവുമായ അവസ്ഥ വന്നെത്തിയിരിക്കുന്നത്. കർമം തികച്ചും ഇല്ലാത്തതിനു തുല്യമായിരിക്കുന്നു. എന്നല്ല, ഇല്ലെന്നു തന്നെ പറയാം. കർമമില്ലാത്ത സമൂഹം ഒരിക്കലും പുരോഗതി പ്രാപിക്കാവതല്ല. പ്രവർത്തിക്കാതെ ഉരുവിട്ടു കൊണ്ടിരിക്കുന്ന വെറും വാക്കുകളാണ് ലോകത്ത് ഇന്നു മുസ്‌ലിംകൾ നേരിട്ടു കൊണ്ടിരിക്കുന്ന അവസ്ഥയ്ക്ക് മുഖ്യകാരണം. പ്രവർത്തിച്ചിരുന്നെങ്കിൽ ഈയവസ്ഥ ഉണ്ടാകുമായിരുന്നില്ല. നാം ഹദ്റത്ത് മസീഹ് മൗഊദി(അ)നെ വിശ്വസിച്ചത് തന്നെ മുസ്‌ലിംകളിൽ ഉണ്ടായിട്ടുള്ള ദൗർബല്യങ്ങളെ അകറ്റുന്നതിനു വേണ്ടിയാണ്. അല്ലാത്തപക്ഷം, ആ വിശ്വാസം പ്രയോജനരഹിതമാണ്. ആകയാൽ ഇവിടെ വരുന്നതിന്റെ യഥാർഥ ലക്ഷ്യത്തിന് നിങ്ങൾ പ്രാധാന്യം നല്കുക. കേൾക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും വേണ്ടി ജൽസ കേൾക്കുക. അല്ലാഹു ഓരോരുത്തർക്കും ഈ ലക്ഷ്യം കരസ്ഥമാക്കാനുള്ള സൗഭാഗ്യം നല്കുമാറാകട്ടെ.

ജൽസയുടെ സംവിധാനവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ഞാൻ പറയട്ടെ. ഒന്നാമതായി, ജൽസയ്ക്കു വേണ്ടി എടുത്തിട്ടുള്ള സ്ഥലവും ചുറ്റുപാടും നാം ശ്രദ്ധിക്കുക. സംഘാടകർക്കോ പുറത്ത് റോഡിലേക്കിറങ്ങു മ്പോൾ അയൽവാസികൾക്കോ പ്രയാസമുണ്ടാകരുത്. ഇക്കാര്യം എന്തായാലും ഉറപ്പു വരുത്തേണ്ടതാണ്. അഹ്മദികൾ അയൽവാസികളെ എങ്ങനെ ശ്രദ്ധിക്കുന്നു; നാട്ടിലെ നിയമം അനുസരിക്കുന്നുണ്ടോ; ഇത്രയധികം ആളുകളുണ്ടായിട്ടും ഒരു ബുദ്ധിമുട്ടും ഉണ്ടായില്ലല്ലോ, ഇത്യാദികാര്യങ്ങൾ അമുസ്‌ലിംകൾക്ക് ബോധ്യമായാൽ മാത്രമേ ഇസ്‌ലാമിനെ സംബന്ധിച്ച് ശരിയായ അറിവ് അവർക്കു ലഭിക്കുകയുള്ളു. കൂടാതെ ജൽസയുടെ യഥാർഥ ലക്ഷ്യമായ ദുആകളെയും മുന്നിൽ വെയ്ക്കുക. സ്വലാത്ത് ഉരുവിട്ടുകൊണ്ടിരിക്കുക. സ്വന്തം നാവുകളെ ദിക്റുകളാൽ ആർദ്രമാക്കുക. ജൽസയിലെ പ്രഭാഷണങ്ങൾ, ഞാൻ മുൻപ് പറഞ്ഞതുപോലെ, ശ്രദ്ധയോടെ ശ്രവിക്കുക. ഇതിനായി ജൽസയിലെ എല്ലാ കാര്യപരിപാടികളിലും പങ്കെടുത്ത് പ്രഭാഷണങ്ങൾ ഒന്നൊഴിയാതെ കേൾക്കാനുള്ള ഏർപ്പാട് ചെയ്യുക. ഇങ്ങനെ നിങ്ങൾക്ക് മക്കളെയും വരുംതലമുറകളെയും പരിപാലിക്കാൻ സാധിക്കുന്നതാണ്. ജൽസയുടെ പ്രാധാന്യമെന്താണെന്ന ബോധ്യം അവരിൽ സൃഷ്ടിച്ചെടുക്കാൻ കഴിയും. ജൽസയിൽ പരസ്പരം അസ്വാരസ്യങ്ങളും ഉണ്ടാകാറുണ്ട്. ജനങ്ങൾ പഴയ ചില പരിഭവങ്ങളും കൊണ്ടു നടക്കാറുണ്ട്. ഒത്തു കൂടുമ്പോൾ അതിന് തീവ്രത കൂടുന്നതായി കാണാം. അതുകൊണ്ട് ഈ അന്തരീക്ഷത്തെ തീർത്തും പരിശുദ്ധമാക്കി വെയ്ക്കുക. പരസ്പരം മനോവേദനയുണ്ടാക്കുന്നതോ ജനങ്ങൾക്ക് മോശമായ അഭിപ്രായം ഉണ്ടാകുന്നതോ ആയ ഒരു സംഗതിയും ഉണ്ടാകരുത്.

അല്ലാഹു ജൽസയെ എല്ലാ നിലയിലും അനുഗ്രഹപൂർണമാക്കട്ടെ. എല്ലാവരും ഈ ജൽസാദിനങ്ങളിൽ ദുആ ചെയ്യുകയും നമസ്കാരത്തിലേക്ക് ശ്രദ്ധിക്കുകയും ചെയ്യുക. അല്ലാഹു നിങ്ങളെ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ദുആകളുടെ അവകാശികളാക്കട്ടെ.

# പ്രാണിലോകം ഡാർവിനിസ്റ്റുകളെ പരാജയപ്പെടുത്തുന്നു

മനുഷ്യനെ അമ്പരപ്പിക്കുന്ന അത്ഭുതകരമായ ആസൂത്രണ വൈഭവത്തോടെയാണ് ചിലന്തികളുടെയും മാംസഭോജികളായ ചെറുസസ്യങ്ങളുടെയും ജീവിഘടന. അതിബൃഹത്തായ ഒരു ആസൂത്രണബുദ്ധി പ്രവർത്തിച്ചാലല്ലാതെ പ്രാണിലോകത്തിലെ ജീവിവ്യവസ്ഥ നിലവിൽ വരില്ല. എന്നിട്ടും ഡാർവിനിസ്റ്റുകൾ പറയുന്നു അന്ധമായ പ്രകൃതി ശക്തികളാണ് സങ്കീർണവും വിസ്മയകരവുമായ ജീവിലോകം സൃഷ്ടിച്ചതെന്ന്.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

ഉത്തരധ്രുവം (ആർട്ടിക്) ഒഴികെ ഭൂമിയിലെ എല്ലായിടത്തും ചിലന്തിയെ കാണാം. ഉഷ്ണമേഖല ക്കാടുകളിൽ ധാരാളമായി ചിലന്തികൾ കാണപ്പെടുന്നു. മറ്റെങ്ങും അതുപോലെയില്ല. മഴക്കാടുകൾ മാത്രമല്ല അവയുടെ ആവാസ കേന്ദ്രം. കടുത്ത കാലാവസ്ഥ വ്യതിയാനങ്ങളെ അതിജീവിക്കാനുള്ള അതിന്റെ കഴിവ് അത്ഭുതകരമാണ്. അവ മലമുകളിലും അതുപോലെ മലയിടുക്കുകളിലൂടെ ഒഴുകുന്ന അഗാധമായ നദികളുടെ കരയിലും ഗുഹകളിലും താമസിക്കുന്നു.

ഏകദേശം മുപ്പതിനായിരം തരത്തിൽപ്പെട്ട ചിലന്തികളുണ്ട്. ചില കണക്ക് കൂട്ടൽ പ്രകാരം അതിന്റെ ഇരട്ടിയോളമുണ്ടാവും. എല്ലാ ചിലന്തികളും വല നെയ്യുന്നില്ല. ചിലന്തികളുടെ പകുതി വർഗങ്ങൾ വല നെയ്യുന്നവരാണ്. വല നെയ്യുന്നവർ അതിനായുള്ള സിൽക്ക് നൂലും ഉൽപാദിപ്പിക്കുന്നു. ചില ചിലന്തികൾ ഇരയെ നേരിട്ട് വിസ്മയകരമായ വേഗത്തിലും കൃത്യതയോടും ആക്രമിക്കുന്നു. വല നെയ്യുന്ന ചിലന്തികൾ ചെറു പ്രാണികളെ മാത്രമേ ആക്രമിക്കാറുള്ളൂ. മറ്റു ചിലന്തികൾ താരതമ്യേന വലിയ പ്രാണികളെ ആക്രമിക്കുന്നു.

യാദൃച്ഛികമെന്ന് പറയട്ടെ, കഴിഞ്ഞ നൂറ്റാണ്ടിൽ ഒരു പ്രകൃതി ശാസ്ത്രജ്ഞൻ ഒരു കണ്ടെടുക്കുകയുണ്ടായി. അതായത് ചിലന്തികൾ മൊത്തം കൊന്നൊടുക്കുന്ന പ്രാണികളുടെ ഭാരം മൊത്തം മനുഷ്യരുടെ ഭാരത്തിന്റെ പകുതിയോളം വരും. മുഖ്യ ചർച്ചാ വിഷയത്തിലേക്ക് മടങ്ങിക്കൊണ്ട് നാം വായനക്കാരനെ വിവിധ ജീവിവർഗങ്ങൾ തമ്മിലുള്ള ജീവിത ശൈലിയിലെ വ്യത്യാസം ഓർമിപ്പിക്കാനാഗ്രഹിക്കുന്നു. അവ ഓരോന്നിന്റെയും പരിണാമ ചരിത്രം രേഖപ്പെടുത്തുക എന്നത് പരിണാമവാദികൾക്കാണ് വളരെയേറെവെല്ലുവിളി ഉയർത്തുക. ഏതെല്ലാം പ്രകൃതി ശക്തികളാണ് കോടിക്കണക്കിന് വർഷങ്ങൾകൊണ്ട് അവയുടെ പരിണാമത്തെ നയിച്ചത്? അത് എങ്ങനെയാണ് സംഭവിച്ചത്? പരിണാമവാദികളുടെ അഭിപ്രായ പ്രകാരം ഓരോ ചിലന്തിയും ആകസ്മികമായിട്ടായിരിക്കുമല്ലോ നാം ഇന്ന് കാണുന്ന ദശയിൽ എത്തിച്ചേർന്നിട്ടുണ്ടാവുക.

വായനക്കാരന്റെ കൗതുകത്തിന് വേണ്ടി ചിലന്തികളുടെ ഓരോ വർഗവും പരസ്പരം എത്ര മാത്രം വ്യത്യസ്തത പുലർത്തുന്നു എന്നതിന് ചില ഉദാഹരണങ്ങൾ ഉദ്ധരിക്കാം.

ചെന്നായ ചിലന്തിയാണ് (Wolf Spider)അവയിലൊന്ന്. ഒരു ചെന്നായയുടെ ശൗര്യത്തോടെയാണ് അത് ഇരതേടുക. അതുപോലെ വേട്ടക്കാരൻ ചിലന്തി (Huntsman Spider)അവ വളരെ വേഗത്തിൽ സഞ്ചരിക്കുന്നു. അപ്രകാരം പക്ഷിവേട്ടക്കാരനായ ചിലന്തിയുമുണ്ട്. അതിനെ തരന്തുലാസ് (Tarantulas)എന്നാണ് വിളിക്കുന്നത്. ചെറിയ കശേരുകൾ (Vertibrates) പോലും അതിന്റെയരികിൽ ചെറു ജീവികളാണ്. തരം

ന്തുലാസ് ചിലന്തികൾ പ്രകോപന മുണ്ടായാൽ ചിലപ്പോൾ മനുഷ്യ നേയും ആക്രമിക്കാൻ മടിക്കില്ല. അവയുടെ മുഖ്യഭക്ഷണം രാത്രി ചേക്കേറുന്ന ചെറിയ പറവകളും, ഉരഗങ്ങൾ, ഉഭയജീവികൾ, കടന്നലു കൾ, പാറ്റകൾ, വെട്ടുകിളി മുതലാ യവയുമാണ്. ചിലപ്പോൾ ആവശ്യം നേരിട്ടാൽ മറ്റു ചിലന്തികളേയും പിടിച്ച് ഭക്ഷിച്ചു കളയും.

ചിലത് ഉറുമ്പ് തീനികളായ ചിലന്തികളാണ്. തരന്തുലാസുകളെ അപേക്ഷിച്ച് അത് വളരെ ചെറുതാ ണ്. വേട്ടയാടുന്ന ഉറുമ്പുകളേക്കാൾ വലുപ്പമുള്ളവയല്ല അവ. സ്രഷ് ടാവ് അതിന് വളരെ ഉചിതമായ ഒരു കൃത്രിമാവരണമാണ് (Camouflage)കൊടുത്തിട്ടുള്ളത്. ഉറുമ്പു കളെപ്പോലെ തോന്നിക്കുന്ന അവക്കിടയിലെ ഈ പരദേശിയായ ഘാതകന്റെ സാന്നിദ്ധ്യം പാവം ഉറു മ്പുകൾ ഒരിക്കലും തിരിച്ചറിയി ല്ല.അവ തികച്ചും ഉറുമ്പിനെപ്പോലെ യാണ് കാണപ്പെടുന്നത്. അത് ഉറു മ്പിനെ പോലെ പെരുമാറുകയും നട ക്കുകയും ചെയ്യുന്നു. പഴയ ഒരു പഴഞ്ചൊല്ലിൽ പറഞ്ഞത് പോലെ 'റോമിൽ ചെന്നാൽ റോമക്കാരെ പോലെ' (When in Rome do as Romens do). ഇത് ഈ ഉറുമ്പു ചില ന്തികൾക്ക് യോജിക്കുന്ന പഴമൊഴി യാണ്. ഉറുമ്പു ചിലന്തി ഉറുമ്പുകളെ പ്പോലെ ചിന്തിക്കുന്നില്ല എന്നു മാത്രം. അന്ധമായ ആക സ്മികതക്ക് ഇത്തരത്തിലുള്ള കബ ളിപ്പിക്കൽ വിദ്യകളെ രൂപപ്പെടു ത്താൻ എങ്ങനെ കഴിയും? ഈയൊരത്ഭുതം സാധ്യമാവാനുള്ള അലക്ഷ്യമായ ഉൽപരിവർത്തന ത്തിന് എത്രകാലമെടുത്തു? പരിണാമ വാദികൾ ഉത്തരം പറയേണ്ട ചില ചോദ്യങ്ങളാണിവ.

ഉറുമ്പു വേട്ടക്കാരായ ചില ന്തികളുമായി ബന്ധപ്പെട്ട് പ്രകൃതി യുടെ തിരഞ്ഞെടുപ്പ് എങ്ങനെ യാണ് പ്രവർത്തിച്ചതെന്നതിനെപ്പറ്റി ഒരുത്തരം തീർച്ചയായും ആർക്കും പ്രതീക്ഷിക്കാം. ലക്കും ലഗാനുമി ല്ലാതെ പ്രവർത്തിക്കുന്ന പരിണാമ ത്തിന്റെ ഘടകങ്ങൾ പരിപൂർണ നായ ഉറുമ്പു വേട്ടക്കാരൻ ചില ന്തിയെ രൂപപ്പെടുത്താൻ എത്രദശ ലക്ഷം അപൂർണരായ ഉറുമ്പുവേട്ട ക്കാരന്റെ തലമുറയെ സൃഷ്ടിച്ചു നിഷ്ക്കാസിതരാക്കി.

ചിലന്തിയുടെ മറ്റൊരു നിഗൂ ഢമായ വർഗമാണ് അറ്റിപ സ്(Atypus). ഡബ്ളിയു. ഇ. ലീച്ച് (W.E. Leach) 1816ൽ അതിനെ കണ്ടെത്തിയതിന് ശേഷം ജന്തുശാ സ്ത്രജ്ഞൻമാരുടെ സാർവത്രിക മായ താൽപര്യം അറ്റിപസ് ചില ന്തിക്ക് ലഭിച്ചു വരുന്നു. കുറച്ച് കാലം മുമ്പേ അടച്ചിട്ട മുറിയിലെ രഹസ്യ ങ്ങൾ ചില ഡിറ്റക്റ്റീവ് നോവലെഴു ത്തുകാർ കണ്ടു പിടിക്കുമായിരു ന്നു. ട്രാപ്ഡോർ ചിലന്തി ( Trapdoor Spider) എന്ന പെൺ വർഗ ജീവി പ്രകൃതി തയ്യാറാക്കിയ ഒരു അടച്ചമുറി രഹസ്യത്തിന്റെ ജീവൽ മാതൃകയാണ്. ഇരു വശവും അടഞ്ഞു കിടക്കുന്ന ഒരു സിൽക് ട്യൂബിൽ എങ്ങനെയാണ് ദീർഘ കാലം ഈ പെൺ ചിലന്തിക്ക് ജീവി ക്കാൻ കഴിയുക എന്ന് സുവോളജി സ്റ്റുകൾ അത്ഭുതപ്പെട്ടിട്ടുണ്ട്. എഫ്. ഇനോക്ക് എന്ന ശാസ്ത്രജ്ഞൻ 1885 മുതൽ 1892 വരെ നടത്തിയ ഗവേഷണങ്ങളാണ് അമ്പരപ്പിക്കുന്ന ഈ പ്രശ്നത്തെ സംബന്ധിച്ച് അന്തി മമായി ഒരു പരിഹാരം നിർദേശിച്ച ത്. അറ്റിപസ് ചിലന്തി സ്വയം നിർമിച്ച് അടച്ചു പൂട്ടുന്ന ഈ സിൽക്ക് ട്യൂബിന് എട്ടുമുതൽ ഒൻപത് വരെ ഇഞ്ച് നീളമുണ്ടാ കും. അതിൽ രണ്ടോ മൂന്നോ ഇഞ്ച് ട്യൂബ് നേരെ കുത്തനെ ഭൂമിക്കടി യിലേക്കായിട്ടായിരിക്കാം. ബാക്കി ഭാഗം കൈയുറയുടെ വിരൽ ഭാഗം പോലെ ഭൂമിയുടെ പ്രതലത്തിന് സമാന്തരമായി നിലകൊള്ളുന്നു. വിരലാകൃതിയിലുള്ള ഈ ട്യൂബിന്റെ മധ്യഭാഗം ചിലന്തിക്ക് നിന്നു തിരി യാനും ഇരപിടിത്തത്തിനും മറ്റു സൗകര്യമുള്ള വിധം വിസ്തൃതിയു ണ്ടാവും. തണുപ്പ് കാലത്ത് ട്രാപ്ഡോർ ചിലന്തി ശിശിര നിദ്രയി ലാവുമ്പോൾ അന്ധമായ പരിണാ മമാണ് കാര്യങ്ങൾ ശ്രദ്ധി ക്കുന്നത്. അപ്പോൾ ചിലന്തി വസിക്കുന്ന ട്യൂബിന്റെ മേൽ ഭാഗം തകർന്നു വീഴും. മറ്റു സമയങ്ങളിൽ ഈ ട്യൂബ് ഭൂമിക്കടിയിൽ നിന്ന് പൊന്തി നിൽക്കുന്ന വേര് ആണോ എന്ന് ആരും തെറ്റിദ്ധരിച്ചു പോവും. മണൽത്തരിയും ചെളിയും, ചിലന്തി സ്വയം ഉൽപാദിപ്പിക്കുന്ന സിൽക്കും കൂട്ടിക്കുഴച്ച് ഉണ്ടാക്കുന്ന ഈ കുഴൽക്കൂട് തിരിച്ചറിയാൻ പ്രയാസ മാണ്. ഈ കൂട്ടിലിരുന്ന് പിടികൂ ടുന്ന പ്രാണിയെ നിരീക്ഷിക്കാനാ വും. പെട്ടെന്ന് കുഴലിനു മുകളി ലൂടെ മിന്നിത്തിളങ്ങുന്ന മൂർച്ചയുള്ള രണ്ട് കൊമ്പുകൾ സംഹാരാത്മക മായി പുറത്തേക്ക് വരുന്നു. പിന്നീട് സ്രാവിനെപ്പോലെ തന്റെ അടിഭാഗം കൊണ്ട് മുകൾ ഭാഗത്ത് പ്രഹരി ക്കുന്നു. ഏതെങ്കിലും പറക്കുന്ന പ്രാണിയാണ് ട്യൂബിന്റെ മുകളിൽ പിടിക്കപ്പെടുന്നതെങ്കിൽ ട്രാപ്ഡോർ ചിലന്തി അതിന്റെ മൂർച്ചയുള്ള കൊമ്പുകൾ പ്രാണിയുടെ ശരീര ത്തിൽ തുളച്ചു കയറ്റി ചൂണ്ടലിൽ കോർത്ത പോലെ പൊക്കി നിറുത്തും. കുറച്ച് നേരത്തെ പിടി വലിയുടെ ഫലമായി കുഴൽക്കൂ ടിന്റെ ചുമരിൽ ഒരു കീറൽ പ്രത്യ ക്ഷപ്പെടുകയും അതിലൂടെ പ്രാണിയെ വലിച്ചു കൊണ്ടുവരി കയും ചെയ്യുന്നു. തനിക്ക് കിട്ടിയ ഇരയുമായി കൂടിന്റെ അകത്തള ത്തേക്ക് പോകുന്നതിന് മുമ്പേ വീണ്ടും കൂടിന്റെ മുകൾ ഭാഗ ത്തെത്തി കീറിപ്പൊളിഞ്ഞ ഭാഗം നന്നാക്കി അത് വീണ്ടും അടച്ചു ഭദ്ര മാക്കുന്നു.



ട്രാപ്ഡോർ ഇരക്ക് വേണ്ടി കാത്തിരിക്കുന്നു.

ഡാർവിൻ സിദ്ധാന്തപ്രകാരം ഉൽപരിവർത്തനത്തിന്റെ സഹായത്തോടെ സംഭവിക്കുന്ന 'അർഹതയുള്ളതിന്റെ അതിജീവനം' ചിലന്തിയുടെ ക്രിയാത്മകമായ ഈ ആസൂത്രണം മെനഞ്ഞെടുക്കാനും, രൂപകൽപന ചെയ്യാനും പ്രാവർത്തികമാക്കാനും എങ്ങനെ കഴിഞ്ഞു എന്നത് ഒരു നിഗൂഢതയാണ്. ഒരുപക്ഷേ ആ നിഗൂഢത പ്രകൃതി ശാസ്ത്രജ്ഞൻമാരിൽ അത്യുന്നതൻമാർ അവരുടെ ആത്മ സംതൃപ്തിക്കായി വല്ലതും മനസ്സിലാക്കിയിട്ടുണ്ടായിരിക്കും.

ചിലന്തി വർഗത്തിലെ പകുതിയോളം വരുന്ന വല നെയ്യുന്നവരുടെ കാര്യം പറഞ്ഞു കൊണ്ട് ഈ ചർച്ച ഉപസംഹരിക്കാം. വളരെ നിസ്സാരവും ലോലവും തരളിതവുമായ ഈ സൃഷ്ടികളും ഇതു പോലെ അത്ഭുതകരമായ കഴിവുകളുള്ളതും ഇരയെ പിടിക്കുന്നതിൽ സങ്കീർണമായ വിദ്യകൾ പ്രയോഗിക്കാൻ കഴിവുള്ളവരുമാണ്. അത് വളരെ കൗതുകകരമായ ഒരു പഠന വിഷയമാണ്. വല നെയ്ത്തുകാരായ ഒരു വർഗം ചിലന്തിയിൽ നിന്ന് മറ്റൊരു വർഗത്തിലേക്ക് സഞ്ചരിക്കുമ്പോൾ അവയുടെ ജീവിതശൈലിയും, ഇരപിടിക്കൽ തന്ത്രങ്ങളും, നെയ്ത്തു വൈദഗ്ദ്ധ്യവുമെല്ലാം നാടകീയമായി മാറുന്നത് കാണാം. അന്ധമായ ആകസ്മികത എങ്ങനെ ചിലന്തിയുടെ ഉമിനീർ ഗ്രന്ഥിയെ നെയ്ത് നൂൽ ഉൽപാദിപ്പിക്കുന്ന അത്യുന്നതമായ പണിശാലയാക്കി മാറ്റിയത്.

അതൊരിക്കലും ഒറ്റ രാത്രി കൊണ്ട് സംഭവിച്ച ഉൽപരിവർത്തനങ്ങളുടെ വിസ്ഫോടനമായിരുന്നിരിക്കാൻ സാധ്യതയില്ല. ഈ പ്രക്രിയകളെല്ലാം തന്നെ ഘട്ടം ഘട്ടമായി ഓരോ ന്നും പുനഃസൃഷ്ടിക്കുകയാണെങ്കിൽ ഒരുപക്ഷേ അലക്ഷ്യമായ പരിണാമം ചിലന്തിയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയെന്ന് നമുക്ക് ഒരു പരിധിവരെ സങ്കൽപിക്കാൻ കഴിയും.

ചിലന്തിയുടെ ഉമിനീർ ഗ്രന്ഥിയിൽ നിന്ന് ഒരുപക്ഷേ ഈ കഥ ആരംഭിക്കുന്നു. അതായത് ചില യാദൃച്ഛിക കാരണങ്ങളാൽ ചിലന്തിയുടെ ഉമനീർ ഗ്രന്ഥി ഒരു അധിക ഭാരമായി തോന്നിയിട്ടുണ്ടാവാം. പിന്നീട് അടുത്ത ഒന്നോ രണ്ടോ ദശലക്ഷം വർഷം കൊണ്ട് നിരവധി ആകസ്മികതകളുടെ ഫലമായി ചിലന്തിയുടെ ഉമിനീർ ഗ്രന്ഥിയിൽ നിന്നുള്ള സ്രാവം പുറത്തേക്ക് വരുമ്പോഴേക്കും വായു സമ്പർക്കത്താൽ ഉറച്ച നൂലായി വരണമെന്ന് ഉമിനീരിനെ പഠിപ്പിച്ചിരിക്കും. ലോലമായ ഈ ചിലന്തി നൂലിന് അതേ അളവ് തൂക്കം വരുന്ന ഉരുക്കിനേക്കാൾ ശക്തിയും നൽകപ്പെട്ടിരിക്കുന്നു.

അസഹ്യമാം വിധം കൊണ്ടു നടക്കാൻ പറ്റാത്ത ഈ നൂൽ എല്ലാ സ്ഥലങ്ങളിലും വ്യാപിച്ചിരിക്കും. അതിൽ ചിലന്തിയുടെ കാൽ പിണയുകയും ചിലന്തിയെ വേട്ടയാടാൻ വരുന്നവർക്ക് അത് എളുപ്പമുള്ള ഇരയായി തീരുകയും ചെയ്യും. എത്രകാലം ആ വസ്തു ഉണർന്നിരിക്കും. ഒരുപക്ഷേ പരിണാമവാദികൾക്ക് നന്നായി സങ്കൽപിച്ചു പറയുവാൻ കഴിഞ്ഞേക്കും. പക്ഷേ, സാധാരണക്കാർക്കുണ്ടാകുന്ന ഒരു ഊഹം ഇങ്ങനെയായിരിക്കുമെന്ന് നാം വിചാരിക്കുന്നു. അവിടുന്ന് ഒന്ന് രണ്ട് ദശലക്ഷം വർഷങ്ങൾക്ക് ശേഷം മാനസികമായി കൂടുതൽ പ്രബുദ്ധത നേടിയ ചിലന്തി വെയിൽ കാഞ്ഞു കൊണ്ടിരിക്കെ തന്റെ ഈ ദുരവസ്ഥയെക്കുറിച്ച് വിലപിച്ചിട്ടുണ്ടാവും. ആ അപൂർവ നിമിഷം ചിലന്തിയെ സഹായിക്കാൻ ആകസ്മികതയുടെ അപൂർവ നിമിഷങ്ങൾ പാഞ്ഞെത്തുകയുണ്ടായി. അങ്ങനെ ചിലന്തിയുടെ മസ്തിഷ്കത്തിൽ ഉൽപരിവർത്തനത്തിന്റെ നിരവധി ക്രമീകരണങ്ങൾ സംജാതമായി. അതായത് അതിന്റെ എല്ലാ അസൗകര്യങ്ങളേയും സൗകര്യങ്ങളാക്കി പരിവർത്തിപ്പിച്ചു കൊടുത്തു. മിന്നൽ പിണർ പോലെയുള്ള ആ നിമിഷം മുതൽ മുഴുവൻ ജീവിലോകത്തിലും സമാനതയില്ലാത്ത വിധം ചിലന്തിയുടെ ജീവിതശൈലി മാറി പുതിയ യുഗത്തിന് തുടക്കം കുറിച്ചു!

ചിലന്തി സ്വയംതന്നെ ഒരു കെണി എന്ന നിലയിൽ വല നെയ്യുന്ന കല അഭ്യസിച്ചു തുടങ്ങി. ഈ വിദ്യകരസ്ഥമാക്കാൻ ചിലന്തി എത്രകാലം എടുത്തു എന്ന നിഗമനത്തിലെത്താൻ വളരെയേറെ പ്രയാസമായിരിക്കും. പരിണാമത്തിന്റെ വേഗമനുസരിച്ച് വല നെയ്ത്ത് കലയിൽ പ്രാവീണ്യം നേടാൻ പിന്നെയും ഒരു ജോഡി ദശലക്ഷം വർഷമെങ്കിലും ചിലന്തി എടുത്തിട്ടുണ്ടെങ്കിൽ അതിൽ അത്ഭുതമൊന്നുമില്ല.

ചിലന്തി നെയ്യുന്ന വിവിധ തരത്തിലുള്ള വിസ്മയകരവും സങ്കീർണവുമായ വല, ആശ്ചര്യകരമാണ് എന്ന് മാത്രമല്ല, നിശ്ചിത ലക്ഷ്യത്തിനായി അതിസൂക്ഷ്മമായി തയ്യാർ ചെയ്യപ്പെട്ടതുമാണ്. തന്റെ വലക്ക് മീതെ ഏറ്റവും വിദഗ്ധനായ ബാലറ്റ് നർത്തകനെ പോലെ നേർത്ത കാലുമായി നൃത്തം ചെയ്യുന്ന ചിലന്തിയുടെ ദ്രുതഗതിയിലുള്ള പാദചലനങ്ങളെ ഒരിക്കലും തന്നെ അതിന്റെ വല തടസ്സപ്പെടുത്തുന്നില്ല. മുറുക്കിക്കെട്ടിയ ചരടിലൂടെ നടക്കുന്ന ഏത് വിദഗ്ധനായ നടത്തക്കാരനേക്കാളും, വൈദഗ്ധ്യത്തോടെയാണ് വലയുടെ നൂലിലൂടെ അത് നടക്കുന്നത്. ഒരു പിഴക്കാത്ത ചുവട് വെച്ചു കൊണ്ട്, ബാലൻസ് ചെയ്യാൻ ഒരു വടിയുടെ ആവശ്യമില്ലാതെ വലയുടെ ഒരു നൂല് നെയ്തതിന് ശേഷം മറ്റേ നൂല് എവിടെയാണ് ഉറപ്പിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് അശേഷം സംശയമില്ലാതെ നിശ്ചയിച്ചുറച്ച രീതിയിൽ ചിലന്തി വല നെയ്ത് പൂർത്തിയാക്കുന്നു. ചിലന്തി നൂൽ ഉൽപാദിപ്പിച്ച് അത് ഏറ്റവും അവികലമായ രീതിയിൽ ഒരു കെണിയായി നെയ്തുണ്ടാക്കുന്ന ജോലി പഠിക്കുന്ന ചരിത്രം അങ്ങനെ ശുഭകരമായി പര്യവസാനിക്കുന്നു. ഏറ്റവും അക്രമകാരിയായ ഒരു കട

ന്നൽ പോലും, നെയ്തുണ്ടാക്കിയ വലയാകുന്ന കൊട്ടാരത്തിൽ പതിയിരിക്കുന്ന ചിലന്തിയെ ആക്രമിക്കാൻ രണ്ട് വട്ടം ആലോചിക്കും.

ഇതിന്റെ ഉദ്ദേശ്യത്തെ പറ്റി ആലോചിക്കുന്ന ഒരാൾക്ക് ഒരശുഭ ചിന്ത കയറി വരുന്നത് വരെ എല്ലാം വിസ്മയകരം തന്നെ. ചിലന്തിയുടെ ഈ സങ്കീർണമായ പ്രവർത്തനങ്ങളുടെയെല്ലാം ഉദ്ദേശ്യം എന്തായിരുന്നു? ഒരു ലക്ഷ്യമോ, ആസൂത്രണമോ കൂടാതെ അന്ധമായ പരിണാമം ഇത്തരത്തിലുള്ള ഒരു ലക്ഷ്യത്തിൽ എന്തുകൊണ്ട് എത്തിച്ചേർന്നു? ചിലന്തിക്ക് അതിന്റെ അതിജീവനത്തിന് വേണ്ടിയിരുന്നത് ആവശ്യമായ ഭക്ഷണം മാത്രമായിരുന്നില്ലേ? പിന്നെയെന്തിനീ സംവിധാനങ്ങളൊക്കെ?

പ്രകൃതി, പാവം ചിലന്തിക്ക് നൽകിയത് വളഞ്ഞതും വിലക്ഷണവുമായ കാലുകൾ മാത്രമാണ്. ചിലന്തി തന്റെ വല നെയ്ത്ത് കലയിൽ പ്രാവീണ്യം നേടുന്നത് വരെ ദശലക്ഷക്കണക്കിന് വർഷങ്ങൾ തലമുറ തലമുറയായി എന്തെങ്കിലും ഭക്ഷണം കഴിച്ചായിരിക്കണം ജീവിച്ചിരുന്നത്. ഈച്ചകൾ ഒരു പക്ഷേ പമ്പര വിഡ്ഢികളാവും. എന്നാലും അവ തങ്ങളെ കുടുക്കാൻ കെണിയൊരുക്കാത്ത ചിലന്തിയുടെ വായിലേക്ക് തങ്ങളുടെ തല നേരെ കൊണ്ടുപോയിക്കൊടുക്കാൻ മാത്രം വിഡ്ഢികളായിരുന്നില്ല. എങ്കിലും ഈ ഈച്ച ഭക്ഷണം കഴിച്ചോ കഴിക്കാതെയോ ചിലന്തികൾ ദീർഘകാലം ജീവിക്കുകയുണ്ടായി. ചിലന്തിക്ക് ഇങ്ങനെ നൂലുണ്ടാക്കി വല നെയ്യുന്ന പ്രവൃത്തിയുടേയും അതിനോടനുബന്ധിച്ചുള്ള പരിണാമ പ്രക്രിയയുടേയും ആവശ്യം എവിടെ നിന്നാണ് വന്നത്?

ഒരു സ്വഭാവത്തിൽ നിന്ന് മറ്റൊരു സ്വഭാവത്തിലേക്കുള്ള സുദീർഘ കാലമെടുക്കുന്ന മാറ്റത്തിന്റെ വെല്ലുവിളികൾ കാണാതിരിക്കുക എന്നത് ബുദ്ധിമുട്ടാണ്. ഈ മാറ്റങ്ങൾക്കിടയിൽ ചിലന്തിയുടെ എത്രയോ തലമുറകൾ അലക്ഷ്യമായി നശിച്ചൊടുങ്ങിയിരിക്കണം എന്ന കാര്യമോർക്കുമ്പോൾ ആരും അത്ഭുതപ്പെട്ടുപോകും.


ഒരുപക്ഷേ ചിലന്തി ഒരുപാട് ഉൽപരിവർത്തനങ്ങളുടെ പിൻബലത്താൽ വല നെയ്യുന്ന കല പെട്ടെന്ന് പഠിച്ചിട്ടുണ്ടാകുമെന്ന് നാം നേരത്തെ അഭിപ്രായപ്പെട്ടത് ഈ ആശയത്തിലെ അസംബന്ധം തുറന്നു കാട്ടുക എന്ന ഉദ്ദേശ്യത്തോടെയായിരുന്നു. ഉൽപരിവർത്തനങ്ങൾ, ഒരു ലക്ഷ്യത്തോടു കൂടി അവികലമായി സംഘടിപ്പിക്കപ്പെട്ട ഒരു പരിപാടി എന്ന നിലക്ക് ഒരേ സമയം സംഭവിക്കുന്നില്ല. ആയിരക്കണക്കിന് ആകസ്മികമായ അവസരങ്ങളോട് പ്രതിപ്രവർത്തിച്ചാണ് സ്വഭാവ വാഹികളായ ജീനുകളിൽ അർഥവത്തായ അനുകൂലനമുള്ള ഒരു സ്വഭാവം രേഖപ്പെടുത്തപ്പെടുന്നത്. ഇങ്ങനെയാണ് ഏതൊരു മൃഗത്തിന്റെ സ്വഭാവത്തിലും നാടകീയമായ വ്യതിയാനങ്ങൾ സംജാതമാവുന്നത്.

ഏതൊരർഥത്തിലാണെങ്കിലും, മാംസഭോജികളായ ഒരുതരം ലോലമായ ജലസസ്യത്തിന്റെ പ്രവർത്തനം അത്യന്തം അത്ഭുതകരമാണ്. ദശലക്ഷക്കണക്കിന് വർഷം കൊണ്ട് അവികലമായ ഒരു കെണിയന്ത്രം, ശരിയായ ക്രമത്തിൽ വന്ന ആകസ്മികതയുടെ ഘോഷയാത്രകൾക്ക് സൃഷ്ടിക്കാൻ കഴിയും എന്ന് സ്ഥാപിക്കാനുള്ള മനുഷ്യശ്രമത്തെ പരാജയപ്പെടുത്താൻ മാത്രം സങ്കീർണതകളുള്ള ലളിതമായ ഒന്നാണ് ഈ ജലസസ്യം-മാർഷ് പിറ്റ്ചർ. സസ്യശാസ്ത്രജ്ഞൻമാരുടെ അഭിപ്രായ പ്രകാരം മാർഷ് പിറ്റ്ചർ എന്ന ഈ ജലസസ്യമാണ് ഏറ്റവും ലളിതമായ മാംസഭോജി സസ്യം. ഈ സസ്യത്തിന്റെ വിവരണം നൽകിക്കൊണ്ട് ഇത് ആരംഭിക്കാം. ഇലകൾ കൂടിച്ചേർന്ന് ഒരടിയോളം വലുപ്പത്തിൽ ഒരു നാളം പോലെ അത് കാണപ്പെടുന്നു. ജലത്തിന് മീതെ പൊങ്ങി നിൽക്കുന്ന രൂപത്തിൽ ഈ ഇലനാളികയുടെ മുഴുവൻ ഭാഗങ്ങളും കാണാം. ഈ നാളികയുടെ മുകൾ ഭാഗത്ത് ആകർഷണീയമായ ചെമന്ന ഒരു വളയമുണ്ട്. ഒരു തരം മധുരക്കുഴമ്പ്(Nectr)ഉൽപ്പാദിപ്പിക്കുന്ന ഗ്രന്ഥികൾ അവയിൽ കാണാം. ധാരാളമായി മഴ ലഭിക്കുന്ന ഉഷ്ണമേഖലാ പ്രദേശത്താണ് അവ വളരുന്നത്. ഇല കൊണ്ട് നിർമിക്കപ്പെട്ട ഈ നാളികയിൽ മുഴുവനും ജലം നിറഞ്ഞാലും അവ കീറിപ്പോവുകയോ ഭാരം കൊണ്ട് വീണുപോവുകയോ ഇല്ല. ഇത് രണ്ട് വിധത്തിലാണ് സാധ്യമാവുന്നത്.

(a) ഇലകൾ പൂർണമായും യോജിപ്പിച്ചു കൊണ്ടാണ് നാളിക നിർമിക്കപ്പെട്ടത്. എന്നാൽ, അതിന് മുകൾഭാഗത്തെ യോജിപ്പിച്ച ഇലകൾ അൽപം പിളർന്നു നിൽക്കുന്നതായി കാണാം. ഇത് അധികം വരുന്ന വെള്ളം ഒഴുകിപ്പോകാനാണ്.

(b) ചെറിയ സുഷിരങ്ങളുടെ ഒരു വലയം ഇലകളുടെ മുകൾ ഭാഗത്ത് ഉചിതമായ സ്ഥലത്ത് സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അതുമൂലം ശരിയായ അളവിൽ വെള്ളം എല്ലാ സമയത്തും അതിൽ ഉണ്ടാവും.

നാളികയിലെ ഗ്രന്ഥികളിൽ നിന്ന് പുറത്തേക്ക് സ്രവിക്കുന്ന കുഴമ്പിന്റെ മധുരവും നിറവും മൂലം പ്രാണികൾ ഈ നാളികയിലേക്ക് ആകർഷിക്കപ്പെടുന്നു. കൂടുതൽ മധുരക്കുഴമ്പ് ഭക്ഷിക്കാനായി അത് നാളികക്കകത്തേക്ക് പറന്നടുക്കുകയും അങ്ങനെ ആ പ്രാണികൾ നാളികക്കകത്തേക്ക് വഴുതി വീഴുകയും ചെയ്യുന്നു. നാളികയി



ട്രപ്പെറ്റ് പിറ്റ്ചർ

ലാകട്ടെ താഴേക്ക് നിൽക്കുന്ന നാരുകൾ ഈ പ്രാണികളെ ഒരിക്കലും മുകളിലേക്ക് വരാൻ അനുവദിക്കുന്നില്ല. അങ്ങനെ നാരുകളില്ലാത്ത നാളികയുടെ അടിവശത്തേക്ക് ഈ പ്രാണികൾ എത്തിപ്പെടുന്നു. ആ അടഞ്ഞ കുഴിയിൽ പ്രാണികൾ ഒടുവിൽ കൊല്ലപ്പെടുകയും ചുറ്റുമുള്ള ജലത്തിൽ ലയിച്ചു ആ ജലത്തിലെ പ്രോട്ടീനും ലവണവും വർധിപ്പിക്കുകയും ചെയ്യുന്നു. ഈ ദ്രവഭക്ഷണമാണ് ചെടി അതിന്റെ നിലനിൽപിനായി ഭക്ഷിക്കുന്നത്. ഈ അവികലമായ കെണിയന്ത്രം സൃഷ്ടിക്കാൻ പ്രകൃതി എത്രതവണ അതിന്റെ അന്ധമായ നിഷ്ഫല ശ്രമങ്ങൾ നടത്തിയിട്ടുണ്ടാവുമെന്ന് കണക്കാക്കാൻ ബുദ്ധിമുട്ടാണ്.

മൃഗലോകത്തിനെതിരായും സസ്യലോകത്തിന് അനുകൂലമായും പ്രകൃതി തന്റെ പരിണാമത്തിന്റെ അനുക്രമ പട്ടിക മാറ്റിമറിച്ചതിനുദാഹരണം നാമിപ്പോൾ അവതരിപ്പിക്കാം. ട്രംപെറ്റ് പിറ്റ്ചേഴ്സ് (Trumpet Pitchers) എന്ന സസ്യത്തിന്റെ കെണിക്കൂടിൽ മെഴുകുപോലുള്ള ശൽക്കങ്ങളുണ്ട്. അതിൽ വന്നു നിൽക്കുന്ന പ്രാണികളുടെ കാലുകൾ ഈ മെഴുകിൽ കുടുങ്ങി പ്രാണിയുടെ ബാലൻസ് നഷ്ടപ്പെടും. അതിനകത്തെ നിറഞ്ഞ ജലത്തിലേക്ക് ഉരുണ്ടു വീഴുകയും ചെയ്യും. അപ്പോഴുണ്ടാകുന്ന കമ്പനം നാളികയുടെ ചുറ്റിലുമുള്ള ദഹന ഗ്രന്ഥികളെ ഉദ്ദീപിപ്പിക്കുകയും ഉടൻ തന്നെ ശക്തമായ ദഹന രസം സ്രവിക്കാനാരംഭിക്കുകയും ചെയ്യുന്നു. ഇത് മൂലം നാളികയിൽ പതിക്കുന്ന കൊച്ചു പ്രാണികൾ കുറച്ചു മണിക്കൂറിനകം ആ ദ്രാവകത്തിൽ ലയിച്ചു ചേരുന്നു. എന്നാൽ, ഈച്ചകൾ ഒന്നോ രണ്ടോ ദിവസം കൊണ്ടാണ് ദഹനരസത്തിൽ ലയിച്ചു ചേരുക. ഈ മാംസഭോജികളായ സസ്യങ്ങൾ ഇത്തരം കൊച്ചു പ്രാണികളെ മാത്രമല്ല ഭക്ഷിക്കുന്നത്. ട്രംപെറ്റ് സസ്യത്തിലെ രാജാവ് എന്നറിയപ്പെടുന്ന സസ്യത്തിന് തേളുകളേയും എലികളേയും പോലും ദഹിപ്പിച്ചു കളയാൻ സാധിക്കും.

വീനസ് ഫ്ളൈട്രാപ് (Venus Flytrap)ന്റെ ഇരപിടിത്തം എല്ലാറ്റിനേക്കാളും സങ്കീർണമാണ്. അത് വൈദ്യുതി ഉദ്പാദിപ്പിച്ചു കൊണ്ടാണ് പ്രവർത്തിക്കുക. എങ്ങനെയാണ് ഈ വൈദ്യുതി ഉൽപാദിപ്പിക്കപ്പെടുന്നത്, ഈ സാങ്കേതിക വിദ്യ എങ്ങനെയാണ് നിയന്ത്രിക്കപ്പെടുന്നത് എന്നത് ഒരു നിഗൂഢ രഹസ്യമായി അവശേഷിക്കുന്നു. ശാസ്ത്രജ്ഞൻമാർക്ക് ഇതിനു മുമ്പിൽ ഇതു വരെ പകച്ച് നിൽക്കാനേ കഴിഞ്ഞിട്ടുള്ളൂ.

ഡാർവീനിയൻ പരിണാമവാദക്കാരുടെ ശ്രദ്ധ ഈ അത്ഭുതകരമായ സാങ്കേതിക വിദ്യയിലേക്ക് നാം വിനയ പുരസ്സരം ക്ഷണിക്കുകയാണ്. ഈ വിദ്യ എങ്ങനെ രൂപപ്പെട്ടുവെന്ന് അവർ വിശദീകരിക്കട്ടെ. പ്രാണികളെ വീഴ്ത്താൻ ആവശ്യമായ സാമഗ്രികളും, ദഹനരസവുമടക്കം ഒരു മാംസഭോജിയായ സസ്യത്തെ സൃഷ്ടിച്ച അവസാനത്തെ വിജയകരമായ ശ്രമത്തിനു മുമ്പേ എത്ര പരാജിതമായ തലമുറകൾ കടന്നു പോയി. ഹരിതസസ്യങ്ങൾ അന്തിമമായി മാംസഭുക്കുകളായി രൂപാന്തരപ്പെടുന്നതിന് മുമ്പേ തികച്ചും വ്യത്യസ്തമായ ഈ ജീവിത ശൈലി അവലംബിക്കാൻ സാധ്യമല്ലായിരുന്നു. രണ്ടിന്റെയും വ്യത്യാസങ്ങൾ അളവറ്റതാണ്. മൃഗങ്ങളുടെ മാംസത്തിൽ നിന്നുള്ള പ്രോട്ടീനും എൻസൈമുകളു (ദീപന രസം)മടങ്ങിയ മാംസഭോജി സസ്യത്തിന്റെ ആഹാര ദഹന വ്യവസ്ഥിതി പ്രാവർത്തികമാകണമെങ്കിൽ ഹരിതസസ്യത്തിൽ നിന്ന് മാംസഭോജി സസ്യത്തിലേക്കുള്ള മാറ്റം പൂർണമാവേണ്ടതുണ്ട്. ഈയൊരു സാധാരണ ഗതിയിലുള്ള പരിണാമം സംഭവിക്കണമെങ്കിൽ പ്രകൃതിയുടെ തിരഞ്ഞെടുപ്പ് എന്ന ഡാർവീനിയൻ സിദ്ധാന്തപ്രകാരം എത്ര ദശലക്ഷം വർഷങ്ങൾ വേണ്ടി വരുമെന്നത് സങ്കൽപിക്കാൻ സാധ്യമല്ല.

അതൊരിക്കലും സംഭാവ്യമല്ല. കാരണം സാധാരണ ഹരിത സസ്യങ്ങൾ മാംസഭോജികളായി ഘട്ടംഘട്ടമായി രൂപാന്തരപ്പെട്ടുവെന്ന് സൂചിപ്പിക്കാൻ പോലും ഒരു പ്രകൃതി ശാസ്ത്രജ്ഞനും കഴിയുന്നില്ല. മാംസ ഭോജി സസ്യത്തിന്റെ പ്രവർത്തനം തുടങ്ങണമെങ്കിൽ അതിന്റെ പരിവർത്തനം പരിപൂർണമാകേണ്ടതുണ്ട്.

മാംസഭോജി സസ്യങ്ങൾ കുറച്ച് കുറച്ച്, ഒരു അവയവത്തിന് പിറകെ മറ്റൊരു അവയവം എന്ന നിലക്ക് അവയുടെ മാതൃസസ്യത്തിൽ നിന്ന് പരിണമിച്ചു വന്ന വഴിയെപ്പറ്റി വിശദീകരിക്കാൻ പ്രകൃതി ശാസ്ത്രജ്ഞൻമാർ നടത്തിയ ഉദ്യമങ്ങളെ പറ്റി നാം ഇതുവരെ പരാമർശിച്ചിട്ടില്ല. മാംസഭോജി സസ്യങ്ങളെ സൂക്ഷ്മ പരിശോധനക്ക് നാം വിധേയമാക്കുമ്പോൾ, ഏറ്റവും ചെറിയ പ്രാണികളെ ഭക്ഷിക്കുന്ന സസ്യങ്ങൾ പോലും ഒന്നിനോടൊന്ന് ബന്ധപ്പെട്ടിട്ടുള്ള അതിന്റെ അവയവങ്ങൾ നിരവധി വലിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നു. അത്രമാത്രം സങ്കീർണമാണവ. ഓരോ അവയവവും നിർദിഷ്ട ലക്ഷ്യത്തോടെ സൃഷ്ടിക്കുകയും അവയവ വ്യവസ്ഥയുടെ സമഗ്രതയിൽ സവിശേഷമായി രൂപകൽപന ചെയ്യപ്പെടുകയും വേണം.

അവസാനത്തേതും എന്നാൽ നിസ്സാരമല്ലാത്തതുമായ ഒരു കാര്യമെന്താണെന്നു വെച്ചാൽ, മാംസഭോജികളായ സസ്യങ്ങൾ തങ്ങളുടെ പൂർവികരായ ഹരിതസസ്യങ്ങൾ അവലംബിച്ചിരുന്ന ഏറ്റവും ലാഭകരമായ ജീവിതശൈലി എന്തുകൊണ്ട് ഉപേക്ഷിച്ചു കളഞ്ഞു? അവരാകട്ടെ പ്രകാശ സംശ്ലേഷണം വഴി നന്നായി സംരക്ഷിക്കപ്പെട്ടവരായിരുന്നു. അതിജീവന സമരത്തിന്റെ പ്രാരംഭത്തിൽ തന്നെ അവർക്ക് നൽകപ്പെട്ട മഹത്തായ ഒരു തുടക്കമായിരുന്നു അത്. അത് എന്തുകൊണ്ട് അവർ ഉപേക്ഷിച്ചു?

മാംസഭോജികളായ സസ്യങ്ങളെ അർഹതയുള്ളതിന്റെ അതിജീവന ഫലമാണെന്ന് വിധിയെഴുതാൻ സാധ്യമല്ല. കാരണം, ഡാർവീനിയൻ സിദ്ധാന്തത്തിലെ അർഹതയുള്ളതിന്റെ അതിജീവനം എന്ന തത്ത്വം അവർ വിവക്ഷിക്കുന്ന രീതിയിൽ മാംസഭോജി സസ്യത്തിന്റെ പരിണാമത്തിൽ യാതൊരു പങ്കും നിർവഹിച്ചിട്ടില്ല. പരിണാമവാദികൾ പറയുന്നത് പോലെ ആയിരുന്നുവെങ്കിൽ മുഴുവൻ വരണ്ട ഭൂമിയും ജല ആവാസ വ്യവസ്ഥിതിയും മാംസഭോജി സസ്യത്തിന്റെ ഒന്നാമത്തെ ആവാസ മേഖലയാകുമായിരുന്നു. വളരെ വ്യക്തമായും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് സൃഷ്ടിക്കപ്പെടുമ്പോൾത്തന്നെ അവ ഉചിതമായ അർഹതയോടുകൂടിയാണ് സൃഷ്ടിക്കപ്പെട്ടത് എന്നാണ്. ഈ അർഹതക്ക് ആ സസ്യത്തിന്റെ മുമ്പേയുള്ള പരിണാമചരിത്രത്തോടൊപ്പം വികസിച്ചു വന്നതാണെന്നതിന് യാതൊരു തെളിവും കാണാൻ സാധ്യമല്ല.

മറ്റൊന്ന് പരിണാമ സിദ്ധാന്തമനുസരിച്ച് എല്ലാ ജീവികളും സസ്യങ്ങളും തന്നെ പ്രതികൂലമായ പരിതഃസ്ഥിതിയിൽ നിന്ന് അനുകൂലമായ പരിതഃസ്ഥിതിയിലേക്ക് മാറുകയാണ് ചെയ്യുന്നത്. മറിച്ചുള്ള ഒരു മാറ്റത്തെ പറ്റി കേട്ടിട്ടില്ല. എന്നാൽ, പ്രകൃതിശാസ്ത്രജ്ഞൻമാരെ ഗൗരവമായെടുക്കുകയാണെങ്കിൽ, സൺഡ്യൂ. വീനസ് എന്നീ സസ്യങ്ങളുടെ ഈച്ച പിടിത്തം ഈ പ്രതിഭാസത്തിന് വിപരീതമായിട്ടുള്ളതാണ്.

ഒരു സൺഡ്യൂ സസ്യം (Sundew plant) ഒരു ചെളിക്കുളത്തിനരികെ തഴച്ച് വളരുകയാണെന്ന് സങ്കൽപിക്കുക. കുളത്തിന്റെ മദ്ധ്യഭാഗത്തേക്ക് വെറുപ്പോടെ തുറിച്ചു നോക്കിക്കൊണ്ടാണ് ആ കുളത്തിനരികിൽ സൺഡ്യൂ നിൽക്കുന്നത്. അത്രയും പ്രതികൂലമായ ഒരു കാലാവസ്ഥയിൽ ഒരു സസ്യത്തിനും ആ



സൺഡ്യൂ സസ്യം

കുളത്തിൽ വളരുവാൻ സാധ്യമല്ല. സൺഡ്യൂ സസ്യത്തിന് അദൃശ്യമായ ഒരു മസ്തിഷ്ക്കവും അതുപോലെ ഒരു കണ്ണും ചെളിക്കുളത്തിൽ നോക്കുന്ന കാലത്ത് ഉണ്ടായിരുന്നുവെന്ന് സങ്കൽപിക്കുക.

ആ അദൃശ്യമായ കണ്ണ് കൊണ്ട് സൺഡ്യൂ സസ്യം ചെളിക്കുളത്തിൽ നോക്കുകയാണെങ്കിൽ അത് പേടിച്ചരണ്ടു പോകുമായിരുന്നു. എന്നിട്ട് വേര് ചെളിക്കുളത്തിനടിയിൽ ആഴ്ന്നിറങ്ങിയില്ലെങ്കിൽ അവിടെ നിന്ന് ചാടിപ്പോകുക തന്നെ ചെയ്യുമായിരുന്നു. എന്നാൽ, പ്രകൃതിശാസ്ത്രജ്ഞൻമാർക്ക് തികച്ചും വ്യത്യസ്തമായ മറ്റൊരു വീക്ഷണമാണ് ഇക്കാര്യത്തിലുള്ളത്. അവരെ സംബന്ധിച്ചിടത്തോളം അതേ സൺഡ്യൂ സസ്യം തന്നെയായിരുന്നു ആ ചെളിക്കുളത്തിന്റെ തീരത്ത് ആരോഗ്യത്തോടെ വളർന്നത്. അത് പിന്നീട് ഒരു ഈച്ച പിടിത്തക്കാരനായി മാറുകയാണുണ്ടായത്. പ്രതികൂല കാലാവസ്ഥയിൽ ഒട്ടും നിരാശനാകാതെ തന്നെ സൺഡ്യൂ മാറുകയാണുണ്ടായതെന്നാണ് പ്രകൃതി ശാസ്ത്രജ്ഞൻമാർ പറയുന്നത്. മുൻകരുതൽ എന്ന നിലയിൽ അത് യാതൊരു സ്വഭാവ ഗുണവും ആർജ്ജിക്കാതിരിക്കെ, ഈ പുതിയ വെല്ലുവിളികളെ നേരിട്ടു കൊണ്ട് എങ്ങനെ അത് അവിടെ അതിജീവിച്ചു എന്നത് സങ്കൽപിക്കാനാവുന്നില്ല. ആ സസ്യം മണ്ണിൽ വളരുമ്പോൾത്തന്നെ മാംസഭോജിയാവാനുള്ള എല്ലാ തയ്യാറെടുപ്പുകളും ആർജിച്ചാൽ മാത്രമേ, വെള്ളത്തിൽ മാംസഭോജി സസ്യമായി വളരാൻ സാധ്യമാവൂ. ചെളിക്കുളത്തിലെ ആ ആവാസ വ്യവസ്ഥയിൽ നിന്ന് തികച്ചും വ്യത്യസ്തമായ മറ്റൊരു വ്യവസ്ഥിതിയിൽ ഈ പരിവർത്തനം നടക്കാതെ അതിന് ജലത്തിൽ ഒരു നിമിഷം പോലും ജീവിക്കുക സാധ്യമല്ല.

ശാസ്ത്രജ്ഞൻമാർ യുക്തിപൂർവം വിവേകത്തോടെ വിശദീകരിക്കേണ്ട ഒരു പ്രഹേളികയാണിത്. അതിൽ രണ്ട് പ്രധാന വസ്തുതകൾ മാത്രം ഇവിടെ രേഖപ്പെടുത്താം.

1) വീനസ് ഫ്ളൈട്രാപ് (Venus Flytrap Plant) സസ്യത്തിന്റെ മുൻഗാമിയായി ശാസ്ത്രജ്ഞൻമാർ കരുതുന്ന സൺഡ്യൂ സസ്യം സ്വയം തന്നെ ഒരു സമസ്യയാണ്. സാധാരണ ഏതെങ്കിലും ഒരു ഹരിത സസ്യത്തിൽ നിന്നുമാണ് വീനസ് സസ്യം പരിണമിച്ചുണ്ടായതെന്നതിന് സ്പഷ്ടമായ യാതൊരു തെളിവുമില്ല.

2) മണ്ണിൽ വെച്ച് തന്നെയായിരിക്കണം വീനസ് ഫ്ളൈ ട്രാപ്പ് അതിന്റെ സൂക്ഷ്മമായ സ്വഭാവഗുണങ്ങൾ, യാതൊരു വിധ പാരിസ്ഥിതിക സമ്മർദവുമില്ലാതെ രൂപാന്തരപ്പെടുത്തിയെടുത്തത്.

നാം ഇവിടെ വെച്ച് നിറുത്തുന്നു. ഇവിടെ നിന്ന് പ്രകൃതി ശാസ്ത്രജ്ഞൻമാർ ഈ വിഷയം കൈയേൽക്കുമെന്ന് പ്രതീക്ഷിക്കുന്നു. അവരുടെ വിശദീകരണം കേൾക്കാൻ നാം കാതോർത്തിരിക്കുകയാണ്.

നാമിവിടെ വീനസ് ഫ്ളൈട്രാപ് സസ്യത്തിന്റെ ഉദാഹരണം പ്രത്യേകമായെടുക്കാൻ കാരണം, അതിന് വളരെ ഉന്നതവും സങ്കീർണവുമായി രൂപകൽപന ചെയ്യപ്പെട്ടതും വൈദ്യുതിയാൽ പ്രവർത്തിക്കുന്നതുമായ ഒരു പ്രവർത്തന സംവിധാനമുണ്ട് എന്നത് കൊണ്ടാണ്. ഏറ്റവും ഉന്നതരായ ശാസ്ത്രജ്ഞൻമാർ വരെ അതിന്റെ രഹസ്യം മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു. മുകളിൽ വിവരിച്ചത് പോലെ വീനസ് ഫ്ളൈട്രാപ്പിന്റെ ഏറ്റവും പൂർണമായ രൂപം അതിന്റെ പൂർവ പിതാവ് എന്ന് വിളിക്കപ്പെടുന്ന സസ്യങ്ങളുടെ ഘടനയിൽ നിന്ന് തികച്ചും വിഭിന്നമാണ്. അതിനാൽ ഈയൊരു വൻ ശൂന്യത ഇല്ലാതാക്കാൻ എണ്ണമറ്റ പരിണാമത്തിന്റെ ഉചിതമായ കൊച്ചു കൊച്ചു പരിവർത്തനങ്ങൾ നിർദേശിക്കാൻ എന്തുകൊണ്ട് പ്രകൃതിശാസ്ത്രജ്ഞൻമാർക്ക് ശ്രമിച്ചു കൂടാ. ഈയൊരു വസ്തുതാപരമായ തെളിവിന്റെ അഭാവത്തിൽ ഇല്ലാത്ത ഒന്നിൻമേൽ പ്രകൃതി നിർദ്ധാരണം പ്രവർത്തിച്ചതായി സങ്കൽപിക്കാൻ സാധ്യമല്ല. പ്രകൃതി ശാസ്ത്രജ്ഞൻമാരുടെ ഈ തർക്ക വിതർക്കങ്ങളുടെ നിരർത്ഥകത തുറന്നു കാട്ടാൻ ഒന്നു കൂടി പറയട്ടെ, അവർ അസ്തിത്വമില്ലാത്ത മാതാവ് ജന്മം നൽകിയ കുഞ്ഞിൽ വിശ്വസിക്കുന്നു.ഇതാണ് പരിണാമത്തിന്റെ ചിത്രമെങ്കിൽ അർഹതയുള്ളതിന്റെ അതിജീവനം അർഥമാക്കുന്നതെന്താണ്? എന്ത് അതിജീവനം? ഏത് അർഹത? എവിടുത്തെ മത്സരം? ശാസ്ത്രജ്ഞൻമാർക്ക് അവർ സാധാരണയായി ചെയ്തു വരുന്ന തൊഴിലിലെ നൈതികത എന്നൊന്നുണ്ടെങ്കിൽ അവരുടെ ഈ നൈതികത എല്ലാ മാംസഭോജികളായ സസ്യങ്ങളിലും ആരോപിക്കട്ടെ. പ്രകൃതി നിർധാരണത്തിന്റേതായ മത്സരലോകത്ത് പ്രവേശിക്കുന്നതിന് മുമ്പേ മാംസ വേട്ടക്കുള്ള അവയവപരമായ എല്ലാ തയ്യാറെടുപ്പുകളോടും കൂടിയായിരിക്കും മാംസഭുക്കുകളായ സസ്യങ്ങൾ നിന്നിരുന്നത് എന്ന തത്ത്വമാണ് എല്ലാ മാംസഭുക്കുകളായ സസ്യങ്ങളിലും ആരോപിക്കേണ്ടത്. ഇതാണ് പ്രകൃതിയുടെ നിർധാരണമെങ്കിൽ പിന്നെ സാമാന്യ ബുദ്ധിയോടുള്ള കൊഞ്ഞനം കാട്ടൽ മറ്റെന്താണ്?

## അദൃശ്യത്തിന്റെ രഹസ്യം

– ഹദ്റത്ത് അഹ്മദ്(അ)

അല്ലാഹു എല്ലാ തിരശ്ശീലയും ഉയർത്തിക്കളയുകയും ഒരു കാര്യവും തന്നെ ഗോപ്യവും അദൃശ്യവുമോ ആകാതിരിക്കുകയും മരണപ്പെട്ടവർ തിരിച്ചു വന്ന് സ്വർഗവും നരകവുമെല്ലാം സത്യമാണെന്ന് നേരിട്ട് വിവരിക്കുകയും ചെയ്യുകയാണെങ്കിൽ പറയുക, നിരീശ്വര വാദികളും ബിംബാരാധകരുമായി ഈ ലോകത്ത് ആരെങ്കിലും അവശേഷിക്കുമായിരുന്നോ? ഉദാഹരണത്തിന് ഈ പ്രദേശത്ത് തന്നെയുള്ള ഏതാനും മരണപ്പെട്ട ആളുകൾ തിരിച്ചു വന്നു കൊണ്ട് സത്യാവസ്ഥകൾ വിവരിക്കുകയും അവർ തങ്ങളുടെ പേരക്കുട്ടികൾക്കും ബന്ധുക്കൾക്കുമെല്ലാം കാര്യങ്ങൾ വിശദീകരിച്ചു കൊടുക്കുകയും ചെയ്തുവെന്ന് കരുതുക. എങ്കിൽ ഒരൊറ്റ സത്യനിഷേധിയും ഉണ്ടാകുമായിരുന്നോ? ഒരിക്കലുമില്ല. അല്ലാഹു തഅല അങ്ങനെ സംഭവിക്കാൻ ആഗ്രഹിച്ചിട്ടില്ല. സൂര്യനെ സംബന്ധിച്ച് ആരെങ്കിലും അത് ഉള്ളതാണെന്നും അത് പ്രകാശം നൽകുന്നുവെന്നും ഞാൻ വിശ്വസിക്കുന്നുവെന്ന് പറഞ്ഞാൽ ആ വിശ്വാസത്താൽ എന്തെങ്കിലും പ്രതിഫലം നേടാൻ അവനു സാധിക്കുമോ? ഒട്ടും സാധ്യമല്ല. അപ്രകാരം അല്ലാഹു ഈമാനെ വൈശിഷ്ട്യവത്ക്കരിക്കുന്നതിനും സൽക്കർമ്മങ്ങൾക്ക് പ്രതിഫലം നൽകുന്നതിനും വേണ്ടി ചില കാര്യങ്ങൾ ഗോപ്യമാക്കിവെക്കാൻ ഇഷ്ടപ്പെടുകയുണ്ടായി. അത്മുഖേന ജ്ഞാനികൾക്ക് സൗഭാഗ്യം സിദ്ധിക്കുകയും അവിവേകികൾ ഹതഭാഗ്യരാവുകയും ചെയ്യുന്നു.

യഥാർഥവും യുക്തി ഭദ്രവുമല്ലാത്ത ഒരു വിശ്വാസകാര്യവും ഇല്ലതന്നെ. ആ അദൃശ്യതയിൽ അത്യുന്നത യുക്തി അടങ്ങിയുട്ടുണ്ട്. ഞാനിപ്പോൾ പറഞ്ഞതു പോലെ ഒന്നും മറഞ്ഞിരിക്കാതെ എല്ലാം ദൃഷ്ടിഗോചരമായിത്തീരുകയും പ്രതിഫലനാളിന്റെ അവസ്ഥയും ദൈവപ്രീതിയെക്കുറിച്ചുള്ള വിവരങ്ങളും പ്രത്യക്ഷമാവുകയും ചെയ്യുകയാണെങ്കിൽ സൽക്കർമം സൽക്കർമമല്ലാതായിത്തീരുന്ന താണ്. അതിനൊരു വിലയും ഉണ്ടായിരിക്കില്ല. ദൃഷ്ടി ഗോചരവും സ്പർശനവേദ്യവുമായ വസ്തുക്കളിൽ വിശ്വസിക്കുന്നത് മൂലം ഒരു പ്രതിഫലവും ലഭിക്കുകയുയില്ല. മസ്ജിദിലോ വൃക്ഷത്തിലോ സൂര്യനിലോ വിശ്വസിക്കുകയും അവയുടെ അസ്തിത്വം അംഗീകരിക്കുകയും ചെയ്യുന്നവൻ ഏതെങ്കിലും പ്രതിഫലത്തിന് അർഹത നേടുന്നില്ല. പക്ഷേ അഗോചരമായതിനെ അപഗ്രഥിച്ചു കൊണ്ട് അതിൽ വിശ്വാസം കൊള്ളുന്നവൻ നിസ്സംശ്ശയം സ്തുത്യർഹമായ പ്രവർത്തിചെയ്യുന്നവനായി ഗണിക്കപ്പെടുന്നതാണ്. അയാൾ പുകഴ്ത്തപ്പെടാനും പ്രശംസിക്കപ്പെടാനും യോഗ്യതയാർജിക്കുന്നു. എല്ലാം തീർത്തും ദൃശ്യമായി തീർന്നാൽ പിന്നെന്താണുള്ളത്. (മൽഫൂസാത്ത് വാ. 3, പേ. 147)

# യേശു വിവാഹിതനോ?

മനുഷ്യൻ കിടിലം കൊള്ളുന്ന മഹാ പീഡനങ്ങൾ ദൈവത്തിന് വേണ്ടി ഏറ്റുവാങ്ങിയ ഉജ്ജ്വലതേജസ്സ്വിയായ പ്രവാചകനാണ് യേശു. ജനനം മുതൽ മരണം വരെ ആയിരക്കണക്കിന് തിരസ്ക്കരണികൾക്കൊണ്ട് യേശുവിന്റെ ജീവിതം ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. യേശുവിന്റെ പേരിൽ ക്രിസ്തുസഭ അടിച്ചേൽപ്പിക്കപ്പെട്ട വിശ്വാസശാഠ്യങ്ങളാണ് യേശുവിനെ ഇന്നും സത്യത്തിനും ചരിത്രത്തിനും അപ്രാപ്യമായ കേവലമൊരു പൂജാബിംബമാക്കി മാറ്റിയത്. ബൈബിൾ വചനങ്ങളും മറ്റു ചരിത്ര വസ്തുതകളും അടിസ്ഥാനമാക്കി യേശുവിന്റെ അപ്രകാശിത ജീവിതത്തിലേക്ക് വെളിച്ചം വീശുന്ന ലേഖനം. എ. ആർ മലബാരി രചിച്ച A MAN THAT IS CALLED JESUS എന്ന പുസ്തകത്തിൽ നിന്ന്.

എ. ആർ. മലബാരി

വിജന ശൂന്യമായ ജൂദിയായിൽ നിന്ന് ഗലീലിയയിൽ മടങ്ങിയെത്തിയ യേശു ഏറെക്കഴിയുന്നതിന് മുമ്പ് കാനാ സന്ദർശിച്ചു. നസറേത്തിൽ നിന്ന് ഏതാനും മൈൽ വടക്ക് സ്ഥിതിചെയ്യുന്ന ഗ്രാമമാണ് കാന. യേശുവിന്റെ മാതാവ് ഈ ഗ്രാമനിവാസിയായിരുന്നു. തന്റെ ഭർത്താവിന്റെ മരണാനന്തരം ഏതാനും വർഷങ്ങൾ കഴിഞ്ഞ് അവർ ഈ ഗ്രാമത്തിൽ തിരിച്ചെത്തി അവിടെ സ്ഥിരവാസമാരംഭിച്ചു. മിക്കവാറും യേശു തന്റെ ആശാരിപണിപ്പുര അടച്ച്പൂട്ടി പുതിയ ദൈവപ്രേഷിത പ്രവർത്തനങ്ങൾ ആരംഭിച്ചതിന് ശേഷമായിരിക്കാം ഈ താമസമാറ്റം എന്നാണ് ഏണസ്റ്റ് റൈനാന്റെ അഭിപ്രായം. ജോസഫിൽ ആറോ ഏഴോ കുട്ടികൾ ജനിക്കത്തക്ക വിധം ഒരു ദീർഘകാലം മറിയയും ജോസഫും കൂടിക്കഴിഞ്ഞെങ്കിലും ഈ ദാമ്പത്യ ജീവിതകാലത്തെ കുറിച്ച് സുവിശേഷകാരന്മാർ തന്ത്രപരമായ മൗനം പാലിച്ചു. അക്കാലത്തെ മറിയയുടെ ജീവിതത്തെ കുറിച്ച് പോലും ബൈബിളിൽ പരാമർശമില്ല. മറിയയുമായുള്ള ജോസഫിന്റെ വിവാഹത്തെക്കുറിച്ചും യേശുവിന്റെ ജനനാന്തരമുള്ള ഈജിപ്ത് പ്രയാണത്തെക്കുറിച്ചും പെസഹാ ആഘോഷങ്ങൾക്കായുള്ള ജെറുസലേം യാത്രയെക്കുറിച്ചും ഹ്രസ്വമായി ഒന്ന് പരാമർശിച്ചതിന് ശേഷം സുവിശേഷം ജോസഫിനെ ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്. മൂന്നോ നാലോ തവണ മറിയം സുവിശേഷങ്ങളിൽ ഒന്ന് മിന്നിമറയുന്നത് കാണാം. യേശുവിനെ നായകനാക്കിയുള്ള നോവലെഴുത്തുകാരും യേശുവിനെ സംബന്ധിച്ച് മറ്റു രചനകൾ നടത്തിയ ആളുകളിൽ പലരും തങ്ങൾ യേശുവിന്റെ കുടുംബത്തെ വർഷങ്ങളായി അറിയുന്നവരാണ് എന്ന മട്ടിൽ അദ്ദേഹത്തിന്റെ സ്വകാര്യവും സാമൂഹ്യവുമായ ജീവിതരംഗങ്ങളെക്കുറിച്ച് ആയിരക്കണക്കിന് വാല്യങ്ങൾ പണിപ്പെട്ട് എഴുതിക്കൂട്ടിയിട്ടുണ്ട്. ഈ വിവരണങ്ങളത്രയും എലായിടത്തുമുള്ള ചർച്ചിൽ പോവുന്ന വിശ്വാസികൾ ശുദ്ധമായ ചരിത്ര വസ്തുതകളായിട്ടാണ് കാണുന്നത്. അത്തരത്തിലുള്ള സർവാണിസദ്യയാണ് ഇക്കാലത്ത് പോലും ക്രിസ്ത്യൻ വിശ്വാസികൾ വയർ നിറയെ ഭക്ഷിക്കുന്നത്.

വെള്ളം വീഞ്ഞാക്കിമാറ്റിയ ആദ്യത്തെ അത്ഭുതം യേശു കാനായിൽവെച്ചായിരുന്നു പ്രദർശിപ്പിച്ചത്. യേശുവിന് കാനാ ദേശം നഥനയേൽ എന്ന ഒരു ശിഷ്യനേയും സമ്മാനിച്ചിരുന്നു. നാലാം സുവിശേഷമായ യോഹന്നാൻ (1:45) സുവിശേഷത്തിലൊഴികെ സമാനസുവിശേഷങ്ങൾ* എന്നറിയപ്പെടുന്ന മറ്റു മൂന്നു സുവിശേഷങ്ങളിലും പ്രവർത്തി പുസ്തകങ്ങളിലും യേശുവിന്റെ ശിഷ്യനായി നഥനയേലിനെ എണ്ണിയിട്ടില്ല. നഥനയേലിന്റെ അഭാവത്തിന് പകരം സമാന സുവിശേഷങ്ങളിലും (മത്തായി മാർക്കോസ്, ലൂക്കോസ്) പ്രവർത്തി പുസ്തക

ങ്ങളിലും ബാർത്തലോമ എന്ന ശിഷ്യന്റെ പേരാണ് കാണുന്നത്. പന്ത്രണ്ട് ശിഷ്യന്മാരിൽ ഒരാളായ ബർത്തലോമ, നഥനയേൽ എന്നീ ശിഷ്യന്മാർ ഒഴിവാക്കപ്പെടുമ്പോഴും ഫിലിപ്പോസ് എന്ന ശിഷ്യൻ മാറ്റമില്ലാതെ സുവിശേഷങ്ങൾ പ്രതിപാതിക്കുന്നതിനാൽ പല പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നത് പരാമർശിച്ച 'രണ്ട് ശിഷ്യന്മാരും' ഒരാൾ തന്നെയാകാനാണ് സാദ്ധ്യത എന്നാണ്.

നഥനയേലിനെ സംബന്ധിച്ച് ഒരു കാര്യം വളരെ ശ്രദ്ധേയമാണ്. അദ്ദേഹം യേശുവിനെക്കുറിച്ച് ആദ്യം കേട്ടപ്പോൾ നീരസത്തോടെ ചോദിച്ചത്. ***'നസ്റേത്തിൽ നിന്ന് എന്തെങ്കിലും നന്മവരുമോ?'*** എന്നാണ്. എതാനും നിമിഷം കഴിഞ്ഞ് അദ്ദേഹം യേശുവിനെ കണ്ടു മുട്ടിയപ്പോൾ നഥനയേൽ പറഞ്ഞത് ***'റബ്ബീ നീ ദൈവത്തിന്റെ പുത്രനാണ്! നീ ഇസ്രയേലിന്റെ രാജാവാണ്.'*** (യോഹ: 1:49) എന്നാണ്. യേശുവിനെ ദർശിച്ച മാത്രയിൽ തികച്ചും അവിചാരിതവും പൊടുന്നനെയും നഥനയേലിൽ സംഭവിച്ച സമൂലമായ ആത്മീയ പരിവർത്തനം യേശുവിനെ തന്നെ അത്ഭുതപ്പെടുത്തി. ബൈബിൾ പറയുന്നു: ***നഥനയേൽ തന്റെ അടുക്കലേക്ക് വരുന്നത് കണ്ട യേശു അയാളെ പറ്റി പറഞ്ഞു: 'ഇതാ ഒരു യഥാർത്ഥ ഇസ്റായേൽക്കാരൻ ഇയാളിൽ വഞ്ചനയില്ല.' നഥനയേൽ അവനോട് ചോദിച്ചു: 'നീ എന്നെ എങ്ങനെ അറിയും?' (യോഹ: 1:48)*** യേശു പറഞ്ഞു: ***'ഫിലിപ്പോസ് നിന്നെ വിളിക്കും മുമ്പ് നീ അത്തിമരത്തിന്റെ ചുവട്ടിൽ ഇരുന്നപ്പോൾ, നിന്നെ ഞാൻ കണ്ടു.' നഥനേയലിന്റെ നേരെ തിരിഞ്ഞ് യേശു ചോദിച്ചു: '........ അത്തിമരത്തിന്റെ ചുവട്ടിൽ നിന്നെ കണ്ടുവെന്ന് ഞാൻ പറഞ്ഞത് കൊണ്ടാണോ നീ വിശ്വസിക്കുന്നത്?' (യോഹ: 1:50)*** ഒറ്റനോട്ടത്തിൽ തന്നെ യേശുവിന്റെ ദിവ്യത്വവും രാജത്വവും അറിയാൻ മാത്രം മനഃശ്ശാസ്ത്രപരമായ ഒരു അന്തർദൃഷ്ടി നഥനയേലിന് എങ്ങനെ ലഭിച്ചു എന്ന് നമുക്ക് ഊഹിക്കാൻ സാധിക്കുന്നില്ല. ഇത് നഥനയേലിന് എങ്ങനെ കഴിഞ്ഞു എന്ന് യേശുവിനും ഊഹിക്കാൻ കഴിഞ്ഞിട്ടില്ല എന്നും വ്യക്തമാണ്.

യേശുവും തന്റെ അനുചരന്മാരും ക്ഷണിക്കപ്പെട്ട കാനായിലെ വിവാഹവിരുന്നിൽ പങ്കുകൊള്ളാൻ എന്തുകൊണ്ട് പോയി. യേശു ആ വിവാഹവീട്ടിലെത്തുന്നതിന് മുമ്പേ തന്നെ യേശുവിന്റെ മാതാവ് മറിയ അവിടെ ഉണ്ടായിരുന്നു. മാത്രമല്ല അവർ വിവാഹത്തിന് എത്തിയ അതിഥികളെ സ്വീകരിച്ചും സത്ക്കരിച്ചും ഭക്ഷണം വിളമ്പിയും അതിഥികളുടെ ക്ഷേമ കാര്യങ്ങൾ അന്വേഷിച്ചും മേൽനോട്ടം വഹിച്ച് വിവാഹത്തിൽ സജീവയായി നിലകൊണ്ടു. വിവാഹത്തിന് എത്തിച്ചേർന്ന അതിഥി എന്നതിലുപരി തന്റെ സ്വന്തം ഗൃഹത്തിൽ നടക്കുന്ന ഒരു ചടങ്ങ് എന്ന നിലയിൽ അവർ അതിൽ താൽപര്യം കാണിക്കുന്നതായി കാണാം. വസ്തുതയെന്തെന്നാൽ മറിയക്ക് വളർന്ന് പ്രായപൂർത്തിയായ ആൺമക്കളുണ്ടായിരുന്നു. അവരെല്ലാം അവിവാഹിതരുമായിരുന്നു. അതുകൊണ്ട് പല വിമർശക നിരൂപകന്മാരും എത്തിച്ചേരുന്ന നിഗമനം എല്ലാ സാദ്ധ്യതകളും വെച്ചുനോക്കുമ്പോൾ വിവാഹത്തിലെ വരൻ മറിയമിന്റെ മൂത്തമകനായ യേശുവല്ലാതെ മറ്റാരുമായിരുന്നില്ല എന്നാണ്. മറിയയുടെ ആൺ മക്കളുടെ പിതാവ് ജീവിച്ചിരുന്നില്ല. അവരുടെ വിവാഹത്തിന്റെ ഉത്തരവാദിത്വം മുഴുവനും സ്വാഭാവികമായും മാതാവിലാണ് വന്നുചേരുക. അതിനാൽ മറിയം വളരെയേറെ താൽപര്യം കാണിച്ച ആ വിവാഹം അവരുടെ മൂത്തമകൻ യേശുവിന്റേത് തന്നെയാണ് എന്ന് കരുതുന്നതിൽ അക്ഷേപാർഹമായി യാതൊന്നുമില്ല.

## യേശു യഥാർഥത്തിൽ വിവാഹിതനായിരുന്നോ?

എന്തായിരുന്നാലും യേശു ദൈവമാണെന്ന വിശ്വാസം ബാധിച്ചിട്ടുള്ളവർക്ക് അദ്ദേഹം ഒരു കളത്രത്തെ പരിഗ്രഹിച്ചു എന്ന് പറയുമ്പോൾ നീരസം ഉണ്ടാകുന്നു. വാസ്തവത്തിൽ ഒരാൾ വിവാഹിതനായി എന്ന് കരുതുന്നതിൽ യാതൊരു യുക്തി ഭംഗമോ ധർമഭ്രംശമോ ഇല്ല. എല്ലാറ്റിനുമുപരിയായി യേശു ദൈവപുത്രനാണ് എന്നത് പോലെ മനുഷ്യ പുത്രനും ആണെന്നും മാനുഷികവും ദൈവികവുമായ പുത്രത്വം യേശുവിൽ അവിഭാജ്യമായും അന്യൂനമായും അഗോചരമായും ലയിപ്പിക്കപ്പെട്ടിരിക്കുന്നു എന്നാണല്ലോ ക്രിസ്ത്യാനികളുടെ അടിസ്ഥാന വിശ്വാസം. എന്തായാലും ഈ രണ്ട് പുത്രത്വത്തിന്റെയും യഥാർഥ മാതാവായി വർത്തിക്കുന്നത് ആശാരിയായ ജോസഫിന്റെ ഭാര്യ മറിയമാണ്. ദൈവ പുത്രനായ യേശുവിന് മനുഷ്യ പുത്രനായ യേശുവിൽ നിന്ന് ഭിന്നയായ ഒരു മാതാവുണ്ടായിരുന്നില്ല. ജിവശാസ്ത്രപരമായും ശരീര ശാസ്ത്രപരമായും മറ്റുസ്ത്രീകളിൽ നിന്ന് യാതൊരു വ്യത്യാസവുമില്ലാത്ത ഒരു സ്ത്രീക്ക് ദൈവപുത്രനെ ഗർഭം ധരിച്ച് പ്രസവിക്കാമെങ്കിൽ അങ്ങനെ ജനിച്ച പുത്രന് ഒരു സ്ത്രീയെ

---

**സമാന സുവിശേഷങ്ങൾ** (Synoptic Gospels): മത്തായി, മാർക്കോസ്, ലൂക്കോസ് എന്നീ മൂന്ന് സുവിശേഷങ്ങളെയാണ് സമാനസുവിശേഷങ്ങൾ എന്ന് വിളിക്കുന്നത്. പ്രധാന സംഭവങ്ങൾ രേഖപ്പെടുത്തിയതിൽ ഈ മൂന്നു സുവിശേഷങ്ങളും വളരെയേറെ സാമ്യതയുള്ളത് കൊണ്ടാണ് ഇങ്ങനെ വിശേഷിപ്പിക്കപ്പെടുന്നത്. യോഹന്നാൻ സുവിശേഷം ഇതിൽപ്പെടുന്നില്ല. സിനോപ്റ്റിക്ക് എന്ന ഗ്രീക്ക് പദത്തിന്നർത്ഥം Syn= ഒരുമിച്ച് optic= കാണുന്നു സമാന രീതിയിൽ കാണപ്പെടുന്നത് എന്നർത്ഥം. (വിവ:)

ഭാര്യയായി സ്വീകരിക്കാനുള്ള ആവശ്യം എന്തുകൊണ്ട് ഉണ്ടായിക്കൂടാ എന്ന സ്വാഭാവികമായ ചോദ്യം ഇവിടെ ഉടലെടുക്കുന്നു. ദൈവപുത്രൻ ഒരു മനുഷ്യസ്ത്രീയുടെ അമലവും അനർഘവുമായ ഗർഭാശയത്തിലൂടെയാണ് ഈ ലോകത്ത് പ്രത്യക്ഷപ്പെട്ടത് എന്നാണ് ക്രിസ്തീയ വിശ്വാസം. അങ്ങനെ ജനിച്ച പുത്രൻ പ്രായ പൂർത്തിയായപ്പോൾ ഒരു ജീവിതസഖിയെ കണ്ടെത്തി ഭാര്യയായി സ്വീകരിച്ചു എന്ന് പറയുന്നത് പ്രസ്തുത വിശ്വാസത്തേക്കാൾ വലിയ ഒരു ദൈവനിന്ദയൊന്നുമല്ല. വൈകാരികത വിശിഷ്യാ മതപരമായ വൈകാരികത ഒരിക്കലും യുക്തിസഹമായിരിക്കണമെന്നില്ല.

ഒരു കാര്യം തീർച്ചയാണ്. യേശു വിവാഹിതനായിരുവെന്നതിന് വ്യക്തവും അനിഷേധ്യവുമായ തെളിവുകളൊന്നും നമുക്ക് ലഭിച്ചിട്ടില്ല. അപ്രകാരം യേശു എന്ന വ്യക്തിയുടെ അസ്തിത്വത്തെ സംബന്ധിക്കുന്ന തെളിവുകളും നമ്മുടെ കൈകളിലില്ല. അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ച് പറയുമ്പോൾ സാദ്ധ്യതകളും സംഭവ്യതകളും മാത്രമാണ് നമ്മെ നയിക്കുന്ന ചൂണ്ടുപലകകൾ. തീർച്ചയായും അദ്ദേഹം വിവാഹിതനായിരുന്നു എന്നതിന് അത്തരം സാദ്ധ്യതകളുടെ തെളിവുകളും വസ്തുതകളും ധാരാളമുണ്ട്. എല്ലാറ്റിന്നുമുപരിയായി ജീവിതത്തിന്റെ നിസ്തുല ഭോഗങ്ങളെല്ലാം ആസ്വദിക്കാൻ, അരോഗദൃഢഗാത്രനായിരുന്നു യേശു എന്ന് ന്യായമായും നമുക്ക് കരുതാവുന്നതാണ്. വിവാഹം പാവനമായ ഒരു വ്യവസ്ഥയാണെന്ന് കരുതുക മാത്രമല്ല മനുഷ്യന്റെ ധാർമികവും സാമൂഹികവുമായ ഉന്നമനത്തിന് വിവാഹജീവിതം അവിവാഹിത ജീവിതത്തേക്കാൾ പ്രയോജനകരമായ ഒരു സ്വഭാവിക മാർഗമായി അംഗീകരിക്കുകയും അതിനെ ആദരിക്കുകയും ചെയ്തിരുന്ന ഒരു സമൂഹത്തിലാണ് യേശു ജിവിച്ചത്. ആ സമൂഹത്തിലെ ഓജസ്സാർന്ന ഒരു പുരുഷനായിരുന്നു യേശു. ജീവിതം അനുഭവ സമ്പന്നമാക്കുന്നതും തന്റെ അനുയായികൾക്ക് ഉത്തമമാതൃക പ്രദാനം ചെയ്യുന്നതുമായ ഉദാത്ത അനുഭവങ്ങളിൽ നിന്ന് ജീവിതാന്ത്യം വരെ സ്വയം വിട്ടു നിന്നു എന്നത് നമുക്ക് എങ്ങനെ അംഗീകരിക്കാനാവും? വിവാഹ ജീവിതമാകട്ടെ തന്റെ ജീവിതത്തെ സ്വയം സമൃദ്ധമായി പുഷ്ക്കലമാക്കുക മാത്രമല്ല ശിഷ്യഗണങ്ങൾക്ക് ഒരു ഭർത്താവ് എന്ന നിലക്ക് ഏറ്റവും പ്രായോഗിക മാതൃക നൽകാൻ കഴിയുന്ന ഒന്നുമാണ്. വൈവാഹിക ജീവിതത്തെ അപ്രസക്തമാക്കുന്ന എന്തെങ്കിലും ലൈംഗിക ന്യൂനതകളോ, സ്ത്രീവിരുദ്ധ മനോനിലയോ, ഷണ്ഡത്വമോ യേശുവിനുള്ളതായി അറിയില്ല. അദ്ദേഹത്തിന്റെ ശാരീരിക യോഗ്യത സംബന്ധിച്ച് ലോക പ്രശസ്തനായ സുവിശേഷകൻ ബില്ലിഗ്രഹാം പറഞ്ഞത് ***'ലോകം കണ്ടതിൽ വെച്ചേറ്റവും സമ്പൂർണമായ കായിക ശേഷിയുള്ള ആൾ എന്നാണ്. ഇപ്പോഴുള്ളത് പോലെ കായിക മത്സരങ്ങൾ അന്ന് സംഘടിപ്പിക്കുകയായിരുന്നെങ്കിൽ അദ്ദേഹം എക്കാലത്തേയും ഏറ്റവും നല്ല കായിക താരമായിമാറുമായിരുന്നു'*** എന്നായിരുന്നു. അത്യന്തം നാടകീയമായി സുവിശേഷം പ്രഘോഷിക്കുന്ന നമ്മുടെ കാലത്തെ പ്രഥമസ്ഥാനീയനായ സുവിശേഷകാണ് ഗ്രഹാം. യേശുവിനെ സംബന്ധിച്ച നാടകീയ അവതരണങ്ങൾക്ക് അദ്ദേഹം വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. പക്ഷേ ആ നാടകീയ അവതരണങ്ങളൊന്നും തന്നെ യേശുവിന്റെ ശാരീരിക ആരോഗ്യത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ സത്യസന്ധമായ നിരീക്ഷണത്തിന് ഒരു കുറവും വരുത്തിയിട്ടില്ല. എതായാലും അക്കാലത്തെ ജനങ്ങളുടെ ഭ്രമമായിരുന്ന ഒളിംബിക്ക് പോലെയുള്ള മത്സര പരിപാടികളിൽ ഏതെങ്കിലും ഒരു ഇനത്തിൽ യേശു തന്റെ പേര് നൽകിയിട്ടില്ല. സ്പോർട്സിനെ പറ്റി ആധുനിക കാലത്ത് എത്ര തന്നെ പൊലിപ്പിച്ച് പറഞ്ഞാലും വാസ്തവത്തിൽ കായിക മത്സരവുമായി ബന്ധപ്പെട്ട് യേശുവിന്റെ നാമം പറയുന്നത് ബാലിശമോ അപ്രസക്തമോ ആയിരിക്കാം. അതിനേക്കാളുപരി യേശുവിന്റെ കായിക ശേഷി ലോകം കണ്ടതിൽ വെച്ചേറ്റവും തികവാർന്നതായിരുന്നാലും ശരി കാൽ പന്ത്കളി അന്നുണ്ടായിരുന്നെങ്കിൽ ഫുട്ബോൾ താരം പീലെക്കെതിരെ യേശുവിന് ഒരു ഗോൾ നേടുവാനാകുമോ എന്ന് സംശയിക്കുന്ന സന്ദേഹികളുമുണ്ട്. അതവിടെയിരിക്കട്ടെ, യേശു തന്റെ കാലത്തെ അരോഗദൃഢഗാത്രനും ഓജസ്സാർന്നവനുമായ ഒരു തച്ചനായിരിക്കെ അദ്ദേഹത്തിന്റെ സമുദായത്തിലെ വിവാഹപ്രായമെത്തിയ യുവതികളുടെ നിരവധി വധൂപിതാക്കന്മാർ വിവാഹാലോചനകളുമായി അദ്ദേഹത്തെ സമീപിച്ചിട്ടുണ്ടാകാം.

നമുക്ക് മറ്റൊരു പ്രധാനപ്പെട്ട വിഷയത്തെ പറ്റി വിചിന്തനം ചെയ്യാനുണ്ട്. യേശുവിന് മുമ്പ് കാലഗതിയടഞ്ഞ എല്ലാ പ്രവാചകന്മാരെ സംബന്ധിച്ചും നമുക്ക് കിട്ടിയ വിവരമനുസരിച്ച് അവരെല്ലാം വിവാഹിതരാണെന്ന് മാത്രമല്ല അവരിൽ ബഹുഭൂരിപക്ഷവും ബഹുഭാര്യാത്വം സ്വീകരിച്ചവരുമായിരുന്നു. പ്രത്യേകിച്ച് പാരമ്പര്യം കൊണ്ടും ദൗത്യം കൊണ്ടും യേശുവിന് കടപ്പാടുള്ള ജേക്കബ്, മോസസ്, ദാവീദ് എന്നീ മൂന്ന് പ്രവാചകന്മാരും ബഹുപത്നിമാരുടെ പതികളാണ്. ജേക്കബിന്റെ ഗൃഹത്തിന്റെ മേലുള്ള നിയമം കൊണ്ടും മോശയുടെ നിയമം പൂർത്തീകരിക്കാനും യേശു ദാവീദിന്റെ സന്താന പരമ്പരയിൽ നിന്നാണ് വന്നതെന്ന് നാം കണ്ടു. യേശുവിന്റെ പൂർവ പിതാക്കന്മാരുടെ ഈ രാജപരമ്പരയിൽ ദാവീദ് ചിത്രീകരിക്കപ്പെട്ടത് അന്തപുര സ്ത്രീകളുടെ വലിയൊരു സഞ്ചയ

**ശേഷം പേജ് 34 ൽ**

# ആരായിരുന്നു മഗ്ദലന മറിയം?

മഗ്ദലന മറിയം യേശുവിന്റെ പ്രിയപ്പെട്ട ശിഷ്യയും ധർമ പത്നിയുമാണെന്നതിന് ബൈബിൾ ശക്തമായ സൂചനകൾ നൽകുന്നു. തിരസ്കൃത സുവിശേഷങ്ങളും ഈയ്യിടെ ലഭിച്ച പാപ്പിറസും യേശുവിന്റെ ദാമ്പത്യത്തിലേക്ക് തന്നെയാണ് വിരൽചൂണ്ടുന്നത്. സഭയിൽ ഉന്നത സ്ഥാനമുണ്ടായിരുന്ന മഗ്ദലന മറിയത്തെ പുരുഷ മേധാവിത്വമുള്ള സഭ അനഭിമതയായി ചിത്രീകരിക്കുകയായിരുന്നു. മഗ്ദലന പശ്ചാത്തപിച്ച പാപിനിയാണെന്ന ആശയം കേരളത്തിൽ പ്രബലമാക്കിയത് മഹാകവി വള്ളത്തോളിന്റെ 'മഗ്ദലന മറിയം' എന്ന ഖണ്ഡകാവ്യമാണ്.

**എ. എം. മുഹമ്മദ് സലീം**

നിഗൂഢതകളുടെ പരസഹസ്രം തിരസ്ക്കരണികൾക്കുള്ളിൽ ദൈവപുത്ര പരിവേഷത്തിൽ ഇതിഹാസ രൂപിയായി നിൽക്കുന്ന യേശു വിവാദങ്ങളുടെ നിത്യഹരിത നായകനാണ്. യേശു വിവാഹിതനായിരുന്നു എന്ന് ബൈബിൾ ശക്തമായ സുചനകൾ നൽകുന്നു. പുരാരേഖകളുടെ അടിസ്ഥാനത്തിലുള്ള പുതിയ വെളിപ്പെടുത്തലുകളും അതിലേക്ക് തന്നെ വിരൽ ചൂണ്ടുന്നു. വിശ്വാസത്തിന്റെ സങ്കൽപ്പ സൗധത്തിൽ വിഗ്രഹവത്ക്കരിച്ച് പ്രതിഷ്ഠിച്ച ക്രിസ്തുവിലേക്ക് ചരിത്രകാരൻ തെളിവുകളുടെ സർച്ച് ലൈറ്റുമായി വെളിച്ചം പായിക്കുമ്പോൾ വാതായനങ്ങൾ കൊട്ടിയടക്കുന്ന വത്തിക്കാൻ യേശുവുമായുള്ള മഗ്ദലനയുടെ നിതാന്ത നിസ്തുല സ്നേഹബന്ധത്തിന്റെ പുതിയ വെളിപ്പെടുത്തലിനു മുമ്പിലും അത് ആവർത്തിക്കുകയുണ്ടായി.

ആരായിരുന്നു മഗ്ദലനക്കാരി മറിയം? അവർക്ക് യേശുവുമായുള്ള ബന്ധം എന്തായിരുന്നു? യേശുവിന്റെ അപ്പോസ്തല ശിഷ്യന്മാർപോലും ഭയന്നോടിയ ഭീഭത്സമായ ആ പരീക്ഷണഘട്ടങ്ങളിൽ അദ്ദേഹത്തെ നിഴൽ പോലെ പിന്തുടരുന്ന മഗ്ദലന മറിയം വാസ്തവത്തിൽ ആരായിരുന്നു.? അപകീർത്തികരമായ ഒരു പൂർവ പശ്ചാത്തലത്തിൽ ക്രൈസ്തവ സാഹിത്യം തമസ്ക്കരിച്ചിട്ടും മഗ്ദലനയുടെ ഉജ്ജ്വല വ്യക്തിത്വത്തിന്റെ ധാവള്യം എല്ലാ തിരസ്ക്കരണികളെയും ഭേദിച്ച് പുറത്ത് വരികയാണ്.

### മഗ്ദലന മറിയം ബൈബിളിൽ


പുതിയ നിയമത്തിലെ നാല് കാനോനിക സുവിശേഷങ്ങളിലും മഗ്ദലന മറിയം പ്രത്യക്ഷപ്പെടുന്നുണ്ട്. ബൈബിൾ വിവരിക്കുന്ന യേശുവിന്റെ ജീവിതത്തിലെല്ലാം മഗ്ദലനയുടെ സാന്നിദ്ധ്യമുണ്ട്. 12 തവണ അവരെക്കുറിച്ച് പുതിയ നിയമം പ്രതിപാദിക്കുന്നു. ലൂക്കോസ് 8:2-3ൽ അവർ അപ്പോസ്തല സംഘത്തോടൊപ്പം സ്ഥിരമായി യേശുവിന്റെ ദൗത്യയാത്രകളിൽ പങ്കെടുത്തിരുന്നതായി സൂചിപ്പിക്കുന്നു. യേശുവിന്റെ അനുയായി വൃന്ദത്തിൽ ഏറ്റവും കൂടുതൽ അറിയപ്പെട്ടിരുന്ന ശിഷ്യയായിരുന്നു മഗ്ദലനക്കാരി മറിയം. കാനോനിക സുവിശേഷങ്ങളിൽ നാലെണ്ണത്തിലും കാനോനികമല്ലാത്ത അപ്പോക്രിഫാ സുവിശേഷങ്ങളിലും മഗ്ദലനയെ പറ്റി പ്രതിപാദനമുണ്ട്. ക്രിസ്തു സഭ ഔദ്യോഗികമായി അംഗീകരിച്ച സുവിശേഷമാണ് കാനോനിക സുവിശേഷങ്ങൾ. സഭ തള്ളിയ സുവിശേഷങ്ങളാണ് അപ്പോക്രിഫാ സുവിശേഷങ്ങളെന്ന് പറയുന്നത്. സഭ ചോദ്യം ചെയ്യപ്പെടാതെ അംഗീകരിച്ചു എന്നതല്ലാതെ ചരിത്ര

പരമായി ഇരു സുവിശേഷങ്ങൾക്കും ഒരേ ആധികാരികതയാണുള്ളത്. അപ്പോക്രിഫാ ഇനത്തിൽപെട്ട സുവിശേഷങ്ങളാണ് യേശുവിനെ പറ്റിയുള്ള ഔദ്യോഗിക നിലപാടുകളെ വെല്ലുവിളിച്ചുകൊണ്ട് ഇടക്കിടെ വാർത്തകൾ സൃഷ്ടിക്കുന്നത്. ഗലീലി കടലിനടുത്തുള്ള മഗ്ദലന എന്ന ഗ്രാമത്തിൽ ജനിച്ചവളായത്കൊണ്ടാണ് മറിയക്ക് ആ പേര് വന്നതെന്ന് പറയപ്പെടുന്നു. ഹിബ്രുവിൽ Migdal എന്നാണ് ഉച്ചാരണം. അതിന് ഗോപുരം, കോട്ട എന്നൊക്കെയാണ് അർഥം. അറാമിക് ഭാഷയിലും ഗോപുരം, ഉന്നതമായ സ്ഥലം, മഹത്വരം എന്നൊക്കയാണ് അർഥം. നാല് സുവിശേഷങ്ങളിലും പ്രതിപാദിക്കപ്പെടുന്ന മഗ്ദലന മറിയം യേശുവിന്റെ കൊടിയ പീഢനകാലത്ത് മറ്റെല്ലാ പുരുഷ ശിഷ്യന്മാരും യേശുവിനെ കൈയൊഴിഞ്ഞപ്പോഴും അദ്ദേഹത്തെ ഒരു നിഴൽപോലെ പിന്തുടരുന്നത് കാണാം. യേശുവിന്റെ ക്രൂശീകരണ വേളയിൽ കാൽപ്പാദത്തിനരികെയിരുന്നവരുടെ പേര് വിവരിക്കുന്നതിൽ ആദ്യത്തെയാൾ മഗ്ദലനയാണ്, കല്ലറയിലെ ശുശ്രൂഷ, കല്ലറ ശൂന്യമാകൽ, പിന്നീട് ക്രിസ്തുവിന്റെ പ്രത്യക്ഷനാകൽ തുടങ്ങി ക്രൈസ്തവ മുക്തി ശാസ്ത്രത്തിലെ നിർണായക സംഭവ പരമ്പരകൾക്കെല്ലാം സാക്ഷ്യം വഹിച്ചത് മഗ്ദലനയാണ്. യേശുവുമായുള്ള അവരുടെ അഗാധ സ്നേഹം വെളിപ്പെടുത്തുന്നതാണ് ഈ ബൈബിൾ വാക്യങ്ങൾ. യേശുവുമായുള്ള അടുപ്പം കാരണം ആദിമ ക്രിസ്തു സഭയിൽ മഗ്ദലനക്ക് അപ്പോസ്തല പദവിയാണുണ്ടായിരുന്നത്. എങ്കിലും മഗ്ദലന മനം മാറ്റം വന്ന പാപിനിയായിട്ടാണ് ക്രിസ്തീയ സാഹിത്യങ്ങളിൽ വിവരിക്കപ്പെട്ടു കാണുന്നത്. അവരെ പറ്റിയുള്ള ക്രിസ്തീയ കലാ രചനകളിലും ശരീര ചിത്രീകരണങ്ങളിലും മാംസ ബദ്ധമായ ഒരു മാനം കാണാവുന്നതാണ്. സഭക്ക് അധികാരവും പുരുഷ മേധാവിത്വവും മേൽകൈ നേടിയപ്പോൾ സ്ത്രീ വിരുദ്ധമായ നിലപാടും മനോഭാവവും വളർത്തിക്കൊണ്ടുവരുവാൻ സഭയിൽ ആസൂത്രിത ശ്രമമുണ്ടായി. ബ്രഹ്മചര്യത്തിന് പ്രോത്സാഹനവും വൈവാഹിക ലൈംഗികത പോലും പാപമാണെന്നുമുള്ള പ്രചാരണം ശക്തിപ്പെടുകയും ചെയ്തു. ഒരു പക്ഷേ മഗ്ദലന മറിയത്തിന് ക്രിസ്തു ശിഷ്യന്മാർക്കിടയിലുണ്ടായിരുന്ന സമുന്നത പദവി ഇകഴ്ത്തിക്കാട്ടാൻ പുരുഷ മേധാവിത്വത്തിലധിഷ്ഠിതമായ സഭയുടെ ആദ്ധ്യാത്മിക ശ്രേണി ബോധപൂർവം ഇങ്ങനെയൊരു ശ്രമം നടത്തിയതാവാം. കത്തോലിക്കാ സഭയിലെ പ്രഗല്ഭ സുവിശേഷ വ്യാഖ്യാതാവായിരുന്ന പോപ്പ് ഗ്രിഗറിയാണ് എ .ഡി 591 ൽ മഗ്ദലന മറിയത്തിന്റെ പരിശുദ്ധ വ്യക്തിത്വത്തിന് നേരെ കരിനിഴൽ വീഴ്ത്തിയത്. അദ്ദേഹം മഗ്ദലനയെ ഒരു വേശ്യയും പാപിനിയുമായി ചിത്രീകരിച്ചു.

സഭക്ക് അധികാരവും പുരുഷ മേധാവിത്വവും മേൽകൈ നേടിയപ്പോൾ സ്ത്രീ വിരുദ്ധമായ നിലപാടും മനോഭാവവും വളർത്തി ക്കൊണ്ടുവരുവാൻ സഭയിൽ ആസൂത്രിത ശ്രമമുണ്ടായി. ബ്രഹ്മചര്യത്തിന് പ്രോത്സാഹനവും വൈവാഹിക ലൈംഗികത പോലും പാപമാണെന്നുമുള്ള പ്രചാരണം ശക്തിപ്പെടുകയും ചെയ്തു. ഒരു പക്ഷേ മഗ്ദലന മറിയത്തിന് ക്രിസ്തു ശിഷ്യന്മാർക്കിടയിലുണ്ടായിരുന്ന സമുന്നത പദവി ഇകഴ്ത്തിക്കാട്ടാൻ പുരുഷ മേധാവിത്വത്തിലധിഷ്ഠിതമായ സഭയുടെ ആദ്ധ്യാത്മിക ശ്രേണി ബോധപൂർവം ഇങ്ങനെയൊരു ശ്രമം നടത്തിയതാവാം.

## മഗ്ദലന പാപിനിയായ സ്ത്രീയല്ല

മഗ്ദലന മറിയയെ വേശ്യായി ചിത്രീകരിക്കാൻ നിദാനമായ ബൈബിൾ വാക്യം ലൂക്കോസ് 7: 36-50 വരെയുള്ള വചനങ്ങളിൽ കാണാം. ഫരിസിയനായ ഒരുവൻ യേശുവിനെ തന്റെ വീട്ടിലേക്ക് ഭക്ഷണം കഴിക്കാൻ ക്ഷണിക്കുകയുണ്ടായി. അവിടെ നഗരത്തിലെ പാപിനിയായ ഒരു സ്ത്രീ വന്നു യേശുവിന്റെ പാദങ്ങൾ കണ്ണുനീർ കൊണ്ട് കഴുകുകയും തലമുടി കൊണ്ട് പാദം തുടക്കുകയും യേശുവിന്റെ തൃപ്പാദങ്ങളിൽ ചുംബിക്കുകയും സുഗന്ധതൈലം പൂശുകയും ചെയ്തു. പാപിനിയായ ഈ സ്ത്രീ യേശുവിനെ ഉപചരിച്ചതിൽ ആതിഥേയനായ ഫരിസേയൻ അതൃപ്തി പ്രകടിപ്പിച്ചതായി ബൈബിളിൽ കാണാം..*‘ഇവൻ (യേശു) ഒരു പ്രവാചകൻ ആയിരുന്നെങ്കിൽ, തന്നെ സ്പർശിച്ച സ്ത്രീ ആരാണെന്നും എങ്ങനെയുള്ളവൾ എന്നും അറിഞ്ഞേനെ.ഇവൾ ഒരു പാപിനിയാണല്ലോ’(ലൂക്കോസ് 7:* **39-40)** വാസ്തവത്തിൽ ഈ സ്ത്രീ മഗ്ദലന ആയിരുന്നില്ല, അപ്പോൾ യേശു ആ സ്ത്രീയെ സമാശ്വസിപ്പിക്കുകയും എതിർപ്പ് പ്രകടിപ്പിച്ചവരുടെ മുമ്പിൽ വെച്ച് അവൾ ചെയ്ത പ്രവർത്തിയെ പ്രശംസിക്കുകയും ചെയ്തു. പിന്നീട് യേശു അവിടെ നിന്നും യാത്രയായി. നഗരത്തിലെ പാപിനിയായ ഈ സ്ത്രീയുടെ വിവരണത്തെ തുടർന്നുള്ള വചനങ്ങളിലാണ് മഗ്ദലനയെക്കുറിച്ചുള്ള പരാമർശം. **‘അശുദ്ധാത്മാക്കളിൽ നിന്നും രോഗങ്ങളിൽനിന്നും വിമുക്തമായ കുറേസ്ത്രീകളും കൂടെയുണ്ടായിരുന്നു. മഗ്ദലനക്കാരി എന്ന് വിളിക്കപ്പെടുന്ന മറിയം, ഇവളിൽ നിന്നാണ് ഏഴു പിശാചുക്കൾ പുറത്ത് പോയത് (ലൂക്കോസ് 8:1-3)’** ഈ വചനത്തിൽ മഗ്ദലന പാപിനിയാണെന്ന



മഹാകവി വള്ളത്തോൾ

ഒരു പരാമർശം പോലുമില്ല. മേൽ പറഞ്ഞ ഫരിസിയന്റെ വീട്ടിൽ വന്ന പാശ്ചാത്താപ വിവശയായ പാപിനിയായ സ്ത്രീ മഗ്ദലനക്കാരി മറിയം അല്ല. അത് മറ്റൊരു സ്ത്രീയാണെന്ന് വളരെ വ്യക്തമാണ്. നഗരവാസിയും പാപിനിയുമായ ആ സ്ത്രീയെ മഗ്ദലനക്കാരി മറിയമുമായി സാമ്യപ്പെടുത്തിയാണ് അവരിൽ പാപം ആരോപിക്കുന്നത്. അല്ലാതെ ബൈബിൾ വചനങ്ങളിൽ നിന്നും അവർ ഒരിക്കലും പാപിയാണെന്ന് തെളിയിക്കാൻ സാദ്ധ്യമല്ല. പിശാചിനെ പുറത്താക്കിയ പരാമർശമാണ് മഗ്ദലനയെ പാപിനിയായി ചിത്രീകരിക്കാനുള്ള സാഹചര്യമൊരുക്കിയത്. അക്കാലത്ത് രോഗം ബാധിക്കുന്നത് ദുരാത്മാക്കൾ കൂടുന്നത് കൊണ്ടാണെന്നാണ് പരക്കെയുള്ള വിശ്വാസം എന്നത് പ്രസ്തുത ബൈബിൾ വചനത്തിൽ നിന്ന് തന്നെ വ്യക്തമാണ്. മറിയയിൽ കുടികൊണ്ട പിശാച് എന്നത് അവർക്കുണ്ടായിരുന്ന വല്ല രോഗവുമായിരിക്കണം. ഈ പിശാച് മഗ്ദലനയിലുള്ള സദാചാര വീഴ്ച്ചയും ചാരിത്ര്യ ഭംഗവുമാണെന്ന് 6–ാം നൂറ്റാണ്ടിൽ ജീവിച്ച പോപ്പ് ഗ്രിഗറി വ്യാഖ്യാനിച്ചുകളഞ്ഞു.

## വള്ളത്തോളും 'മഗ്ദലന മറിയയും'

പോപ്പ് ഗ്രിഗറിയുടെ ഈ വ്യാഖ്യാനത്തിന് ശേഷം മഗ്ദലന മറിയം പാപിനിയും വേശ്യയുമാണെന്ന് ചിത്രീകരിച്ച് കൊണ്ട് നിരവധി എഴുത്തുകാരും കലാകാരന്മാരും കവികളും ഇരുപതാം നൂറ്റാണ്ടുവരെ രചനകളിലേർപ്പെട്ടു. നിക്കോസ് കസാന്ദ് സാക്കീസിന്റെ 'ദ ലാസ്റ്റ് ടെംപ്റ്റേഷൻ ഓഫ് ക്രൈസ്റ്റ് 'ലും, മെൽ ഗിബ്സന്റെ 'പാഷൻ ഓഫ് ക്രൈസ്റ്റിലും' ജോസ് സറമോഗോസിന്റെ ' ദ ഗോസ്പൽ എക്കോർഡിംങ്ങ് റ്റു ജീസസ് ക്രൈസ്റ്റ് 'ലും മഗ്ദലനയുടെ ഈ ഭാവം കാണാം. നമ്മുടെ മലയാളത്തിലെ മഹാകവി വള്ളത്തോളെഴുതിയ മനോഹരമായ കവിതയുടെ പേര് തന്നെ **'മഗ്ദലന മറിയം അഥവാ പശ്ചാത്താപം പ്രായശ്ചിത്തം'** എന്നാണ്. ഈ കവിതയിൽ മറിയയുടെ ചിത്രീകരണം പരിവർത്തിതയായ പാപിനി എന്നനിലക്കായിരുന്നു. വൃന്ദാവനത്തിലെ രാധയുമായുള്ള സമാഗമനം പോലെയാണ് വള്ളത്തോൾ മറിയയും ക്രിസ്തുവുമായുള്ള കണ്ടുമുട്ടൽ അവതരിപ്പിക്കുന്നത്. കുമാരനാശാന്റെ കരുണ എന്ന കവിതയിലെ ഉപഗുപ്തൻ എന്ന ബുദ്ധ മുനിയിൽ അനുരക്തയായ വാസവദത്ത എന്ന അഭിസാരിണിയുടെ ജീവിതത്തെ അനുസ്മരിപ്പിക്കുന്ന രീതിയിലാണ് വള്ളത്തോൾ മഗ്ദലന മറിയയെ അവതരിപ്പിച്ചത്. മലയാളികളുടെ മനസ്സിൽ വിശുദ്ധ മഗ്ദലന പൂർവ ജീവിതത്തിൽ ഒരു അഭിസാരിണിയാണെന്ന ഭാവന ഉണ്ടാവാൻ വള്ളത്തോളിന്റെ ഈ കവിത സാരമായ പങ്കാണ് വഹിച്ചത്. മഗ്ദലന മറിയയുടെ മാദക സൗന്ദര്യം വർണിച്ചുകൊണ്ടാണ് **'മഗ്ദലന മറിയം'** തുടങ്ങുന്നത് കവിതയിലെ ഏതാനും വരികൾ ഇപ്രകാരമാണ്.

താഴെത്തേക്കെന്തിത്ര സൂക്ഷിച്ചു നോക്കുന്നു

താരകളെ നിങ്ങൾ നിശ്ചലമായ്

നിങ്ങൾ തൻ കൂട്ടത്തിൽ നിന്നിപ്പോൾ ആരാനും

ബന്ധമാർന്നൂഴിയിൽ വീണു പോയോ......

ആരും തിരിഞ്ഞു നോക്കാത്തൊരാ കുടിൽ

പൂരുഷന്മാർക്കൊക്കെ പൂമേടയായ്

കെട്ടമാർഗ്ഗത്തിൽ നടന്ന നിൻ കാലിച്ചളി

മൃഷ്ടമായല്ലോ നിൻ കണ്ണീരാൽ താൻ

കൃസ്തുവാം കൃഷ്ണന്റെ ധർമ്മോപദേശമാം

നിസ്തുല കോമള വേണുഗാനം

ഏതോസ്വനഗ്രാഹി യന്ത്രത്തിൽ

നിന്നാവിർഭൂതമായ് തൻ ചെവിപൂകിയാറി

വൃന്ദാവനത്തിലെ മാൻപേടപോലെ

നിഷ്പന്ദമായ് നിന്നു മുഹൂർത്തമവൾ

ഇന്നലെ നാം കണ്ട തേവിടിപെണ്ണല്ല

ഇന്നിവൾ ചാരിത്ര ചാരുമുഖീ.

ഒറ്റനാൾ കൊണ്ടാകെ മാറിമറിഞ്ഞിവൾ

മറ്റൊരു ജന്മം ജനിച്ചപോലായ്

***(മഗ്ദലന മറിയം- വള്ളത്തോൾ)***

## ആ മറിയം മഗ്ദലന മറിയം അല്ല

ബൈബിൾ യോഹന്നാനിൽ 8: 1–11 വരെ വചനങ്ങളിൽ വ്യഭിചാരത്തിന് പിടിക്കപ്പെട്ട് ജനങ്ങൾ കല്ലെറിഞ്ഞുകൊല്ലാൻ കൊണ്ടുപോകുകയായിരുന്ന ഒരു സ്ത്രീയെ രക്ഷപ്പെടുത്തിയ വിവരണം കാണാം. പാപം ചെയ്യാത്തവൻ കല്ലെറിയട്ടെ എന്ന് പറഞ്ഞ് കൊണ്ട് ആ സ്ത്രീയെ യേശു അവിടെ നിന്ന് രക്ഷപ്പെടുത്തി. ഈ സ്ത്രീയെ യാതൊരു തെളിവുമില്ലാതെ മഗ്ദലന മറിയമായി അവതരിപ്പിക്കുന്നു. 1969ൽ പോൾ ആറാമൻ മാർപ്പാപ്പയുടെ പേപ്പസിക്കാലത്ത് ബൈബിൾ ലൂക്കോസിന്റെ സുവിശേഷത്തിൽ വിവരിച്ച പാപിനിയായ

വളിൽ നിന്നും ബഥനിയക്കാരി മറിയയിൽ നിന്നും വേർതിരിച്ചു പ്രഖ്യാപനം നടത്തുകയുണ്ടായി. പക്ഷേ മഗ്ദലന മറിയയെ അപകീർത്തിപ്പെടുത്തുന്ന പോപ്പ് ഗ്രിഗറിയുടെ പരാമർശത്തെ ഖണ്ഡിച്ചിട്ടില്ല. എങ്കിലും ഈ വിളംബരത്തിന് ശേഷമാണ് മഗ്ദലനയുടെ അനഭിമതത്വത്തിന് ക്രിസ്തു സഭയിൽ ശമനം വന്നത്.

മറ്റൊന്ന് ബൈബിൾ പുതിയ നിയമത്തിലുള്ള ഒരു പ്രശ്നമാണ്. പുതിയ നിയമത്തിൽ മറിയ എന്ന് പേരുള്ള കഥാപാത്രങ്ങളെക്കൊണ്ടുള്ള ബാഹുല്യം കാണാം. മഗ്ദലനക്കാരി മറിയം, യേശുവിന്റെ മാതാവ് മറിയം, ലാസറിന്റെയും മാർത്തയുടെയും സഹോദരി ബഥനിയക്കാരി മറിയം, ജെയിംസിന്റെ (യാക്കോബ്) യും യോസയുടെയും മാതാവ് മറിയം (ഇത്, യേശുവിന്റെ മാതാവ് തന്നെയാണെന്നും പറയപ്പെടുന്നു) ക്ലോപ്പാസിന്റെ മാതാവ് മറിയം, പുതിയ നിയമം റോമക്കാർ 16:6ൽ വിവരിക്കുന്ന മറിയം. ഈ മറിയമാരിൽ വ്യക്തമായ ഐഡന്റിറ്റിയില്ലാതെയുള്ള ബൈബിൾ പരാമർശങ്ങൾ ഉണ്ടാക്കുന്ന ആശയക്കുഴപ്പങ്ങൾ ബൈബിൾ പരായണത്തിലനുഭവപ്പെടും. മഗ്ദലന മറിയമിനെ പാപിനിയായി ചിത്രീകരിക്കാനുള്ള ഒരു കാരണം ഇതായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

## തിരസ്കൃത സുവിശേഷങ്ങളിൽ

ഔദ്യോഗികമായി അംഗീകരിക്കാത്തതും കനോനീകരിക്കാത്തതും പരസ്യ വായനക്ക് ഉപയോഗിക്കാത്തതുമായ ഒളിപ്പിച്ചുവെച്ച ബൈബിളിനെ യാണ് അപ്പോക്രിഫാ ബൈബിൾ എന്ന് പറയുന്നത്. ഒളിച്ചുവെച്ചത് എന്നാണ് അപ്പോക്രിഫാ എന്ന ഗ്രീക്ക് പദം കൊണ്ട് ഉദ്ദേശിക്കുന്നത്. 1896 ൽ ഈജിപ്തിൽ നിന്ന് കണ്ടെടുത്തതും കാനോനികമല്ലാത്തതുമായ അപോക്രിഫ ഇനത്തിൽപെട്ട സുവിശേഷമാണ് 'മറിയയുടെ സുവിശേഷം' (Gospel Of Mary). ബെർലിനിൽ സൂക്ഷിക്കപ്പെടുന്നതിനാൽ ബെർലിൻ കോഡക്സ് (Berlin Codex) എന്നും ഇത് അറിയപ്പെടുന്നു. അഞ്ചാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട പാപ്പിറസ് പുരാരേഖയാണിത്. തന്റെ ശിഷ്യന്മാരുമായി നടത്തുന്ന ചോദ്യോത്തരങ്ങളാണ് മറിയയുടെ സുവിശേഷത്തിലെ പ്രതിപാദ്യം. അതിൽ മറിയ ആശ്വാസത്തിന്റെയും പ്രോത്സാഹനത്തിന്റേയും വചനങ്ങൾ ആണ് സംസാരിക്കുന്നത്. രക്ഷകനിൽ നിന്ന് മറിയക്ക് ലഭിച്ച സവിശേഷമായ അറിവ് തങ്ങളുമായി പങ്കുവെക്കാൻ പത്രോസ് ഇതിൽ മറിയയോട് ആവശ്യപ്പെടുന്നുണ്ട്. അതിപ്രകരമാണ്. ***പത്രോസ് മറിയയോട് പറഞ്ഞു: ' സഹോദരീ, മറ്റെല്ലാ സ്ത്രീകളെക്കാളും രക്ഷകൻ നിന്നെ സ്നേഹിച്ചതായി ഞങ്ങൾക്കറിയാം. രക്ഷകൻ പറഞ്ഞു തന്നതും നിനക്ക് ഓർമയുള്ളതുമായ വചനങ്ങൾ നീ ഞങ്ങൾക്ക് പറഞ്ഞു തരിക. നിനക്ക് അതറിയാം. ഞങ്ങൾക്കതറിയില്ല. ഞങ്ങളത് കേട്ടതുമില്ല. '***

പത്രോസിന്റെ ഈ അഭ്യർഥനയോട് മറിയ പ്രതികരിക്കുകയുണ്ടായി. ദർശനത്തെ പറ്റി രക്ഷകനും മറിയയും തമ്മിൽ നടന്ന ഒരു സംഭാഷണം മറിയ ഓർത്ത് പറഞ്ഞു.

***മറിയ പറഞ്ഞു: ' ഞാൻ രക്ഷകനെ ഒരു ദർശനത്തിൽ കണ്ടു. ഞാൻ അവനോട് പറഞ്ഞു: 'കർത്താവേ ഇന്ന് ഞാൻ നിന്നെ ഒരു ദർശനത്തിൽ കണ്ടു.' അവൻ മറുപടിയായി കൊണ്ട് എന്നോട് പറഞ്ഞു: ' എന്റെ കൺമുമ്പിൽ വെച്ച് നീ ചാഞ്ചാടരുത്. എവിടെയാണോ മനസ്സുള്ളത് അവിടെ ഒരു നിധിയുണ്ട്. ഞാൻ രക്ഷകനോട് പറഞ്ഞു: 'കർത്താവേ ഒരു ദർശനം കാണുന്ന ഒരാൾ ഇപ്പോൾ അത് കാണുന്നത് ആത്മാവിലൂടെയോ അതോ മനസ്സിലൂടെയോ?'***

ഈ സംഭാഷണത്തിന് ശേഷമുള്ള നാല് പേജുകൾ നഷ്ടപ്പെട്ടു പോയിരിക്കുന്നു. ഈ സംഭാഷണത്തിൽ യേശു ഗ്നോസ്റ്റിക് ശൈലിയിൽ (നിഗൂഢജ്ഞാന മാർഗം) ആത്മീയ കാര്യങ്ങളാണ് പഠിപ്പിക്കുന്നത്. പക്ഷേ മഗ്ദലനയുടെ ഈ വിവരണത്തോട് മറ്റു ശിഷ്യന്മാർ വിയോജിക്കുന്നു. മറിയ സുവിശേഷം തുടരുന്നു. ***അന്ത്രയോസ് ഇത് കേട്ട് മറ്റുള്ളവരോടായി പറഞ്ഞു: 'അവൾ പറഞ്ഞതിനോട് നിങ്ങൾ എന്താണ് വിചാരിക്കുന്നത്? രക്ഷകൻ ഇങ്ങനെ പറഞ്ഞതായി ഞാൻ വിശ്വസിക്കുന്നില്ല. ഈ അദ്ധ്യാപനങ്ങൾ തീർച്ചയായും മറ്റു ആശയങ്ങളെ സംബന്ധിച്ചുള്ളതായിരിക്കും.'***

***പത്രോസും ഇപ്പറഞ്ഞതുമായി അവളോട് വിയോജിച്ചു. എന്നിട്ട് അവളോട് ചോദിച്ചു; 'രക്ഷകൻ ഞങ്ങളെ വിട്ട് പരസ്യമായിട്ടല്ലാതെ ഒരു സ്ത്രീയുമായി രഹസ്യത്തിൽ സംസാരിച്ചുവോ? നാം പിന്തിരിഞ്ഞ് എല്ലാം അവളിൽ നിന്ന് കേൾക്കണമോ? നമുക്കായി രക്ഷകൻ അവളെയാണോ ഇഷ്ടപ്പെട്ടത്?***

ഈ വചനങ്ങളിൽ നിന്നും മറ്റുള്ളവരെ പഠിപ്പിക്കാൻ മഗ്ദലന മറിയയെയാണ് യേശു തിരഞ്ഞെടുത്തത് എന്ന സൂചനയുണ്ട്.

1945 ൽ ഈജിപ്തിലെ നാഗ് ഹമ്മാദിയിൽ നിന്ന് കണ്ടെടുത്ത തോമസിന്റെ സുവിശേഷത്തിലും മഗ്ദലന മറിയയെക്കുറിച്ച് പരാമർശമുണ്ട്. കൂടുതൽ നിഗൂഢജ്ഞാന




ഡോ. കാരൻ എൽ. കിങ്

മാർഗത്തിൽ (ഗ്നോസ്റ്റിക്ക്) എഴുതപ്പെട്ട സുവിശേഷം എന്നാണ് തോമസ് സുവിശേഷം അറിയപ്പെടുന്നത്. കേരളത്തിലേക്ക് വന്ന സെന്റ് തോമസിന്റെ പേരിലാണ് ഈ സുവിശേഷം അറിയപ്പെടുന്നത്. മഗ്ദലനക്ക് പുരുഷന്മാർക്ക് സമമായ സ്ഥാനം നൽകി ആദരിക്കുന്നുണ്ട്. തോമസിന്റെ സുവിശേഷം പറയുന്നു. ***'ശീമോൻ പത്രോസ് അവരോട് പറഞ്ഞു: മറിയം നമുക്കിടയിൽ നിന്ന് പോകട്ടെ. എന്തെന്നാൽ സ്ത്രീകൾ ജീവന് അർഹതയില്ലാത്തവരാകുന്നു. യേശു പറഞ്ഞു: കണ്ടാലും അവളെ ഞാൻ പൗരുഷത്തിലേക്ക് നയിക്കും. നിങ്ങൾ പുരുഷന്മാരെപ്പോലെ അവളും ജീവിക്കുന്ന ആത്മാവാകാൻ വേണ്ടിയാണത്. എന്തെന്നാൽ സ്വയം പുരുഷനാക്കി മാറ്റുന്ന എല്ലാ സ്ത്രീയും ദൈവരാജ്യത്തിൽ പ്രവേശിക്കും' (തോമായുടെ സുവിശേഷം 114 വാക്യം)***

## പുതിയ വെളിപ്പെടുത്തൽ

2012 സെപ്തംബർ 18ന് ഹാർഡ്‌വാർഡ് ഡിവിനിറ്റി സ്കൂളിലെ ചരിത്ര പ്രൊഫസറായ കാരൻ എൽ. കിങ്ങിന്റേതായിരുന്നു ഈ വെളിപ്പെടുത്തൽ. നാലാം നൂറ്റാണ്ടിൽ കോപ്റ്റിക്ക് ഭാഷയിലെഴുതപ്പെട്ട ഒരു പാപ്പിറസ് ലിഖിതത്തെ അടിസ്ഥാനമാക്കിയാണ് പ്രൊഫ: കാരൻ ക്രിസ്തീയ ലോകത്ത് വിവാദക്കൊടുങ്കാറ്റുയർത്തിയ പ്രസ്താവന നടത്തിയത്. മഗ്ദലന മറിയം യേശുവിന്റെ തമസ്ക്കരിക്കപ്പെട്ട ഭാര്യയാണെന്ന പ്രമേയത്തെ ആധാരമാക്കി ഡാൻ ബ്രൗൺ രചിച്ച 'ഡാവിഞ്ചി കോഡ്' എന്ന നോവലിന് ശേഷം ഇത് ക്രിസ്തീയ ലോകത്തെ പിടിച്ചുലക്കുന്ന വാർത്തയായി തീരുകയുണ്ടായി.

റോമിൽ ചേർന്ന 'ഇന്റർനാഷണൽ കോൺഗ്രസ്സ് ഫോർ കോപ്റ്റിക്ക് സ്റ്റഡീസി'ലെ സമ്മേളന വേദിയിലായിരുന്നു കാരൻ എൽ കിങ്ങ് ഈ വെളിപ്പെടുത്തൽ നടത്തിയത്. പുതിയ സുവിശേഷങ്ങളെ സംബന്ധിച്ച് പുസ്തകങ്ങളെഴുതിയ ഡോ. കിങ്ങ്, 33 വാക്കുകളടങ്ങിയ എട്ട് വരികളോടുകൂടിയ ഒരു വിസിറ്റിങ്ങ് കാർഡിന്റെയത്ര വലിപ്പമുള്ള പാപ്പിറസ് ശകലമാണ് അവരുടെ പുതിയ വാദത്തിനുള്ള രേഖയായി സമർപ്പിച്ചത്. അതിൽ ചില വരികളുടെ ചില ഭാഗങ്ങൾ മാത്രമാണ് വ്യക്തമായി കാണുന്നത്. ബാക്കി മാഞ്ഞു പോയിരിക്കുന്നു. രണ്ടാം നൂറ്റാണ്ടിൽ എഴുതപെട്ട ഈ പാപ്പിറസിന്റെ കാലപ്പഴക്കം വിദഗ്ധന്മാർ അംഗീകരിച്ചിട്ടുണ്ട്. വിവാദത്തിലെ നിർണായക വചനം ഇതാണ്. **'യേശു അവരോട് പറഞ്ഞു, എന്റെ ഭാര്യ ...'**.. അതിന് തൊട്ട് ശേഷമുള്ള വരിയിൽ **'അവൾക്ക് എന്റെ ശിഷ്യയാവാൻ കഴിയും....'**എന്നും കാണുന്നു. യേശു വിവാഹിതനും മഗ്ദലന യേശുവിന്റെ ഭാര്യയാണെന്നുള്ളതിനും ബൈബിൾ വചനങ്ങളിലെ സാഹചര്യത്തെളിവുകളായിരുന്നു ഇത്വരെ പണ്ഡിതന്മാർ തെളിവായി സ്വീകരിച്ചിരുന്നത്. ഉദാഹരണമായി സാധാരണയിൽ കവിഞ്ഞ യേശുവുമായുള്ള മഗ്ദലനയുടെ അഗാധ സ്നേഹം വെളിപ്പെടുത്തുന്ന ബൈബിൾ വിവരണങ്ങൾ, കാനായിലെ യേശുവും മാതാവും നേതൃത്വം കൊടുത്ത് വെള്ളം വീഞ്ഞാക്കിയ കല്യാണം മുതലായവ. കാനോനിക സുവിശേഷങ്ങളോളം ആധികാരികതയുള്ള കോപ്റ്റിക്ക് ഭാഷയിലെഴുതിയ ഈ പാപ്പിറസ് ലിഖിതം വ്യക്തമായും യേശു തന്റെ ഭാര്യയെ അഭിസംബോധന ചെയ്യുന്നതായാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. ഒരു സ്വകാര്യ പുരാവസ്തു ശേഖരത്തിന്റെ ഉടമയിൽനിന്ന് 2011 ലാണ് ഡോ. കിങ്ങ് അത് ഡിവിനിറ്റി സ്കൂളിൽ കൊണ്ടുവരുന്നത്. പിന്നീട് അവരതിന്റെ ആധികാരികതയുടെ സ്ഥിരീകരണത്തിനായി ന്യുയോർക്കിലേക്ക് കൊണ്ടുവരുകയും ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിലെ പാപിറോളജിയിൽ വിദഗ്ധരായ പണ്ഡിതന്മാരെ കാണിക്കുകയും ചെയ്തു. കോപ്റ്റിക്ക് ഭാഷ, അതിന്റെ വ്യാകരണം, പരിഭാഷ, വ്യാഖ്യാനം എന്നിവയെല്ലാം അവർ പരിശോധിക്കുകയുണ്ടായി. ജറുസലേമിലെ ഹിബ്രു യൂണിവേഴ്സിറ്റിയിലെ കോപ്റ്റിക്ക് ഭാഷാവിദഗ്ധനായ ഏരിയൽ ശീശാഹാലെവി പാപ്പിറസിലെ ഭാഷയും വ്യാകരണവും തികച്ചും ആധികാരികമാണെന്ന് പറഞ്ഞു. ചുരുക്കത്തിൽ യേശുവിന്റെ ശിഷ്യന്മാർക്കിടയിൽ അദ്വിതീയ സ്ഥാനമുണ്ടായിരുന്ന മഗ്ദലനയെ പുരുഷമേധാവിത്വത്തിലും സ്ത്രീവിദ്വേഷത്തിലുമമർന്നുപോയ സഭ തമസ്കരിക്കുകയും അപകീർത്തിപ്പെടുത്തുകയുമാണുണ്ടായത്. ഇന്ന് വെളിപ്പെട്ടു കൊണ്ടിരിക്കുന്ന പ്രാമാണികവും പുരാവസ്തുശാസ്ത്രപരവുമായ സത്യങ്ങൾ മഗ്ദലനയുടെ നഷ്ടപ്പെട്ട വിശുദ്ധപദവി വീണ്ടെടുക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.



പാപ്പിറസ് ലിഖിതം

# വിവാഹ ജീവിതവും ഇസ്‌ലാമും

കുടുംബജീവിതമാണ് ഇസ്‌ലാം അനുശാസിക്കുന്ന ആത്മീയ ജീവിതമാർഗം. കുടുംബജീവിതം വിജയകരമായി നയിക്കാനാവശ്യമായ എല്ലാ മാർഗ നിർദേശങ്ങളും വിധിവിലക്കുകളും ഇസ്‌ലാം നിർദേശിക്കുന്നു.

സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ

ഇസ്‌ലാമിന്റെ ദൃഷ്ടിയിൽ വിവാഹ ജീവിതമാണ് സർവാദരണീയമായിട്ടുള്ളത്. അവിവാഹിത ജീവിതത്തെയും സന്യാസത്തെയും അത് അഭിലഷണീയമായി കരുതുന്നില്ല. (57: 28) തിരുനബി (സ) അരുളുകയുണ്ടായി: **'വിവാഹ ജീവിതമാണ് നമ്മുടെ മാർഗം. നമ്മുടെ മാർഗത്തിൽ നിന്ന് മുഖം തിരിച്ചവൻ നമ്മിൽ പെട്ടവനല്ല. (മുസ്‌ലിം) ഇസ്‌ലാമിൽ സന്യാസം ഇല്ല. എന്നും നബി (സ) പ്രഖ്യാപിക്കുകയുണ്ടായി.' (ഹംബൽ)**

ഐഹികവും പാരത്രികവുമായ ജീവിതത്തിന്റെ ലക്ഷ്യസാക്ഷാത്ക്കാരത്തിനും സാത്വികതയെ വളർത്തുന്നതിനും ഉദ്ദേശിച്ചുള്ള സ്ത്രീപുരുഷ ബന്ധമാണ് ഇസ്‌ലാമിക വീക്ഷണത്തിൽ വിവാഹം.

അംഗീകൃത വിവാഹത്തിന്റെ ആവശ്യോപോധികളിലൊന്നാണ് വിവാഹാകർമത്തിലെ പൊതു പ്രഖ്യാപനം, വിവാഹ കർമത്തിൽ തിരുമേനി (സ) എപ്പോഴും ഓതാറുണ്ടായിരുന്ന ഖുർആൻ സൂക്തങ്ങൾ ചുവടെ ഉദ്ധരിക്കുന്നു.

***'അല്ലയോ വിശ്വാസികളെ, അല്ലാഹുവിനോടുള്ള നിങ്ങളുടെ കടമയെക്കുറിച്ച് സൂക്ഷ്മതയുള്ളവരായിരിക്കുകയും ആർജവത്തോടെ സംസാരിക്കുകയും ചെയ്യുവീൻ. അതുവഴി നിങ്ങളുടെ ചെയ്തികൾ അവൻ നിങ്ങൾക്ക് ഗുണവത്താക്കി തീർക്കുകയും നിങ്ങളുടെ പിഴവുകളെ അവൻ പൊറുത്തുതരികയും ചെയ്യുന്നു. അല്ലാഹുവിനേയും അവന്റെ ദൂതനെയും അനുസരിക്കുന്നവരാരോ അവർ നിശ്ചയമായും മഹത്തായ വിജയം നേടുന്നു.'(33:71–72)***

***'അല്ലയോ വിശ്വാസികളെ അല്ലാഹുവിനോടുള്ള നിങ്ങളുടെ കടമയെക്കുറിച്ച് ഒരോ ആത്മാവും സൂക്ഷ്മതയുള്ളവരായിരിക്കുവീൻ. നാളെക്കു വേണ്ടി മുമ്പോട്ട് കൊണ്ട് ചെല്ലുന്നത് എന്തെന്ന് ഓരോ ആത്മാവും നോക്കികൊള്ളട്ടെ. അല്ലാഹുവിനോടുള്ള കടമയെക്കുറിച്ച് സൂക്ഷ്മതയുള്ളവരായിരിക്കുവീൻ. നിശ്ചയമായും നിങ്ങൾ എന്തുചെയ്യുന്നുവെന്ന് ചെയ്യുന്നുവെന്ന് അല്ലാഹു നല്ലവണ്ണം അറിയുന്നു.' (ഖുർആൻ 59:19)***

***'സൗന്ദര്യത്തെയോ കുടുംബ മഹിമയേയോ പരിഗണിക്കാതെ ധാർമികതയേയും ആത്മീയതയേയും മുൻ നിർത്തി സഹധർമിണിയെ തിരഞ്ഞെടുക്കുന്നുവെങ്കിൽ വിവാഹത്തിന്റെ സദുദ്ദേശ്യങ്ങൾ സഫലീകരിക്കപ്പെടുമാറാകുമെന്ന് തിരുനബി (സ) മുന്നറിവ് നൽകിയിരിക്കുന്നു.' (മുസ്‌ലിം)***

ഭാര്യാ ഭർത്താക്കന്മാർ പരസ്പരമുള്ള സ്നേഹാർദ്ര പ്രകടനങ്ങൾ മുഖേന വിവാഹം മനസ്വാസ്ഥ്യത്തിന് നിദാനമായി തീരണം. അവന്റെ ദൃഷ്ടാന്തങ്ങളിൽ ഒന്ന് ഇതാകുന്നു.

നിങ്ങളിൽ നിന്നു തന്നെ നിങ്ങൾക്കായി അവൻ ഇണകളെ സൃഷ്ടിച്ചു. നിങ്ങൾക്ക് ആശ്വാസം കണ്ടെത്താൻ വേണ്ടി നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും അവൻ വെക്കുകയും ചെയ്തു. ചിന്തിക്കുന്ന ജനത്തിന് നിശ്ചയമായും ഇതിൽ ദൃഷ്ടാന്തങ്ങൾ അടങ്ങിയിരിക്കുന്നു. (30:22)

അവരോട് (ഭാര്യമാരോട്) നല്ല രീതിയിൽ പെരുമാറുവീൻ, നിങ്ങൾ അവരെ വെറുക്കുന്നുവെങ്കിൽ തന്നെ അല്ലാഹു ഏറിയ നന്മവെച്ചിട്ടുള്ള ഒന്നിനെയാണ് നിങ്ങൾ വെറുക്കുന്നത് എന്ന് വരാം. ഭാര്യമാരോടുള്ള പെരുമാറ്റത്തിന്റെ കാര്യത്തിൽ പൊതുവായുള്ള ഒരു ബോധനമാണത്.

തിരുനബി(സ) അരുളി. ***'കുടുംബിനികളോട് ഏറ്റവും അത്യുത്തമമായി പെരുമാറുന്നവനത്രെ നിങ്ങളിൽ അത്യുത്തമൻ' (ഇബ്നു മാജ)***

എല്ലാ കാര്യങ്ങളിലും അല്ലാഹുവിന്റെ അഭീഷ്ടവും സംതൃപ്തിയും തേടുകയും സ്വന്തം അഭിലാഷങ്ങളെയും അഭിരുചികളെയും അതിനായി അവഗണിക്കുകയും ചെയ്യാൻ ഖുർആൻ ആവർത്തിച്ചാവർത്തിച്ച് ഉദ്ബോധിപ്പിക്കുന്നു.

മനുഷ്യ പ്രകൃതിയുടെ വിധേയത്വത്തേയും ബലഹീനതകളേയും ഇസ്‌ലാം ഗണിക്കാതിരുന്നിട്ടില്ല. അത്കൊണ്ട് വിവാഹത്തെ അവിഭാജ്യമായ പരമ പാവന ബന്ധമാക്കി മാറ്റിയില്ല. നിയമദൃഷ്ട്യാ ഭാര്യാഭർത്താക്കന്മാരുടെ അവകാശങ്ങളെയും ബാധ്യതകളെയും കുറിച്ചെല്ലാം വ്യക്തമായി നിർവഹിച്ചിട്ടുള്ള ഒരു കരാറാണത്. എന്നാൽ ദൈവാഭീഷ്ടത്തെ തേടുകയും ദൈവത്തോടുള്ള കടമ നിർവഹിക്കുകയും ചെയ്യുന്നതിന് എല്ലാം വിധേയമായിതീർന്നിരിക്കുന്നു. വിവാഹബന്ധം സ്ഥിരമായാണ് ഉദ്ദേശിക്കപ്പെട്ടതെങ്കിലും വിവാഹ മോചനം ചില പരിതസ്ഥിതികളിലും ചില പരിരക്ഷകൾക്ക് വിധേയമായും അനുവദിക്കപ്പെട്ടിരിക്കുന്നു. വിവാഹമോചനത്തെ പറ്റി തിരു നബി(സ) ഇപ്രകാരം പറഞ്ഞു: നിങ്ങൾക്കനുവദിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങളിൽ ദൈവദൃഷ്ടിയിൽ ഏറ്റവും വെറുക്കപ്പെട്ടത് വിവാഹ മോചനമാണ്. (അബൂദാവൂദ്) വിവാഹത്തെ സംബന്ധിച്ചിടത്തോളം വിവാഹകാലത്തും വിവാഹമോചനത്തിലും സ്ത്രീക്കും പുരുഷനും തുല്യാവകാശമാണുള്ളത്.

സത്യവിശ്വാസികളായ സ്ത്രീകളും പുരുഷന്മാരും അന്യോന്യം സ്നേഹിതന്മാരാകുന്നു. അവർ നന്മയെ അനുശാസിക്കുകയും തിന്മയെ വിരോധിക്കുകയും നമസ്ക്കാരത്തെ നിലനിർത്തുകയും സക്കാത്ത് കൊടുക്കുകയും അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുകയും ചെയ്യുന്നു. ഇവരിലത്രെ അല്ലാഹു കാരുണ്യവും വർഷിക്കുക. നിശ്ചയമായും അല്ലാഹു സർവശക്തനും സൂക്ഷ്മജ്ഞനുമാകുന്നു.

**'സത്യവിശ്വാസികളായ സ്ത്രീകൾക്കും പുരുഷന്മാർക്കും ചുവടെ സരിത്തുകൾ പ്രവഹിക്കുന്ന ഉദ്യാനങ്ങൾ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അതിൽ അവർ വസിക്കും. നിത്യമായ ഉദ്യാനങ്ങളിൽ അവർക്ക് സുഖകരങ്ങളായ പാർപ്പിടങ്ങളുണ്ടായിരിക്കും. എന്നാൽ അല്ലാഹുവിൽ നിന്നുള്ള തൃപ്തിയത്രെ മറ്റെല്ലാറ്റിലും വലുത്. അതുതന്നെയാകുന്നു മഹത്തായ വിജയവും.' (9:71–72)**

ഇങ്ങനെ നന്മ ചെയ്യുവാനുള്ള അവസരങ്ങളുടെയും കഴിവിന്റെയും കാര്യത്തിലെന്നപോലെ ആത്യന്തികമായ ലക്ഷ്യത്തിലും സ്ത്രീപുരുഷന്മാർക്കിടയിൽ ഇസ്‌ലാം യാതൊരു പക്ഷപാതവും കൽപ്പിച്ചിട്ടില്ലെന്ന് കാണാവുന്നതാണ്.

ഖുർആൻ കൂടുതൽ വ്യക്തമായ ഭാഷയിൽ ഇപ്രകാരവും പ്രഖ്യാപിച്ചിട്ടുണ്ട്. ***'അനുസരണയുള്ള പുരുഷന്മാരും അനുസരണയുള്ള സ്ത്രീകളും, സത്യവിശ്വാസികളായ പുരുഷന്മാരും സത്യവിശ്വാസിനികളായ സ്ത്രീകളും, വണക്കമുള്ള പുരുഷന്മാരും വണക്കമുള്ള സ്ത്രീകളും, സത്യസന്ധരായ പുരുഷന്മാരും സത്യസന്ധരായ സ്ത്രീകളും സഹനബുദ്ധികളായ പുരുഷന്മാരും സഹനബുദ്ധികളായ സ്ത്രീകളും, വിനയശീലരായ പുരുഷന്മാരും വിനയശീലരായ സ്ത്രീകളും, ദാനധർമിഷ്ഠരായ പുരുഷന്മാരും ദാനധർമിഷ്ഠരായ സ്ത്രീകളും വ്രതമനുഷ്ഠിക്കുന്ന പുരുഷന്മാരും വ്രതമനുഷ്ഠിക്കുന്ന സ്ത്രീകളും, ചാരിത്രത്തെ കാത്തു പോരുന്ന പുരുഷന്മാരും ചാരിത്രവതികളായ സ്ത്രീകളും ദൈവത്തെ അധികമായി ധ്യാനിക്കുന്ന പുരുഷന്മാരും ദൈവത്തെ അധികമായി ധ്യാനിക്കുന്ന സ്ത്രീകളും ഇവർക്കെല്ലാം അല്ലാഹു പാപപ്പൊറുതിയും മഹത്തായ സമ്മാനവും ഒരുക്കി വെച്ചിട്ടുണ്ട്.' (33:36)***

ദുരാരോപണങ്ങളിൽ നിന്നും ഭത്സനങ്ങളിൽ നിന്നും സ്ത്രീകളും പുരുഷന്മാരും സംരക്ഷണത്തിന് അവകാശികളാണെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു. ***'വിശ്വാസികളായ പുരുഷന്മാരേയും വിശ്വാസിനികളായ സ്ത്രീകളേയും ഭത്സിക്കുന്നവർ പശ്ചാത്തപിക്കാത്ത പക്ഷം അവർക്ക് നിശ്ചയമായും നരക ശിക്ഷയുണ്ട്. അവർക്കത്രെ ചുട്ടെരിക്കുന്ന ശിക്ഷ.' (9 85: 80)***

***'അല്ലാഹുവിൽ നിന്നുള്ള കാരുണ്യവും പാപപ്പൊറുതിയും പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യനിലയിൽ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. വിശ്വാസികളായ പുരുഷന്മാരിലും വിശ്വാസിനികളായ സ്ത്രീകളിലും അല്ലാഹു കാരുണ്യം ചൊരിയുന്നു. അല്ലാഹു ഏറ്റവും പൊറുത്തുകൊടുക്കുന്നവനും കരുണാനിധിയുമത്രെ.' (33:74)***

അവസാന വിശകലനത്തിൽ മൂല്യങ്ങളുടെ അധികാര മണ്ഡലത്തിലാണ് എല്ലാം ഊന്നി നിൽക്കുന്നതെന്ന് കാണാം. മത്സരമോ സംഘട്ടനമോ ഉണ്ടായാൽ ഏതേതിന് പ്രാധാന്യം നൽകണമെന്നും ഏതേതിന് വഴി മാറണമെന്നും തന്നെ, പരസ്പര വിരുദ്ധങ്ങളായ മൂല്യങ്ങളെ ഒരേ അവസരത്തിൽ പ്രമാണിക്കാൻ തുനിയുന്ന സമൂഹത്തിന്റെ ചട്ടക്കുട്ടിലെ ഏച്ചുകൂട്ടിയ ഭാഗങ്ങൾ ഇന്ന് തകരാൻ തുടങ്ങിയിരിക്കുന്നു. അടുത്ത ഭാവിയിയിലല്ലെങ്കിൽ പിന്നീട് അത് പൊട്ടിത്തകരുമെന്ന് സംശയമില്ല. ഒരാളുടെ ആയുഷ്ക്കാലം പരിഗണിക്കുമ്പോൾ ആ പ്രകിയ സാവകാശത്തിലാകാമെങ്കിലും നോക്കിക്കാണാനാകാത്ത വിധം വളരെ അടുത്ത് തന്നെ ആ തകർച്ച സംഭവിച്ചേക്കാനും മതി. ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ നോക്കിയാൽ അതിന്റെ പ്രയാണവും മുന്നേറ്റവും കണ്ടറിയാൻ പ്രയാസമില്ല. അന്ത്യഘട്ടത്തിൽ അതിന്റെ തള്ളിച്ചാട്ടം അപ്രതിരോധ്യമായിരിക്കും. അപ്പോഴാകട്ടെ യാതൊരു ശക്തിക്കും അതിനെ തടഞ്ഞു നിർത്താനാവുകയില്ല. തകർച്ച അനിവാര്യമായി തീരുകയും ചെയ്യും.

അനിയന്ത്രിതമായ സ്ത്രീ പുരുഷ സങ്കലനവും കുടുംബ മൂല്യങ്ങളും അന്യോന്യം ഇണങ്ങി ചേരാത്തവയാണ്. രണ്ടും ഒരേ അവസരത്തിൽ നിലനിൽക്കുക യുമില്ല. ഒന്നിനെ ശക്തിപൂർവം തടഞ്ഞില്ലെങ്കിൽ മറ്റേത് ദുർബല മാകും. മറ്റൊരു നിവർത്തിമാർഗം ഇല്ലതാനും. അന്യഥാ ചിന്തിക്കുന്ന ത് സ്വന്തം ആത്മാവിനേയും സമൂഹത്തെയും വഞ്ചിക്കലാണ്. മറ്റ് അധർമ കർമങ്ങളിലെന്ന പോലെ ഇക്കാര്യത്തിലും ഇസ്‌ലാം ഒരു മതമെന്ന നിലയിലുള്ള അതി ന്റെ പങ്കിനൊത്ത് ദോഷബാധയുടെ വേരറുക്കാനാണ് ശ്രമിക്കുന്നത്.

ഈ ദോഷബാധയുടെ ആരം ഭം എങ്ങനെയാണ്? കണ്ണുകളാണ് ആദ്യം ചലിച്ചു തുടങ്ങുന്നത്. മറ്റ് ഇന്ദ്രിയങ്ങൾ അതിനെ തുടർന്ന് ആർത്തിയോടെ അഥവാ വൈമന സ്യം നടിച്ചു കൊണ്ട് കടന്നെത്തു കയും പരസ്പര പ്രേരണ ചെലു ത്തുകയുമാണ് ചെയ്യുന്നത്. സ്പർശനം, ഘ്രാണനം, ശ്രവണം, ശബ്ദം ഇവയെല്ലാം അതാതിന്റെ മുറ നിർവഹിക്കുന്നതോടെ ലക്ഷ്യ ത്തിന് വേണ്ടിയുള്ള പരസ്പര സംയുക്തവും സംഘടിതവുമായ ശ്രമം ആരംഭിക്കുകയായി. മറ്റുള്ള വർക്ക് ഗുണം വരുത്താമെന്നോണം എന്തൊക്കെ തന്നെ കാട്ടികൂട്ടിയാ ലും ഈ പ്രക്രിയ ബോധപൂർവം ആസൂത്രിതവും തന്നെയായിരിക്കു ന്നതാണ്. അല്ല എന്തൊക്കെ ഒഴിവു കഴിവുകൾ മുന്നോട്ട് വെച്ചാലും മനുഷ്യൻ അവന്റെ ആത്മാവിനെ തിരിൽ ഒരു സാക്ഷിയാകുന്നു. (75: 15-16) പ്രഥമ ഘട്ടത്തിൽ ആർക്കും ഒരു സംശയത്തിനും താൻ ഇടനൽകിയിട്ടില്ലെന്ന് അവൻ സ്വയം ഉറപ്പ് വരുത്തി. എന്നിരുന്നാലും കൺമുനകളുടെ ചതിയും ഹൃദയ ങ്ങളിലെ ഗുപ്ത വികാരങ്ങളും അറിയുന്നവൻ ആയ ഒരുവൻ അവനെ നോക്കിപ്പാർക്കുന്നുണ്ടാ യിരിക്കും. (40: 20)

എന്താണിതിനൊരു പരിഹാ രം? ഇന്ദ്രിയങ്ങളെ കർശനമായി നിയന്ത്രിക്കുകയും സ്വാത്വികതയിൽ നിന്നും നന്മയിൽ നിന്നും വ്യതി ചലിച്ചു പോകാതിരിക്കാൻ അവയെ അനവരതം സൂക്ഷിച്ചു പോരുക യും തന്നെയാണ് ഒന്നാമതായി വേണ്ടത്. എന്തെന്നാൽ ഓരോ അവയവവും അതിന്റെ ചലനങ്ങൾ ക്ക് ഉത്തരവാദിയും കണക്ക് പറയാൻ ബാധ്യസ്ഥവുമാകുന്നു. *'നിനക്ക് അറിവില്ലാത്ത കാര്യത്തെ നീ പിന്തുടരരുത്. നിശ്ചയമായും കണ്ണ്, കാത്, ഹൃദയം എല്ലാം കണക്ക് പറയാൻ ബാദ്ധ്യസ്ഥ ങ്ങളാകുന്നു.'(17:37)*

കൗതുകവും ജിജ്ഞാസ യും ഒടുവിൽ അടുക്കാനുള്ള മോഹവും പുരുഷനിൽ ഉണർത്തി വിടാവുന്ന സ്ത്രീയുടെ സൗന്ദര്യ പ്രകടനം കഴിയുന്നിടത്തോളം കുറക്കുക. ചില സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം സ്ത്രീക്കും പുരുഷനും ഇപ്രകാരമുള്ള നിയന്ത്രണം ഏർപ്പെടുത്തുന്നത് വിപ്ലവകരമായ ഒരു നീക്കമായി കരുതപ്പെട്ടേക്കാം. ഒന്നാം ലോക മഹായുദ്ധ കാലഘട്ടം വരെ അങ്ങനെ കരുതപ്പെടുകയില്ലായിരു ന്നു. പക്ഷേ അന്നും നിയന്ത്രണ മേർപ്പെടുത്തുന്നതിന് സമൂഹ ബന്ധങ്ങളിലും പെരുമാറ്റ മര്യാദ കളിലും ഗണ്യമായ നീക്കുപോക്കു കൾ വരുത്തേണ്ടതുണ്ട്. ആവശ്യ മായി വരുമായിരുന്നു. ഇന്നാകട്ടെ പരിഹാരം കാണാനാവാത്ത വിധം സ്ഥിതിഗതികൾ അതിശീഘ്രം മാറിക്കൊണ്ടിരിക്കുകയാണ്.

അല്ലാഹുവിന്റെ പരിധികൾ എന്ന് വിവരിക്കപ്പെട്ടതിനെ ഖുർആ ൻ ആദ്യമായി വ്യക്തമാക്കിത്തരു ന്നു. *'ഇതത്രെ അല്ലാഹു നിശ്ചയിച്ച നിയമ പരിധികൾ. അവയെ നിങ്ങൾ ലംഘിക്കരുത്. അല്ലാഹു നിശ്ചയിച്ച ആ പരിധികളെ ലംഘിക്കുന്നവരാരോ അവർ തന്നെയാണ് അധർമികൾ' (2:230)* പിന്നെ അല്ലാഹു നിശ്ചയിച്ച പരിധികൾ സൂക്ഷിക്കുന്നതിൽ ജാഗ്രത കാണിക്കുവാൻ ഖുർആൻ നിർദേശിക്കുന്നു. *'അല്ലാഹുവു മായി നിങ്ങൾ നടത്തിയ ഇടപാടിൽ നിങ്ങൾ ആഹ്ലാദം കൊള്ളുവീൻ. അത് വലുതായ ഒരു വിജയമത്രെ. പശ്ചാത്തപിച്ചു കൊണ്ട് ദൈവത്തി ലേക്ക് തിരിയുകയും അവനെ ആരാധിക്കുകയും അവനെ സ്തു തിക്കുകയും അവനെ സേവിച്ചു കൊണ്ട് ഭൂമിയിൽ സഞ്ചരിക്കുക യും അവന്ന് തലകുനിക്കുകയും നമസ്ക്കാരത്തിൽ കുമ്പിടുകയും നന്മയെ ഉപദേശിക്കുകയും തിന്മ യെ വിരോധിക്കുകയും അല്ലാഹു വിന്റെ പരിധികളെ സൂക്ഷിക്കുക യും ചെയ്യുന്നവർ ഇവരത്രെ, വിശ്വാസികൾക്ക് മഹത്തായ സുവാർത്ത അറിയിക്കുവീൻ.' (9:111-112)*

അല്ലാഹു നിശ്ചയിച്ച പരിധി കളെ പാലിക്കാനുള്ള ഉറപ്പേറിയ മാർഗം അവയെ സമീപിക്കാതിരി ക്കുകയാണെന്നാണ് വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നത്. ഇവയത്രെ അല്ലാഹുവിന്റെ പരിധി കൾ. അതുകൊണ്ട് അവയോട് അടുക്കായ്‌വീൻ. *'ഇപ്രകാരം അല്ലാഹു വിന്റെ കൽപ്പനകളെ ജനങ്ങൾക്ക് വിവരിച്ചു തരുന്നു. അവർ തിന്മയിൽ നിന്ന് സുരക്ഷി തരായിരിക്കാൻ വേണ്ടി.'(2:188)* തിന്മയെ പ്രത്യക്ഷമായി അഭിമുഖീ കരിക്കേണ്ടി വരുന്ന അതിർത്തിക്ക പ്പുറം കടക്കരുതെന്ന് മാത്രമല്ല അതിന്റെ അടുത്തെത്തുന്നതിന് മുമ്പ് തന്നെ നിന്നുകൊള്ളേണ്ടതാ ണെന്നാണ് ഈ വാക്യത്തിൽ വ്യക്തമായി നിർദേശിച്ചിരിക്കുന്നത്. ദൂരത്ത് നിന്ന് തിന്മയുടെ സൂചന ലഭിക്കുമ്പോൾ തന്നെ അതുമായി കെട്ടിമറിയാനുള്ള പ്രചോദനങ്ങളെ തടുത്ത് കൊള്ളേണ്ടതാണ്. നിർദോഷമെന്ന് തോന്നാവുന്ന ആദ്യ ചലനങ്ങളിൽ നിന്നു തന്നെ ഒഴിഞ്ഞുമാറിക്കൊള്ളേണ്ടതാണ്. സ്വയം വഞ്ചിതനായി തീരാൻ ആരും ശ്രമിക്കരുത്. എവിടെക്കാണ് അത്തരം ചലനങ്ങൾ തന്നെ കൊണ്ട് ചെന്നെത്തിക്കുകയെന്ന് നല്ലവണ്ണം ധരിക്കേണ്ടതാണ്.

ശേഷം പേജ് 41 ൽ

# റസൂൽ തിരുമേനി(സ)യുടെ ആഹാര മര്യാദ

ആഹരിക്കുമ്പോഴുള്ള മര്യാദയും ശീലങ്ങളും മനുഷ്യന്റെ സംസ്‌ക്കാരവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ഇസ്‌ലാം ഇതിന് വളരെ പ്രാധാന്യം കൽപ്പിക്കുന്നു. റസൂൽ തിരുമേനി(സ)യുടെ മാതൃക സർവ മനുഷ്യർക്കും മാതൃകയാണ്.

## ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

ആഹാരപാനീയങ്ങളുടെ കാര്യത്തിൽ തിരുനബി(സ) അങ്ങേയറ്റം ലാളിത്യം പാലിച്ചു പോന്നിരുന്നു. ആഹാരം പാകം ചെയ്യുന്നതിൽ എന്തെങ്കിലും പിഴവോ വീഴ്ച്ചയോ വന്നു പോയെങ്കിൽ അനിഷ്ടം പ്രകടിപ്പിക്കുമായിരുന്നില്ല. ഭക്ഷിക്കാൻ പറ്റിയതാണെങ്കിൽ ഭക്ഷിക്കും. അല്ലെങ്കിൽ അത് കഴിക്കാതിരിക്കും. ഭക്ഷണം പാകം ചെയ്തവർക്ക് നിരാശയുണ്ടാക്കുമാറ് അനിഷ്ടം പ്രകടിപ്പിക്കാതിരിക്കാൻ സൂക്ഷിച്ചു പോന്നിരുന്നു. ആഹാരം കഴിക്കാനിരുന്നാൽ തന്റെ മുമ്പിലുള്ളത് മാത്രം ശ്രദ്ധിക്കും. ആഹാര പാനീയങ്ങളിൽ പ്രതിപത്തിയില്ലാത്ത വിധം അവയ്ക്കെല്ലാം അതീതനാണ് താനെന്ന് വരുത്തുമാറ് അവയിൽ വിരക്തി പ്രകടിപ്പിക്കുന്നത് തനിക്കിഷ്ടമില്ലെന്ന് നബി(സ) പറയുമായിരുന്നു ഭക്ഷണ പദാർഥങ്ങൾ എന്തുകിട്ടിയാലും തന്നോടൊപ്പം സന്നിഹിതരായിട്ടുള്ളവരിലും അത് പങ്ക്‌വെക്കും. ഒരിക്കൽ നബി (സ)യുടെ മുമ്പിൽ ആരോ അല്പ്പം ഈത്തപ്പഴം കൊണ്ടു വെച്ചു. ചുറ്റും നോക്കി അവിടെ കൂടിയിരുന്നവരുടെ എണ്ണം കണക്കാക്കിയ ശേഷം അത് എല്ലാവർക്കും സമമായി വീതിച്ചു നൽകി. ഓരോ ആൾക്കും ഏഴു ചുളകൾ ഉണ്ടായിരുന്നു. ബാർലി അൽപ്പം പോലും തിരുമേനി (സ) വയർ നിറച്ച് കഴിക്കാറില്ലെന്ന് ഹദ്റത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്തിരിക്കുന്നു. (ബുഖാരി)

ഒരിക്കൽ തിരുനബി(സ) വഴിനടന്നു പോകുമ്പോൾ ഒരു സ്ഥലത്ത് ഒരു കൂട്ടം ആളുകൾ ഒത്തു കൂടി ഒരു കുഞ്ഞാടിന്റെ മാംസം പൊരിച്ച് സദ്യ നടത്താൻ വട്ടം കൂട്ടുകയായിരുന്നു. തിരുമേനിയെ(സ) കണ്ടപ്പോൾ അവർ നബി (സ) യെകൂടി സൽക്കരിച്ചു. എന്നാൽ അവിടുന്ന് അവരോടൊപ്പം ചേരാൻ ഇഷ്ടപ്പെടാതെ മാറിനിന്നത് പൊരിച്ച ഇറച്ചിയോട് ഇഷ്ടമില്ലാഞ്ഞിട്ടല്ല. മറിച്ച് തുറന്ന സ്ഥലത്ത് വെച്ച് അപ്രകാരം സദ്യവട്ടം നടത്തുന്നതിനോട് തിരുനബി (സ)ക്ക് ആഭിമുഖ്യമില്ലായിരുന്നു എന്നതാണ് കാരണം. വേണ്ടുവോളം ആഹരിക്കാൻ ലഭിക്കാത്ത പാവങ്ങൾകൂടി നോക്കിക്കാണാനാകുന്ന തുറന്ന സ്ഥലത്ത് വെച്ച് അങ്ങനെ ഭക്ഷിക്കുന്നത് ശരിയാണെന്ന് അവിടുന്ന് കരുതിയിരുന്നില്ല . പൊരിച്ച ഇറച്ചി മറ്റുചില അവസരങ്ങളിൽ കഴിച്ചിരുന്നതായി നിവേദനമുണ്ട്. മൂന്ന് ദിവസം തിരുമേനി(സ) തുടർച്ചയായി വയറു നിറയെ ആഹാരം കഴിച്ച അനുഭവം മരിക്കുന്നത് വരെ ഉണ്ടായിരുന്നില്ലെന്ന് ഹദ്റത്ത് ആയിശ (റ) നിവേദനം ചെയ്തിരിക്കുന്നു. ക്ഷണിക്കപ്പെടാത്ത നിലയിൽ മറ്റൊരാളുടെ വീട്ടിൽ സൽക്കാരത്തിന് പോകരുതെന്ന കാര്യത്തിൽ തിരുനബി (സ) കണിശക്കാരനായിരുന്നു. ഒരിക്കൽ ആരോ അവിടത്തെ സൽക്കാരത്തിന് ക്ഷണിക്കുകയും വേറെ നാലുപേരെയും ഒപ്പം കൂട്ടാവുന്നതാണെന്നും പറയുകയുണ്ടായി. ആതിഥേയന്റെ വീട്ടിനടുത്തെത്തിയപ്പോൾ ആറാമതൊരാൾ കൂടി ഒപ്പം ചേരുകയുണ്ടായിട്ടുണ്ടെന്ന് തിരുമേനി(സ) കണ്ടു. ആതിഥേയൻ വരവേൽക്കാനായി പുറത്തെ വാതിൽക്കൽ വന്നു നിന്നപ്പോൾ തങ്ങൾ ആകെകൂടി ആറ് പേർ ഉണ്ടെന്നും ആറാമത്തെയാളെയും സൽക്കാരത്തിന് ക്ഷണിക്കുന്നുവോ അതോ അയാൾ മടങ്ങിപ്പോവണമോ എന്ന് ആതിഥേയൻ തീരുമാനിക്കട്ടെ എന്നും നബി (സ) പറഞ്ഞു. ആതിഥേയൻ ഉടൻ തന്നെ ആറാമത്തെ ആളെയും സഹർഷം സ്വാഗതം ചെയ്യുക തന്നെയുണ്ടായി. (ബുഖാരി, കിത്താബുൽ അത്ത്ഇമ)

തിരുനബി(സ) ഭക്ഷിക്കാനിരുന്നാൽ ആദ്യം 'ബിസ്മില്ലാഹിർ റഹ്മാനിർ റഹിം' എന്ന് ചൊല്ലി

കൊണ്ട് ദൈവാനുഗ്രഹം തേടും. ഭക്ഷണം കഴിച്ചു കഴിഞ്ഞാൽ ദൈവത്തിന് സ്തുതി പറയുകയും ചെയ്യും. അവിടുന്ന് ഇപ്രകാരം പ്രാർഥിക്കുമായിരുന്നു. സർവ സ്തുതിയും അല്ലാഹുവിനത്രെ. അവനാണ് നമുക്ക് ആഹാരം നൽകിയത്. അവന് ആത്മാർഥത നിറഞ്ഞ അധികമധികം സ്തുതികൾ. വേണ്ടുവോളം സ്തുതി ആയി എന്ന വിചാരം ഇല്ലാതിരിക്കുമാറ് എണ്ണമറ്റതും ഓരോ ദൈവിക പ്രവർത്തിയും സ്തുതിക്കർഹമാണെന്നും സ്തുതിക്കപ്പെടേണ്ടതാണെന്നും വിചാരിക്കുമാറ് അവനിൽ സ്തുതികൾ ചൊരിയട്ടെ. ഓ, അല്ലാഹുവേ, നീ ഞങ്ങളുടെ ഹൃദയങ്ങളിൽ ഈ സ്തുതി വികാരം നിറക്കേണമേ! ചിലപ്പേൾ അവിടുന്ന് ഇപ്രകാരം സ്തുതി പറയും: എല്ലാ സ്തുതികളും അല്ലാഹുവിനത്രെ. അവൻ നമുക്ക് വിശപ്പും ദാഹവും തീർത്തു തന്നു. നമ്മുടെ ഹൃദയങ്ങൾ അവന്റെ സ്തുതികൾ കൊണ്ട് നിറയുമാറാകട്ടെ. അവനോട് നന്ദിയില്ലാത്തവനാകാതിരിക്കട്ടെ.

വയറു നിറയുന്നതിന് മുമ്പായി ഭക്ഷിക്കുന്നത് നിറുത്തുവാൻ തിരുനബി(സ) ഉപദേശിക്കുമായിരുന്നു. ഒരാളുടെ ഭക്ഷണം രണ്ടാൾക്ക് പങ്കുവെക്കാനാകുമെന്ന് അവിടുന്ന് എപ്പോഴും പറയുമായിരുന്നു. തന്റെ ഭവനത്തിൽ സവിശേഷമായ ആഹാരം തയ്യാറാക്കപ്പെട്ടാൽ അതിൽ ഒരു ഭാഗം അയൽ പക്കത്തേക്ക് കൊടുത്തയക്കണമെന്ന് അവിടുന്ന് നിർദേശിച്ചു പോന്നിരുന്നു. ആഹാര സാധനങ്ങളും മറ്റുവസ്തുക്കളും അയൽക്കാർക്ക് കൊടുത്തയക്കുക അദ്ദേഹത്തിന്റെ പതിവ് തന്നെയായിരുന്നു. (മുസ്ലിം, ബുഖാരി - കിത്താബുൽ അദാബ്)

തന്റെ കൂടെയുള്ളവരിൽ ആർക്കെങ്കിലും വിശക്കുന്നുവോ, അവർ എന്തെങ്കിലും ആവശ്യമുള്ളവരാണോ എന്ന് അവരുടെ മുഖം നോക്കി തിരുനബി (സ) മനസ്സിലാക്കുമായിരുന്നു. ഹദ്റത്ത് അബൂഹുറൈറ (റ) ഒരു സംഭവം ഇപ്രകാരം നിവേദനം ചെയ്യുന്നു: 'ഒരിക്കൽ താൻ മൂന്ന് ദിവസം ആഹാരം കഴിക്കാതെ വിഷണ്ണനായി കഴിയുകയായിരുന്നു. പള്ളിയുടെ പടിവാതിലിൽ നിൽക്കെ ഹദ്റത്ത് അബുബക്കർ(റ) കയറി വരുന്നതായി ഞാൻ കണ്ടു. പാവങ്ങൾക്ക് ഭക്ഷണം നൽക്കേണ്ടതിനെപറ്റി ഉദ്ബോധിപ്പിക്കുന്ന ഒരു ഖുർആൻ സൂക്തം ഉദ്ധരിച്ചു കൊണ്ട് അതിന്റെ അർഥം എന്താണെന്ന് ഹദ്റത്ത് അബൂബക്കറി(റ)നോട് ഞാൻ തിരക്കി. അബുബക്കർ (റ) അതിന്റെ അർഥം പറഞ്ഞുതന്നു കടന്നു പോയി. ഹദ്റത്ത് അബൂബക്കറി(റ)നെപോലെ തനിക്കും അതിന്റെ അർഥം അറിയാവുന്നതേയുള്ളല്ലോ, എന്ന് ഞാൻ മനസ്സിൽ വിചാരിച്ചു. ആ വാക്യത്തിന്റെ അർഥം ചോദിച്ചപ്പോൾ തനിക്ക് വിശക്കുന്നുണ്ടെന്നും ആഹാരത്തിന് വഴിയൊരുക്കണമെന്ന് അദ്ദേഹം മനസ്സിലാക്കുമെന്നാണ് ഞാൻ കരുതിയിരുന്നത്. കുറച്ച് കഴിഞ്ഞപ്പോൾ ഹദ്റത്ത് ഉമർ (റ) കടന്നു വന്നു. ആ വാചകത്തിന്റെ അർഥമെന്തെന്ന് ഹദ്റത്ത് ഉമറി(റ)നോട് അദ്ദേഹം ചോദിച്ചു നോക്കി. ഹദ്റത്ത് ഉമർ(റ) ഖുർആൻ സൂക്തത്തിന്റെ അർഥം പറഞ്ഞു കൊടുത്തശേഷം നടന്നു നീങ്ങി. മറ്റെല്ലാ തിരുസഹാക്കളെയും പോലെ ഹദ്റത്ത് അബൂഹുറൈറ (റ)യും തുറന്ന നിലയിൽ അപേക്ഷകൾ സമർപ്പിക്കാൻ മടിച്ചു പോന്ന ആളായിരുന്നതിനാൽ തന്റെ അവസ്ഥയിലേക്ക് ശ്രദ്ധ ക്ഷണിക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടതിൽ കുണ്ഠിതം പൂണ്ടു അദ്ദേഹം തളർന്നു കഴിഞ്ഞിരുന്നു. അപ്പോൾ അതാ വളരെ പതുങ്ങിയ സ്വരത്തിൽ ഒരാൾ തന്റെ പേർ വിളിക്കുന്നു! വിളികേട്ട ഭാഗത്തേക്ക് മുഖം തിരിച്ചപ്പോൾ വിടർന്ന പുഞ്ചിരിയുമായി തിരുനബി(സ) തന്റെ വീട്ടു പടിക്കൽ നിൽക്കുകയായിരുന്നു. അവിടുന്ന് ചോദിച്ചു. അബൂഹുറൈറാ വിശക്കുന്നു അല്ലേ? അതെ, അല്ലാഹുവിന്റെ റസൂലെ എനിക്ക് വിശക്കുന്നു. അവിടുന്ന് പറഞ്ഞു. പക്ഷേ എന്റെ വീട്ടിൽ ഭക്ഷിക്കാൻ ഒന്നുമില്ല. എന്നാൽ ആരോ ഒരാൾ ഇപ്പോൾ മാത്രം ഒരു പാത്രത്തിൽ എനിക്ക് പാൽ കൊണ്ടു വന്നിട്ടുണ്ട്. പള്ളിയിൽ വിശക്കുന്നവരായി ആരെങ്കിലുമുണ്ടോ എന്ന് അന്വേഷിക്കുക!. അബൂഹുറൈറ(റ) ഇപ്രകാരം തുടർന്നു: പാത്രത്തിലെ പാൽ ഞാൻ തന്നെ കുടിക്കണമെന്ന് തോന്നുമാറ് എനിക്ക് വിശക്കുന്നുണ്ടായിരുന്നു. എന്നെപോലെ വിശക്കുന്നവരായി മറ്റാരെങ്കിലുമുണ്ടെങ്കിൽ അവരെയും ക്ഷണിക്കണമെന്ന് തിരുമേനി(സ) അരുളിയിരിക്കയാൽ എനിക്ക് വളരെ കുറച്ചേ കിട്ടൂ എന്നിങ്ങനെ ഞാൻ ആശങ്കപ്പെടുന്നുണ്ടായിരുന്നു. എങ്കിലും തിരുമേനി(സ)യുടെ കൽപന അനുസരിക്കേണ്ടതുണ്ടായതിനാൽ ഞാൻ പള്ളിയിൽ ചെന്നു നോക്കി, അവിടെ അപ്പോൾ ആറു പേർ ഇരിക്കുന്നുണ്ടായിരുന്നു. ഞാൻ അവരെയെല്ലാം എന്നോടൊപ്പം തിരുനബി (സ)യുടെ വീട്ടിലേക്ക് കൂട്ടികൊണ്ടു പോയി. ആ ആറു പേരിലൊരാൾക്ക് തിരുനബി (സ) പാൽ പാത്രം നൽകി കൊണ്ട് കുടിച്ചു കൊള്ളുവാൻ പറഞ്ഞു. അയാൾ കുടിച്ചു കഴിഞ്ഞപ്പോൾ പിന്നെയും കുടിക്കാൻ പറഞ്ഞു. മൂന്നാം തവണയും കുടിക്കാൻ നിർദേശിച്ചു. അയാളുടെ വയർ നിറഞ്ഞു. ഇപ്രകാരം തന്നെ ഇവരിൽ ഒരോരുത്തരോടും പറഞ്ഞതനുസരിച്ച് ഓരോ ആളും വയർ നിറയെ പാൽ കുടിച്ചു. ഓരോരുത്തരോടും പിന്നേയും കുടിക്കാൻ നിർദേശിച്ചപ്പോൾ എനിക്കിനി പാത്രത്തിൽ ഒന്നും അവശേഷിച്ചിരിക്കില്ലെന്ന് ഞാൻ ഭയപ്പെട്ടു. എല്ലാവരും കുടിച്ചു കഴിഞ്ഞപ്പോൾ നബി (സ) ആ പാത്രം എനിക്ക് നൽകി. അപ്പോൾ അതിൽ ഇനിയും വേണ്ടുവോളം പാൽ ഉണ്ടെന്ന് കണ്ടു. എന്റെ കാര്യത്തിലും രണ്ടാമതും മൂന്നാമതും കുടിക്കാൻ തിരുമേനി(സ) നിർദേശിച്ചു. ഒടുവിൽ തിരുമേനി(സ) തന്നെ പാത്രം വാങ്ങി. അതിൽ അവശേഷിച്ച പാൽ

ശേഷം പേജ് 36 ൽ

# ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ശത്രുക്കളും ദൈവീക വാഗ്ദാനങ്ങളും

(തുടർച്ച)

**ഇബ്നു വഫ**

എന്നാൽ സ്ഥിരമായി മസീഹ് മൗഊദി(അ)നെ നിന്ദിക്കുകയും ചീത്ത പറയുകയും ചെയ്യുന്ന ഒരു സ്നേഹിതനുണ്ടായിരുന്നു എനിക്ക്. 'ഇന്നീ മുഹീനും മൻ അറാദ ഇഹാനതക' എന്ന മസീഹ് മൗഊദി (അ)നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനം ഇവനിൽ പല പ്രാവശ്യം പുലർന്നെങ്കിലും അവൻ അതിൽ നിന്ന് പാഠം ഉൾകൊള്ളാൻ ശ്രമിച്ചില്ല. അവസാനമവൻ അല്ലാഹുവിന്റെ വലിയൊരു ശിക്ഷക്ക് പാത്രീഭൂതനായി. എന്നെ സംബന്ധിച്ചിടത്തോളം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള നല്ലൊരു തെളിവാണത്. ഈമാന്റെ വർധനവിനത് കാരണവുമാകും. ഞാനത് നിങ്ങളുമായി പങ്ക്‌വെക്കാം.

മുഹമ്മദ് ബക്കർ മുസ്തഫാ സാഹിബ് തന്റെ മറ്റൊരു അനുഭവം വിവരിച്ചുകൊണ്ട് പറയുകയാണ്. മുഹ്സിൻ എന്റെ വളരെ പഴയകാല സുഹൃത്താണ്. അഹ്മദിയ്യത്ത് സ്വീകരിച്ച ശേഷവും ഞാനവന്റെ വീട്ടിൽ പോകാറുണ്ടായിരുന്നു. രാത്രി വളരെ നേരംവരെ ഞങ്ങൾ സംസാരിച്ചിരിക്കാറുമുണ്ട്. എന്നിരുന്നാലും ഞാൻ ജമാത്തിൽ പ്രവേശിച്ച വിവരം അവനെ അറിയിച്ചിരുന്നില്ല. ഒരു ദിവസം, ഞാൻ അഹ്മദിയ്യാ ജമാഅത്തിൽ ബൈഅത്ത് ചെയ്ത് പ്രവേശിച്ച വിവരം അവനെ അറിയിക്കുകയും ദജ്ജാലിന്റെ പുറപ്പാടിനെ കുറിച്ചും ഇബ്നു മറിയമിന്റെ ആഗമനത്തെ കുറിച്ചും വളരെ വിശദമായി അവനോട് സംസാരിക്കുകയും ചെയ്തു. ആദ്യമവൻ എല്ലാം വളരെ ആശ്ചര്യ പൂർവം കേട്ട് കൊണ്ടിരുന്നു. എനിക്ക് മനസ്സിന് വളരെ സന്തോഷമായി. ഈ കാര്യങ്ങളെ കുറിച്ചൊക്കെ അവൻ ഗൗരവപൂർവം ചിന്തിക്കുകയും പഠിക്കാൻ ശ്രമിക്കുമെന്നൊക്കെയായിരുന്നു എന്റെ ധാരണയും ശുഭ പ്രതീക്ഷയും.

പക്ഷേ പ്രതീക്ഷക്ക് വിരുദ്ധമായി, അൽപനേരത്തിന് ശേഷം, നിന്നേക്കാൾ വലിയ വിഡ്ഢിയും വിവരദോഷിയും ലോകത്ത് വേറെ ആരും ഉണ്ടാവുകയില്ല എന്ന് പറയുകയും, എന്നെ അങ്ങേയറ്റം നിന്ദിക്കും വിധം പലതും പറയാനും ചീത്തവിളിക്കാനും പരിഹസിക്കാനും തുടങ്ങി. കുറച്ച് നേരം അവൻ പറയുന്നത് കേട്ടുകൊണ്ടിരുന്നു. ഞാനൊന്നും പറഞ്ഞില്ല. പക്ഷേ അവൻ മസീഹ് മൗഊദ് (അ)നെചീത്തവിളിക്കാനും പരിഹസിക്കാനും തുടങ്ങിയപ്പോൾ ഞാൻ പറഞ്ഞു, മുഹ്സിൻ, നീ എന്നെ എത്ര വേണമെങ്കിലും ചീത്ത വിളിക്കുകയും പരിഹസിക്കുകയും ചെയ്തോളൂ. ഞാനത് അവഗണിക്കുകയും നിന്നോട് ക്ഷമിക്കുകയും ചെയ്യും. എന്നാൽ ഹദ്റത്ത് ഇമാം മഹ്ദി(അ)യെ പരിഹസിക്കരുത്. ഞാൻ നിന്റെ നന്മ ഉദ്ദേശിച്ചു കൊണ്ടാണ് പറയുന്നത്. കാരണം ആ പുണ്യാത്മാവ് അല്ലാഹുവിനാൽ നിയോഗിതനായ ഉമ്മത്തീ നബിയാണ്. തന്റെ മുർസലീങ്ങളെ അപമാനിക്കുന്നത് അല്ലാഹു ഒരിക്കലും ക്ഷമിക്കുകയില്ല.മാത്രവുമല്ല, 'ഇന്നീ മുഹീനും മൻ അറാദ ഇഹാനതക' (നിന്നെ എളിമയിലാക്കാൻ ശ്രമിക്കുന്നവരെ ഞാൻ എളിമയിലാക്കും) എന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഞാനിത് പറഞ്ഞപ്പോഴേക്കും അവൻ കൂടുതൽ കോപാകുലനാവുകയും, ആദ്യത്തേക്കാൾ കൂടുതലായി മസീഹ് മൗഊദ്(അ)നേയും ജമാഅത്തിനേയും ചീത്ത വിളിക്കാനും അധിക്ഷേപിക്കാനും തുടങ്ങുകയും ചെയ്തു. ഞാനവന്റെ നന്മ ആഗ്രഹിച്ച് കൊണ്ട് തടയാൻ കുറെ ശ്രമിച്ചെങ്കിലും അവൻ നിർത്തിയില്ലെന്ന് മാത്രമല്ല, കൂടുതൽ കൂടുതൽ ആവേശം കാണിക്കാൻ തുടങ്ങിയപ്പോൾ പെട്ടെന്ന് തന്നെ ഞാൻ അവന്റെ വീട്ടിൽ നിന്ന് പുറത്തേക്ക് പോയി. പിന്നീട് കുറച്ചുനാൾ ഞാനവനെ ബന്ധപ്പെട്ടതേയില്ല.

ഏതാനും മാസങ്ങൾക്ക് ശേഷം യാദൃച്ഛികമായി ഒരിടത്ത് ഞങ്ങൾ കണ്ടുമുട്ടി. കുശലാന്വേഷണത്തിനിടയിൽ, നീ ഇപ്പോഴും ആ പഴയ ജമാഅത്തിൽ തന്നെ ഉണ്ടോ അതോ അത് ഉപേക്ഷിച്ചോ എന്ന് എന്നോടവൻ തിരക്കി.ഞാനാ ജമാഅത്തിൽ തന്നെ ഉണ്ട് എന്ന് മാത്രമല്ല, ഓരോ ദിവസവും എന്റെ ഈമാനിൽ വർധനവുണ്ടായി കൊണ്ടിരിക്കുകയുമാണ് എന്ന് ഞാനവനോട് പറഞ്ഞു. അപ്പോൾ അവൻ മതപരമായ ചില കാര്യ

ങ്ങൾ പറഞ്ഞുകൊണ്ട് അതിനെ കുറിച്ചുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ വീക്ഷണവും വിശദീകരണവും എന്നോട് ആരാഞ്ഞു. ഞാൻ വിശദമായി തന്നെ ജമാഅത്തിന്റെ വീക്ഷണം അവനെ കേൾപ്പിച്ചു. ആ അവസരത്തിൽ ഞങ്ങളോടൊപ്പം ഉണ്ടായിരുന്ന മുഹ്സിന്റെ മകൻ എന്റെ വിശദീകരണം കേട്ടപ്പോൾ വളരെയധികം ഇഷ്ടപ്പെടുകയും ഇത് ബുദ്ധിക്കും യുക്തിക്കും യോജിച്ചതാണെന്നും മനസ്സിനെ തൃപ്തിപ്പെടുത്തുന്ന വിശദീകരണമാണെന്ന് പറയുകയും ചെയ്തു. തന്റെ മകൻ പറഞ്ഞത് കേട്ട് ആകെ ചൂട് പിടിച്ച മുഹ്സിൻ നിങ്ങൾ രണ്ട് പേരും ഒരേ തരത്തിലുള്ള വിഡ്ഢികളും വിവരംകെട്ടവരുമാണെന്ന് പറയാൻ തുടങ്ങി.

അവന്റെ ഈ നിലപാട് കണ്ടപ്പോൾ ഞാൻ പറഞ്ഞു, നോക്കൂ, മുഹ്സിൻ നീ എന്റെ വളരെ പഴയ സുഹൃത്താണ്. എനിക്ക് നിന്നോട് എന്നും സ്നേഹവും സഹകരണ മനോഭാവവുമാണുള്ളത്. ആയതിനാൽ നീ ഒരിക്കലും അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ച് എന്നോട് ചോദിക്കരുത്. സംസാരിക്കുകയുമരുത്. ചോദിക്കുകയാണെങ്കിൽ എന്റെ മറുപടി കേൾക്കുവാനുള്ള വിശാല മനസ്കത നീ കാണിക്കണം. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ചീത്ത വിളിക്കുന്ന നിന്റെ നാവിനെ നീ നിയന്ത്രിക്കുകയും വേണം. നിന്റെ ഇത്തരത്തിലുള്ള സംസാരം എന്റെ മനസ്സിനെവല്ലാതെ വേദനിപ്പിക്കുന്നുണ്ട്. മാത്രവുമല്ല ഇത് നിനക്ക് അങ്ങേയറ്റം ദോഷം ചെയ്യുകയും ചെയ്യും.

ഇത് കേട്ടപ്പോൾ, ഞാൻ ഇനിയും ചീത്ത വിളിക്കുകയാണെങ്കിൽ എനിക്കെന്താണ് സംഭവിക്കുക എന്നൊന്ന് പറയുമോ എന്നവൻ ചോദിച്ചു. ഞാൻ പറഞ്ഞു, ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് 'ഇന്നീ മുഹീനും മൻ അറാദ ഇഹാനതക' എന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുകയാണെന്ന് നിന്നോട് ഞാൻപല തവണ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ആ പുണ്യാത്മാവിനെ അപമാനിക്കുന്നവനെ അല്ലാഹു തീർച്ചയായും എളിമയിലും നഷ്ടത്തിലുമാക്കും. ഇത് കേട്ടപ്പോൾ, തികഞ്ഞ ധിക്കാരത്തോടെ വീണ്ടും ഇമാം മഹ്ദി(അ) യെഅവൻ ചീത്തവിളിക്കാനും പരിഹസിക്കാനും തുടങ്ങി.

ഞാൻ പറഞ്ഞു, മുഹ്സിൻ നീ ഓർത്തുകൊള്ളൂ. ഇതിന് മുൻപും നീ ഇമാം മഹ്ദിയെ ചീത്ത വിളിച്ചിട്ടുണ്ട്. അന്നും ഞാൻ നിന്നെ താക്കീത് ചെയ്തതാണ്.ഇപ്പോൾ നീ രണ്ടാം തവണ ചീത്ത വിളിച്ചിരിക്കുകയാണ്. ഇനി നിനക്ക് അല്ലാഹുവിന്റെ ശിക്ഷ കിട്ടാതിരിക്കില്ല. ഇത് പറഞ്ഞുകൊണ്ട് ഞാനവിടെ നിന്ന് പിരിഞ്ഞു. അതിന് ശേഷം എനിക്കൊരു ദീർഘദൂരയാത്രക്ക് പോകാനുണ്ടായിരുന്നു. അങ്ങനെ യാത്ര കഴിഞ്ഞ് തിരിച്ചെത്തിയ ശേഷം മുഹ്സിന് ഞാൻ ഫോൺ ചെയ്തു. അപ്പോഴാണ് അവൻ ഇടതു കാലിന്റെ എല്ലുപൊട്ടി ആശുപത്രിയിലാണെന്ന് മനസ്സിലാകുന്നത്. ഞാനിത് കേട്ട ഉടനെ തന്നെ ആശുപത്രിയിൽ ചെന്നു.

മുഹ്സിൻ പറഞ്ഞു, അവൻ എവിടെയോ കാറിൽ പോവുകയായിരുന്നു. പെട്ടെന്ന് അൽപമൊന്ന് ഉറങ്ങിപ്പോയി. കാർ ചെന്ന് മരത്തിലിടിച്ചു.ശരീരത്തിൽ പല ഭാഗത്തും മുറിവുണ്ടായി. ഇടതു കാലിന്റെ എല്ല് പൊട്ടുകയും ചെയ്തു. അവനെന്റെ അടുത്ത സുഹൃത്തെന്ന നിലയിൽ ഞാനന്ന് രാത്രി അവനെ ശുശ്രൂഷിക്കാനായി ആശുപത്രിയിൽ തങ്ങി. എന്നിട്ട് ഞാനവനോട് പറഞ്ഞു, നോക്കൂ മുഹ്സിൻ, ഇത് അല്ലാഹുവിൽ നിന്നുള്ള മുന്നറിയിപ്പും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ചീത്ത വിളിച്ചതിനുള്ള ശിക്ഷയുമാണ്.

ഞാനിത് പറഞ്ഞപ്പോൾ അവൻ ഒന്നും പറഞ്ഞില്ല. കുറച്ച് നാളത്തെ ചികിത്സക്ക് ശേഷം ആശുപത്രി വിട്ടു. മുറിവുകൾ ഉണങ്ങി. അവൻ ഏറെകുറെ സുഖം പ്രാപിച്ചു. ആരോഗ്യം പഴയതു പോലെയായി. ഏതാനും ആഴ്ചകൾക്ക് ശേഷം ഞങ്ങൾ ഒരു സ്ഥലത്ത് കണ്ടുമുട്ടി. സംസാര മദ്ധ്യേ അഹ്മദിയ്യത്ത് പരാമർശിക്കപ്പെട്ടു. ജമാഅത്തിനെ കുറിച്ചുള്ള സംസാരം അവനാണ് തുടങ്ങുന്നത്. അതിന് ഞാൻ ഉത്തരമോ വിശദീകരണമോ നൽകിയാൽ അവൻ പരിഹസിക്കാനും ചീത്ത വിളിക്കാനും തുടങ്ങും. ഇവിടേയും അവൻ അത് തന്നെ ആവർത്തിച്ചു.ഞാൻ പറഞ്ഞു, നോക്കൂ മുഹ്സിൻ, നിന്റെ ധിക്കാരത്തിനും അഹങ്കാരത്തിനും നിനക്ക് എന്ത് ശിക്ഷയാണ് ലഭിച്ചതെന്ന് നിനക്ക് ഓർമയുണ്ടല്ലോ അല്ലേ? ഒരിക്കൽ കൂടി അല്ലാഹു നിന്നെ ശിക്ഷിക്കണമെന്ന് നീ ആഗ്രഹിക്കുന്നുണ്ടോ? അല്ലാഹുവിന്റെ മുർസലീങ്ങളെ ചീത്ത പറയുന്നത് അല്ലാഹുവിന്റെ ശിക്ഷ വിളിച്ച് വരുത്തുന്നതിന് തുല്യമാണ്. ഇത് പറഞ്ഞുകൊണ്ട് ഞാനവിടെ നിന്ന് പോയി.

അതിന് ശേഷം ഒരാഴ്ച കഴിഞ്ഞതേയുള്ളൂ. മുഹ്സിൻ വീണ്ടും കാറപകടത്തിൽ പെട്ടതായി എനിക്ക് വിവരം കിട്ടി. ഇപ്രാവശ്യവും ശരീരത്തിൽ ധാരാളം മുറിവുകളുണ്ടായതിന് പുറമെ വലതുകാൽ ഒടിഞ്ഞു. എല്ലുപൊട്ടി, കുറേ നാൾ ആശുപത്രിയിൽ കിടന്നു. കാലിൽ സ്റ്റീൽ റോഡ് ഇടേണ്ടി വന്നു. ഒരുപ്രാവശ്യം ഞാനവനെ ചെന്നു കണ്ടു. ക്ഷേമാന്വേഷണത്തിനു ശേഷം, ഇപ്പോഴെങ്കിലും നിനക്ക് കാര്യം മനസ്സിലായില്ലേ എന്നും, മുർസലീങ്ങളെ ചീത്ത പറയുന്ന നിന്റെ ദു:സ്വഭാവം നിമിത്തമുള്ള അല്ലാഹുവിന്റെ ശിക്ഷയാണിതെന്ന് ഇനിയെങ്കിലും നീ സമ്മതിക്കുമല്ലോ അല്ലേ എന്ന് ചോദിച്ചു. അവനൊന്നും പറഞ്ഞില്ല. ഇനിയെങ്കിലും നീ നിന്റെ ചീത്ത പറയുകയും പരിഹസിക്കുകയും ചെയ്യുന്ന സ്വഭാവം ഉപേക്ഷിക്കേണമെന്നും തന്റെ പര്യവസാനം നഷ്ടത്തി

ലാക്കരുതെന്നും ഞാനവനെ ഉപദേശിച്ചു. ഇനി അവൻ ഇത്തരത്തിൽ ചീത്ത പറയുകയില്ല എന്ന് എനിക്ക് മനസ്സിൽ ശുഭ പ്രതീക്ഷ ഉണ്ടായി.

പിന്നീട് ഞാൻ മുഹ്സിനെ കാണാൻ ശ്രമിച്ചില്ല. എന്നാൽ ഒന്നര വർഷത്തിന് ശേഷം ഞങ്ങൾ യാദൃച്ഛികമായി വീണ്ടും കണ്ടുമുട്ടി. സംസാരത്തിനിടയിൽ അവൻ തന്റെ പഴയ സ്വഭാവം പുറത്തെടുത്തു. ജമാഅത്തിനെ കുറിച്ച് അവനാണ് എപ്പോഴും ആദ്യം സംസാരിക്കുന്നത്. അതിന് ഞാൻ മറുപടി പറഞ്ഞാൽ അവൻ മസീഹ് മൗഊദി(അ)നെ ചീത്തവിളിക്കാൻ തുടങ്ങും. ഇവിടെയും അതുതന്നെ സംഭവിച്ചു. ഞാനവനോട് ചോദിച്ചു, എന്താണ് നിന്റെ വിചാരം. നീ നിന്റെ ഈവൃത്തികെട്ട സ്വഭാവം ഉപേക്ഷിക്കാതിരുന്നാൽ അല്ലാഹുനിനക്ക് ശിക്ഷ നൽകി ക്ഷീണിച്ച് പോകുമെന്ന് നീ കരുതുന്നുണ്ടോ?

അവസാനം അത് തന്നെ സംഭവിച്ചു. അങ്ങനെ അല്ലാഹുവിന്റെ ശിക്ഷ അവനെ തേടി മൂന്നാമതും വന്നു. അവൻ വീണ്ടും കാറപകടത്തിൽ പെട്ടു. ശരീരത്തിൽ പലഭാഗങ്ങളിൽ മുറിവുകളോടൊപ്പം ഇടത് കൈ ഒടിഞ്ഞു. എല്ല് പൊട്ടി. ഞാനവനെ ചെന്ന് കണ്ടു. ഒന്നിനു പുറകെ മറ്റൊന്നായി നിനക്ക് ശിക്ഷ കിട്ടിക്കൊണ്ടിരിക്കുകയാണെന്നും, കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കണമെന്നും, അല്ലാഹു തന്റെ പ്രിയപ്പെട്ടവരോട് ചെയ്ത വാഗ്ദാനം എന്തായാലും പൂർത്തിയാക്കുക തന്നെ ചെയ്യുമെന്നും ഞാനവനെ ഓർമപ്പെടുത്തി.

ഈ സംഭവത്തിന് ഒരു വർഷത്തിന് ശേഷമാണ് പിന്നീട് ഞങ്ങൾ കണ്ടുമുട്ടുന്നത്. മതപരമായ ചർച്ച ഇല്ലാതിരിക്കാൻ ഞാൻ പരമാവധി ശ്രമിച്ചു. നിർഭാഗ്യമെന്ന് പറയട്ടെ, ആഗ്രഹിക്കാതിരുന്നിട്ടും വീണ്ടും അഹ്മദിയ്യാ ജമാഅത്ത് സംസാരവിഷയമായി. അതോടെ അവൻ മസീഹ് മൗഊദി(അ)നെ ചീത്ത വിളിക്കാനും അവഹേളിക്കാനും തുടങ്ങി.ഞാനവനോട് പറഞ്ഞു, നിനക്കിപ്പോഴും ഒരു നല്ല മനുഷ്യനായി ജീവിക്കാൻ സാധിക്കും. നീ നിന്റെ ധിക്കാരവും അഹങ്കാരവും നിമിത്തം അല്ലാഹുവിന്റെ കോപത്തിന് പാത്രമാകുന്നത് ഞാൻ തീരെ ഇഷ്ടപ്പെടുന്നില്ല. എന്നെ കാണുമ്പോഴാണല്ലോ നിനക്ക് മതപരമായ ചർച്ചക്ക് പ്രേരണ ഉണ്ടാകുന്നത്. അതുകൊണ്ട് നാലാമതും നിന്റെ എല്ല് ഒടിയുന്നതിൽ നിന്നും നിന്നെ രക്ഷിക്കാനായി, നിന്നെ കാണുന്നതിൽ നിന്നും മതപരമായ സംസാരം ഒഴിവാക്കാനുമായി ഞാൻ നീയുമായുള്ള എല്ലാ ബന്ധങ്ങളും ഇവിടെ വെച്ച് അവസാനിപ്പിക്കുകയാണ് എന്ന് പറഞ്ഞു കൊണ്ട് ഞാൻ അവിടെ നിന്ന് പോയി.

ഏതാനും ആഴ്ചകൾ കഴിഞ്ഞതേയുള്ളൂ. നാലാമതും മുഹ്സിൻ കാറപകടത്തിൽ പെട്ടതായി ഞാനറിഞ്ഞു. ഇപ്രാവശ്യം വലതു കയ്യാണ് ഒടിഞ്ഞത്. എല്ല്പൊട്ടി. വിവരമറിഞ്ഞിട്ടും ഞാനവനെ കാണാൻ പോയില്ല. കുറച്ചു മാസങ്ങൾക്ക് ശേഷം മുഹ്സിൻ എന്നെ ഫോണിൽ വിളിച്ച് നേരിൽ കാണാൻ ആഗ്രഹം പ്രകടിപ്പിച്ചു. എനിക്കവനെ കാണാൻ തീരെ ഇഷ്ടമില്ലാതിരുന്നിട്ടും ഞാൻ ചെന്നു. മതപരമായ വിഷയം സംസാര വിഷയമാകാതിരിക്കാൻ ഞാൻ പരമാവധി ശ്രമിച്ചുകൊണ്ടേയിരുന്നു. സംസാര മദ്ധ്യേ നിന്റെ മൂത്ത മകൻ എന്താണ് പഠിക്കുന്നതെന്നും എവിടെയാണ് പഠിക്കുന്നതെന്നും ഞാൻ ചോദിച്ചു. അവൻ ഒരു ടൗണിന്റെ പേര് പറഞ്ഞിട്ട് അവിടെ നഴ്സിങ്ങിനാണ് പഠിക്കുന്നതെന്ന് പറഞ്ഞു. ഓഹോ അവിടെയാണല്ലേ? ഞങ്ങളുടെ ജമാഅത്തിന്റെ കേന്ദ്രം അവിടെയാണുള്ളത് എന്ന് ഞാൻ അറിയാതെ പറഞ്ഞുപോയി. ഇത് കേൾക്കേണ്ട താമസം മുഹ്സിൻ അങ്ങേയറ്റം രോഷാകുലനായി കൊണ്ട് പഴയ പടി ചീത്ത വിളിക്കാനും ഇമാം മഹ്ദി(അ)യേയും ജമാഅത്തിനേയും വളരെ മോശമായ രീതിയിൽ പരിഹസിക്കാനും തുടങ്ങി.

ഞാൻ അൽപം പോലും ദേഷ്യം കാണിക്കാതെ ചിരിച്ചുകൊണ്ട് അവനോട് പറഞ്ഞു, മുഹ്സിൻ, ഇനിയെങ്കിലും ഇതൊന്ന് നിർത്തി കൂടെ. നിന്റെ ശരീരത്തിലാണെങ്കിൽ മൊത്തം മുറിവുകളുടെ പാടുകളാണുള്ളത്. ഇനി ഒടിയാനും പൊട്ടാനും നിന്റെ ശരീരത്തിൽ എല്ലുകളില്ല. അതുകൊണ്ട് അല്ലാഹുവിനോട് തൗബ ചെയ്യൂ. ഇസ്തിഗ്ഫാർ ചെയ്യൂ. അല്ലാഹു നിനക്ക് പൊറുത്തു തരട്ടെ. ഇത് എന്റേയും നിന്റേയും അവസാനകൂടികാഴ്ചയാണെന്ന് നീ ഉറപ്പിച്ചോളൂ. ഇനി ഞാൻ നിന്നെ ഒരിക്കലും കാണുകയില്ല. നീയുമായുള്ള സംസാരം എല്ലായിപ്പോഴും തന്നെ ചീത്ത വിളിയിലും പരിഹസിക്കലിലുമാണ് ചെന്നെത്തുന്നത്. അതിന്റെ ഫലമായി ഓരോപ്രാവശ്യവും നിനക്ക് അല്ലാഹുവിൽ നിന്ന് ശിക്ഷ ലഭിച്ചിട്ടും, ഈശിക്ഷ അല്ലാഹുവിൽ നിന്നാണെന്ന് മനസ്സിലാക്കാനുംസമ്മതിക്കാനും നിന്റെ, താനെന്ന ഭാവം നിന്നെ അനുവദിക്കുന്നില്ല.നീയാണെങ്കിൽ ഓരോ പ്രാവശ്യവും ഇത് അല്ലാഹുവിൽ നിന്നുള്ള ശിക്ഷയല്ല എന്ന് തെളിയിക്കുവാനായി ആ തെറ്റ് ആവർത്തിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് നിനക്ക് നേർമാർഗം ലഭിക്കുന്നതിനായി അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ട് ഞാൻ നിന്നിൽ നിന്നും എന്നെന്നേക്കുമായി അകലുകയാണ്. ഇനി എനിക്ക് നിന്നെ കാണേണ്ട.സംസാരിക്കേണ്ട.

അവനുമായുള്ളഈ കൂടിക്കാഴ്ചക്ക് ശേഷം പത്ത് ദിവസം കഴിഞ്ഞില്ല, ഒരു അർധരാത്രി പോലീസ് അവന്റെ വീട്ടിലെത്തി. അവനോട് ചോദിച്ചു, ആരാണ് മുഹ്സിൻ? അവൻ പറഞ്ഞു, ഞാനാണ്. അപ്പോൾ പോലീസ് ചോദിച്ചു, ജയിലിൽ കിടക്കേണ്ട നീ എങ്ങനെയാണ് ഇവിടെ കഴിയുന്നത്. കുറച്ചു നാളുകൾക്കുമുമ്പ്

മുഹ്സിന് ഒരു കേസ്സിൽ കോടതി എട്ട് വർഷത്തെ ശിക്ഷ വിധിച്ചിട്ടുണ്ടായിരുന്നു. എന്തോ ചില സാങ്കേതിക കാരണങ്ങളാൽ ശിക്ഷ നടപ്പിൽ വരുത്തുന്നത് നിർത്തിവെച്ചിട്ടാണുണ്ടായിരുന്നത്. പോലീസ് അപ്പോൾ തന്നെ അവനെ തൂക്കിയെടുത്ത് കൊണ്ടു പോയി ഇരുമ്പഴിക്കുള്ളിൽ തള്ളി. ദീർഘമായ എട്ട് വർഷത്തേക്ക് അവൻ ജയിലിലടക്കപ്പെട്ടു.

ഇമാം മഹ്ദി(അ)യെ ചീത്ത വിളിച്ചപ്പോഴും പരിഹസിച്ചപ്പോഴും അല്ലാഹു അവന് ഓരോരോ ചെറിയ ശിക്ഷ നൽകിയെങ്കിലും അവൻ പഠിച്ചില്ല.അത് അല്ലാഹുവിങ്കൽ നിന്നാണെന്ന് മനസ്സിലാക്കിയില്ല. പിന്നീട് അല്ലാഹുവിന്റെ വലിയ ശിക്ഷ വന്നു. അഹോ കഷ്ടം! അവൻ കാര്യങ്ങൾ മനസ്സിലാക്കിയിരുന്നുവെങ്കിൽ, തൗബ ചെയ്തു കൊണ്ട് അല്ലാഹുവിലേക്ക് മടങ്ങിയിരുന്നുവെങ്കിൽ,

എനിക്കെന്റെ പഴയകാല ആത്മസുഹൃത്തിന്റെ കാര്യത്തിൽ വലിയ വിഷമമുണ്ടെങ്കിലും അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദി (അ)നോട് ചെയ്ത വാഗ്ദാനം ഒന്നിനുപുറകെ മറ്റൊന്ന് പൂർത്തിയാകുന്നത് കണ്ടതിലൂടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം എന്റെ കൺമുന്നിൽ സൂര്യനെ പോലെ തിളങ്ങുന്നതായി എനിക്ക് തോന്നി. അതെന്റെ ഈമാനെ അങ്ങേയറ്റം ദൃഢീകരിക്കുന്നതുമായിരുന്നു. ഇത് മുഹ്സിനെ പോലുള്ള, ജമാഅത്തിന്റെ ഓരോ ശത്രുവിനും പാഠമാണ്. 'ഫഅ്തബിറൂ യാ ഊലിൽ അബ്സ്വാർ (അതുകൊണ്ട് കണ്ണുള്ളവരെ നിങ്ങൾ പാഠംപഠിച്ചു കൊള്ളുക. വിശുദ്ധ ഖുർആൻ 59: 3)

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുകയാണ്, അല്ലാഹുവിൽ നിന്നു നിയുക്തനായ മനുഷ്യനെതിരെ പൊരുതുന്നവനുമായി അല്ലാഹു പൊരുതുന്നതാണ്. അവന്റെ വലിമാർക്കെതിരിൽ പടപൊരുതുന്നവരെ അവൻ നാശത്തിലേക്ക് വലിച്ചെറിയുന്നു. തൗബ ചെയ്തു മടങ്ങുന്നവരെ അവൻ സ്വീകരിക്കുന്നു. എന്നാൽ അവർ തങ്ങളുടെ നാവിനെ തടയാതെ വീണ്ടും ദുഷ്കർമത്തിലേക്ക് ചായുകയാണെങ്കിൽ ആദ്യത്തേതിനേക്കാൾ കൊടും നാശം അല്ലാഹു കൊണ്ടു വരും. ശത്രുക്കൾക്ക് ഒരുവിലയും കൽപിക്കാതെ അവൻ നാശം ഇറക്കിക്കൊണ്ടേയിരിക്കും. അതുകൊണ്ട് അല്ലയോ ബുദ്ധി ജീവികളേ, നിങ്ങൾ അല്ലാഹുവിലേക്ക് തിരിയുക. നിങ്ങൾ അസഭ്യശകാരത്തിന്റേയും പാപകർമ്മങ്ങളുടേയും വഴി ഉപേക്ഷിച്ചാൽ അല്ലാഹു നിങ്ങളെ ശിക്ഷിക്കുകയില്ല. നിശ്ചയമായും അവൻ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. (മവാഹിബുർ റഹ്മാൻ പേജ് 21)

ഹദ്റത്ത് മസീഹ് മൗഊദി (അ)നെ പരാജിതനും നിന്ദ്യനുമാക്കാൻ ശ്രമിച്ച, ആ പുണ്യാത്മാവിനാൽ സ്ഥാപിതമായ ജമാഅത്തിനെ എളിമയിലാക്കാൻ പ്രയത്നിക്കുന്ന എല്ലാ പണ്ഡിത ശിരോമണികളും അവരുടെ കൂട്ടാളികളും നിരാശരായി ഇച്ഛാഭംഗത്തോടെ കാലയവനികക്കുള്ളിൽ എന്നെന്നേക്കുമായി മറഞ്ഞു. ഇന്ന് അഹ്മദിയ്യാ ജമാഅത്ത് പടർന്ന് പന്തലിച്ച് വലിയൊരു വടവൃക്ഷമായി മാറിയിരിക്കുകയാണ്. അതിന്റെ വേരുകൾ ഭൂമിയിൽ വളരെ ആഴത്തിലും ശാഖകൾ ആകാശത്തിന്റെ അനന്തതയിലുമാണുള്ളത്. അത് പടർന്ന് പന്തലിച്ചിരിക്കുകയാണ്. അതിന്റെ തണലിൽ ലക്ഷങ്ങളാണ് വിശ്രമിക്കുന്നത്. ഖാദിയാൻ എന്ന അറിയപ്പെടാത്ത ചെറിയൊരു ഗ്രാമത്തിൽ നിന്നുമുയർന്ന ആ ശബ്ദം ശത്രുക്കളുടെ തൽകാലിക എതിർപ്പുകൾ അതിജീവിച്ചു കൊണ്ട് അല്ലാഹുവിന്റെ അപാരമായ സഹായത്താൽ ഒരു ഇമാമിന്റെ ആത്മീയ നേതൃത്വത്തിൻ കീഴിൽ 212 രാഷ്ട്രങ്ങളിൽ വെന്നിക്കൊടി പാറിച്ചു കൊണ്ട് ജൈത്ര യാത്ര തുടരുകയാണ്.ഇന്ന് അഹ്മദിയ്യാ ജമാഅത്തിന് മേൽ സൂര്യൻ അസ്തമിക്കുന്നില്ല.

ഈജിപ്ത്സംഭവങ്ങൾക്ക് കടപ്പാട് : മസ്വാലിഹുൽ അറബ് By മൗലാന ത്വാഹിർ നദീം സാഹിബ്, അറബിക് ഡെസ്ക്ക്, ലണ്ടൻ

---

പേജ് 20 ൽ നിന്ന് തുടർച്ച

ത്തിന്റെ അധിപനായി മാത്രമല്ല, ഒരിക്കലും ശമിക്കാത്ത കാമാസക്തനായാണ് വിവരിക്കപ്പെട്ടിരിക്കുന്നത് എന്ന വസ്തുത നടുക്കമുണ്ടാക്കുന്നതാണ്. അര ഡസൻ സ്ത്രീകളോടൊപ്പമായിരുന്നു ഹെബ്രോണിൽ ഏഴര വർഷം അദ്ദേഹം ചിലവഴിച്ചത്. അതിൽ അദ്ദേഹത്തിന് നിരവധി സന്താനങ്ങൾ പിറന്നു എന്നാണ് പറയപ്പെടുന്നത്. അതിൽ യിത്രെയുടെ മാതാവ് എഗ്ലാ മാത്രമാണ് ഭാര്യാപദമലങ്കരിച്ചിരുന്ന മഹിള. എഗ്ലയെ മറ്റു സ്ത്രീകളിൽ നിന്ന് പ്രത്യേകമയാണ് എണ്ണുന്നത്. അതിനർഥം മറ്റുള്ളവർക്ക് തുല്യ പദവി ഇല്ലായിരുന്നു എന്നാണ്. മുപ്പത്തിമൂന്ന് വർഷം ഭരിച്ച ജെറുസലേമിൽ ദാവീദിന് അനവധി ഭാര്യമാരും വെപ്പാട്ടികളുമുണ്ടായിരുന്നു. രണ്ടാംനിര സ്ത്രീകളിൽ അദ്ദേഹത്തിന് വലിയ തോതിൽ സന്താനങ്ങളുണ്ടായിരുന്നു. പതിമൂന്നെണ്ണത്തിന്റെ പേര് ബൈബിളിലുണ്ട്. ബൈബിൾ അത് ഉപസംഹരിക്കുന്നത് ഇപ്രകാരമാണ്. ***'ഇതാണ് ദാവീദിന്റെ സന്താനങ്ങൾ. വെപ്പാട്ടികളിലും അവരുടെ സഹോദരിയായ താമാരിലും ഉള്ള സന്താനങ്ങൾക്ക് പുറമെയാണിത്.'*** ഇതെല്ലാമായിട്ടും ദാവീദ് അത്യധികം മഹാനാണ്. ആയിരം വർഷങ്ങൾക്ക് ശേഷം ദിവ്യനായ യേശു ക്രിസ്തുവിന്റെ ബീജപരമ്പര അങ്കുരിച്ചത് ദാവീദിൽ നിന്നാണ് എന്നതിൽ ക്രിസ്ത്യാനികളുടെ ബൈബിളും ക്രിസ്ത്യൻ സഭയും അഭിമാനം കൊള്ളുകയാണ്.

(വിവ: എ.എം. - തുടരും)

# സ്നേഹം എന്ന വികാരം

ഔചിത്യ ബോധത്തോടെ പ്രകടിപ്പിക്കുമ്പോള്‍ മാത്രമാണ് സ്നേഹം എന്ന സഹജ വികാരം ഒരു ധാര്‍മിക ഗുണമായി മാറുന്നത്.

ഹദ്റത്ത് മിര്‍സാ ബശീറുദ്ദീന്‍ മഹ്മൂദ് അഹമദ് (റ)

സ്നേഹം മനുഷ്യര്‍ക്കും മറ്റു ജന്തുക്കള്‍ക്കും പൊതുവായുള്ളതാണ്. സ്നേഹത്തിന്‍റെ എതിരായിട്ടുള്ളത് വെറുപ്പാണല്ലോ. പ്രകൃതിദത്തമായ ഈ രണ്ടു വികാരങ്ങളും ധാര്‍മിക ഗുണമായി മാറ്റുകയാണ് ആവശ്യം. നമുക്ക് എല്ലാറ്റിനേയും സ്നേഹിക്കുവാനും എല്ലാറ്റിനേയും വെറുക്കാനും സാദ്ധ്യമല്ല. എന്നാല്‍ ഈ വികാരങ്ങള്‍ പ്രകടിപ്പിക്കുന്നതില്‍ നിയന്ത്രണങ്ങളും പരിധി നിശ്ചയങ്ങളും ആവശ്യമാണ്.

നമുക്ക് ആവശ്യമായിട്ടുള്ള വസ്തുക്കളെ, അല്ലെങ്കില്‍ നമുക്ക് ആശ്വാസം നല്‍കുകയോ, നമ്മുടെ ഇന്ദ്രിയങ്ങള്‍ക്ക് ആനന്ദം നല്‍കുകയോ ചെയ്യുന്ന വസ്തുക്കളെ നാം സ്നേഹിക്കുന്നു. ഇത് നന്മയൊന്നുമല്ല. എന്തെന്നാല്‍ ഈ സ്നേഹ വികാരം ജന്തുക്കള്‍ക്കു സഹജമായിട്ടുള്ളതാണ്. സ്നേഹം ഒരു ധാര്‍മിക ഗുണമായി മാറുന്നത് മൂന്നു വിധത്തിലാണ്. ഒന്ന് ശരിയായ അനുപാതത്തില്‍ പ്രകടിപ്പിക്കപ്പെടുമ്പോള്‍. അതായത് ഒരാള്‍ മറ്റൊരാളേക്കാള്‍ കുടുതല്‍ സ്നേഹിക്കപ്പെടുന്നതിന് അര്‍ഹനാണെങ്കില്‍ അയാള്‍ക്കത് ലഭിക്കുമാറാകണം. രണ്ട് ഭാവിയില്‍ ലഭിക്കുന്ന ഗുണഫലങ്ങളിലുള്ള പ്രത്യാശയുടെ അടിസ്ഥാനത്തില്‍. പ്രകടിപ്പിക്കപ്പെടുന്നതിനേക്കാള്‍ മുമ്പ് ലഭിച്ചിട്ടുള്ള ഗുണഫലങ്ങള്‍ക്കുള്ള നന്ദി ഭാവത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാകുമ്പോള്‍. ആദ്യത്തേതു സ്വാര്‍ഥ ലാഭേച്ഛയുടെ അടിസ്ഥാനത്തിലുള്ളതാണെങ്കില്‍ രണ്ടാമത്തേത് ബാദ്ധ്യതയുടെ അടിസ്ഥാനത്തിലുള്ളതാണ്. മൂന്ന് ഉടന്‍ ലഭിക്കുന്ന ഗുണഫലത്തെയല്ലാതെ വിദൂര ഭാവിയില്‍ ലഭിക്കാനിരിക്കുന്ന ഗുണഫലത്തെ അടിസ്ഥാനമാക്കിയുള്ളതാകുമ്പോള്‍. ഈ നിലകളില്‍ സ്നേഹം ഒരു ധാര്‍മിക ഗുണമായി മാറുന്നു. ഈ മൂന്നു നിയന്ത്ണങ്ങള്‍ക്കും വിധേയമായി സ്നേഹ വികാരം ഒരു സഹജ വികാരം മാത്രമല്ലാതെ ഒരു ഉത്തമ ധാര്‍മിക ഗുണമായിമാറുന്നു.

ഈ മൂന്നു നിബന്ധനകളും വിശുദ്ധ ഖുര്‍ആന്‍ നിര്‍ദേശിച്ചിട്ടുള്ളതാണ്. ഖുര്‍ആന്‍ പറയുന്നു:

***നിങ്ങളുടെ മാതാപിതാക്കളും നിങ്ങളുടെ മക്കളും നിങ്ങളുടെ സഹോദരന്മാരും നിങ്ങളുടെ ഭാര്യമാരും നിങ്ങളുടെ ഭര്‍ത്താക്കന്മാരും നിങ്ങളുടെ ഉറ്റവരും നിങ്ങള്‍ സമ്പാദിച്ച് വെച്ച മുതലുകളും, മോശമാകുമെന്ന് നിങ്ങള്‍ പേടിച്ചുകഴിയുന്ന നിങ്ങളുടെ വാസസ്ഥലങ്ങളും രമ്യഹര്‍മങ്ങളും അല്ലാഹുവിനെക്കാളും അവന്‍റെ റസൂലിനെക്കാളും ദൈവമാര്‍ഗത്തിലുള്ള പ്രയത്നങ്ങളെക്കാളും നിങ്ങള്‍ക്ക് പ്രിയങ്കരമായിട്ടുള്ളതാണെങ്കില്‍ നിങ്ങളെക്കുറിച്ചുള്ള ഒരു ദൈവ വിധിയെ കാത്തിരുന്നുകൊള്‍ക.! തങ്ങളുടെ ഉത്തരവാദിത്തങ്ങള്‍ വിസ്മരിക്കുന്നവരെ അല്ലാഹു നേര്‍വഴിയിലാക്കുന്നില്ല.***
***(9:24)***

നമ്മുടെ സ്നേഹം, അര്‍ഹിക്കുന്നവരോട് പുലര്‍ത്തേണ്ട സ്നേഹത്തിന്‍റെ അനുപാതമാണ് ഇവിടെ വിവരിച്ചിട്ടുള്ളത്. സ്നേഹം എന്ന സഹജ വികാരത്തെ ഒരു ധാര്‍മിക ഗുണമാക്കിമാറ്റണമെങ്കില്‍ നമ്മുടെ സ്നേഹം നിശ്ചിതമായ അനുപാതത്തിലുള്ളതായിരിക്കണം. ഒരോരുത്തരുടേയും പദവികളും നിലയും അനുസരിച്ചുള്ളതായിരിക്കണം, മാതാപിതാക്കന്മാരെയും ഭാര്യമാരെയും അവരെനിലക്കൊത്തും സ്നേഹിക്കേണ്ടതാണ്. അപ്രകാരമല്ലാത്ത പക്ഷം സ്നേഹം വെറുമൊരു വികാര പ്രകടനം മാത്രമായിരിക്കും. ഉദാഹരണമായി ഭാര്യക്ക് വേണ്ടി ഒരാള്‍ മാതാപിതാക്കന്മാരെ കൈവെടിയുകയാണെങ്കില്‍, സ്വന്തം മുതലുകള്‍ സംരക്ഷിക്കാതിരിക്കാനായി ജന്മനാടിന്‍റെ വിളി കേള്‍ക്കാതിരിക്കുകയാണെങ്കില്‍ അത്തരമൊരാള്‍ സ്നേഹിക്കുന്നു എന്നത് കൊണ്ട് മാത്രം നല്ലവനായി കരുതാവുന്നതല്ല തന്നെ. എന്നാല്‍ അത് യുക്തിയും വിവേകവും മൂലം നിയന്ത്രിച്ചിട്ടില്ലായെങ്കില്‍ ഒരു ധാര്‍മിക ഗുണമാകുന്നില്ല.

രണ്ടാമത്തെ നിബന്ധന ഒരാള്‍ ഇപ്പോള്‍ അനുഭവിക്കുന്ന ഗുണഫലങ്ങളെയോ, ഭാവിയില്‍ അനുഭവിക്കാനിരിക്കുന്ന ഗുണഫലങ്ങളെയോ പരിഗണിച്ചു കൊണ്ടിരിക്കുന്ന സ്നേഹമാണ്. അനുഭവിച്ചു കൊണ്ടിരിക്കുന്ന ഗുണഫലങ്ങളെ അപേക്ഷിച്ച് അനുഭവപ്പെട്ടുകഴിഞ്ഞ ഗുണഫലങ്ങളുടെ അടിസ്ഥാനത്തിലുള്ള സ്നേഹ പ്രകടനമാണ് ഉത്തമ ധര്‍മം. ഈ നിബന്ധന വെച്ചു നോക്കിയാല്‍ മക്കളോടുള്ള സ്നേഹം കേവലം ഒരു സഹജ വികാരവും മാതാപിതാക്കളോടുള്ള

സ്നേഹം ഒരു ധാർമിക ഗുണമാണെന്നും കാണാം. മാതാപിതാക്കന്മാർക്ക് മക്കളോടുള്ള സ്നേഹം തലമുറ നിലനിർത്താനുള്ള സഹജ പ്രേരണയുടെ പ്രകടനമാകുന്നു. മാതാപിതാക്കൾ മക്കളോടു അനുവർത്തിക്കാൻ പ്രകൃതി നിശ്ചയിച്ച ധർമങ്ങൾ അവ മുമ്പു തന്നെ നിർവഹിച്ചു കഴിഞ്ഞിരിക്കയാൽ അവരുടെയാ വികാരം പ്രയോജനമില്ലാത്തതാണ്. എന്നാൽ മാതാപിതാക്കളോട് ഒരു പുത്രന്‍ കാണിക്കേണ്ട സ്നേഹാദരം ഒരു ധാർമിക ഗുണമാകുന്നു. മാതാപിതാക്കളിൽ നിന്ന് തന്റെ ശൈശവത്തിലും ബാല്യത്തിലും, ലഭിച്ചുകഴിഞ്ഞ ഉപകാരത്തിന്റെ സ്മരണ എന്ന നിലയിൽ അവർ കാണിച്ച സ്നേഹവായ്പിന് പകരമായി അവരോടും സ്നേഹാദരങ്ങൾ കാണിക്കുകയും തന്റേതായ എല്ലാം സംത്യജിച്ചും അവർക്ക് എല്ലാ സുഖങ്ങളും ആശ്വാസങ്ങളും ഒരുക്കുവാൻ ഒരുങ്ങുകയും ആണ് അവർ ചെയ്യുന്നത്. അതുകൊണ്ട് തന്നെയാണ് **'സ്വർഗം മാതാവിന്റെ കാലിനടിയിലാണ് '** എന്ന് ഇസ്‌ലാം പറയുന്നത്. സ്വർഗം മക്കളുടെ കാലിനടിയിലാണെന്ന് പറഞ്ഞില്ല. ബുദ്ധിയുള്ള ഏതൊരാളും മക്കളെ സ്വാഭാവികമായും സ്നേഹിക്കും. എന്നാൽ എല്ലാവരും തങ്ങളുടെ മാതാപിതാക്കളെ സ്വാഭാവികമായും സ്നേഹിക്കണമെന്നില്ല. മറിച്ച് സ്വന്തം മക്കളുടെ നിസ്സാര കാര്യങ്ങളെ മുൻനിർത്തി മാതാപിതാക്കന്മാരെ കയ്യൊഴിച്ചതിലേക്കു എത്രയോ ഉദാഹരണങ്ങൾ എടുത്തു കാണിക്കാനാവും. ഇത് ഉത്തമ ധാർമിക ഗുണമാണെന്ന് ആരെങ്കിലും പറയുമോ?

സ്നേഹം ഒരു സഹജ വികാരമെന്ന നിലയിൽ ധാർമിക ഗുണമായി മാറുന്നതിനാവശ്യമായ മൂന്നാമത്തെ ഉപാധി ഉടനെ ലഭിക്കുന്ന ഗുണഫലത്തെയും സുഖാനുഭൂതിയേയും മാത്രമല്ലാതെ വിദൂര ഭാവിയിലെ ഗുണ ഫലത്തെ ആശ്രയിച്ചിരിക്കണം അതെന്നതാണ്. ഒരാൾ ഒരു വസ്തുവിനെ സ്നേഹിക്കുന്നു എന്നു കരുതുക. ആ സ്നേഹം അയാളുടെ മത വിശ്വാസത്തെയോ ധാർമികതയേയോ പ്രത്യക്ഷത്തിൽ അപകടപ്പെടുത്തുന്നതുമാണ്. അങ്ങനെ വരുമ്പോൾ ആ സ്നേഹം വെറുമൊരു സ്വാഭാവിക വികാരമല്ലാതെ ധാർമിക ഗുണമാകുന്നില്ല. എന്തെന്നാൽ അങ്ങനെയുള്ള സ്നേഹത്തിന്റെ അനിവാര്യ ഫലം നല്ലതല്ല ചീത്ത തന്നെയായിരിക്കും. മറ്റൊരുദാഹരണം ഒരു മാതാവ് തന്റെ കുട്ടിയെ അവന്റെ തെറ്റുകുറ്റങ്ങളെ ആസ്പദമാക്കി ശാസിക്കുവാൻ ഒരുങ്ങുന്നില്ലെന്ന് വിചാരിക്കുക. അത് അവനോടുള്ള സ്നേഹം കൊണ്ടാണെങ്കിൽ ഈ സ്നേഹം വെറുമൊരു വികാര പ്രകടനമല്ലാതെ ധാർമിക ഗുണമാകുന്നില്ല. ധാർമിക ഗുണമാകണമെങ്കിൽ കുട്ടിയെ ശാസിക്കുകയും തെറ്റു തിരുത്താൻ പ്രേരിപ്പിക്കുകയും ആണ് ചെയ്യേണ്ടിയിരുന്നത്. കാരണം കുട്ടിയുടെ യഥാർഥ നന്മ ആ ഘട്ടത്തിൽ അവനെ ശാസിക്കുന്നതിലാണ്. താലോലിക്കുന്നതില്ല. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ നൽകുന്ന പാഠമിതാണ്: **'അല്ലയോ വിശ്വാസികളേ യഥാർഥമായ സ്നേഹം ഇതാണ് നിങ്ങൾ നിങ്ങളെ തന്നെയും നിങ്ങളുടെ ഭാര്യാമക്കളെയും നാശത്തിൽ നിന്ന് രക്ഷിക്കുവീൻ! '(66:7)**

**പേജ് 30 ൽ നിന്ന് തുടർച്ച**

മുഴുവൻ കുടിക്കുകയും ദൈവത്തിന് നന്ദി പ്രകടിപ്പിച്ച ശേഷം വാതിലടക്കുകയും ചെയ്തു. (ബുഖാരി കിതാബു രിഖാഖ്) ഹദ്‌റത്ത് അബൂഹുറൈറ(റ)ക്ക് എല്ലാവരെക്കാളും ഒടുവിലായി പാൽ നൽകിയത് അദ്ദേഹം ദൈവത്തിൽ വിശ്വാസം അർപ്പിച്ച് കൊണ്ട് വിശപ്പിന്റെ യാതനകൾ കൂടുതൽ സഹിക്കണമെന്നും പരോക്ഷമായിട്ടു പോലും തന്റെ കാര്യത്തിൽ ശ്രദ്ധ ക്ഷണിക്കരുതായിരുന്നുവെന്നും സൂചിപ്പിക്കാനായിരിക്കാം.

എപ്പോഴും വലതു കൈകൊണ്ട് തന്നെയാണ് തിരുനബി (സ) ഭക്ഷണ പാനീയങ്ങൾ കഴിക്കാറുണ്ടായിരുന്നത്. എന്തെങ്കിലും കഴിക്കുമ്പോൾ ഇടക്ക് മുന്ന് തവണയെങ്കിലും ശ്വാസം വിടാനായി നിർത്തും. ദാഹിച്ച ഒരാൾ ഒറ്റയടിക്ക് വെള്ളം കുടിക്കുമ്പോൾ ദഹനത്തെ കുഴക്കുമാറ് കൂടുതൽ വെള്ളം കുടിച്ചുപോകാൻ ഇടയുമുണ്ട് എന്നതായിരിക്കാം ഇങ്ങനെ നിർദേശിക്കാനുള്ള കാരണം. ശുദ്ധവും അനുവദനീയവുമായ എല്ലാം തിന്നുക എന്നതാണ് അവിടുന്ന് ആഹാരത്തിന്റെ കാര്യത്തിൽ സ്വീകരിച്ച് പോന്ന മര്യാദ. രുചിയുള്ളതിൽ കൂടുതൽ താൽപര്യം കാണിക്കുന്ന സ്വഭാവം ഇല്ലായിരുന്നു. മറ്റുള്ളവർക്ക് അവരുടെ ന്യായമായ പങ്ക് നഷ്ടപ്പെടുത്തും വിധം അവിടുന്ന് തിന്നുമായിരുന്നില്ല. നേരത്തെ പ്രസ്താവിച്ചത് പോലെ, അദ്ദേഹത്തിന്റെ ആഹാരം വളരെ ലളിതമായിരുന്നു. വിശേഷ വിഭവം വല്ലതും തയ്യാറാക്കി തിരുമേനി (സ)ക്ക് കൊടുത്തയച്ചാൽ അത് കഴിക്കാൻ മടിക്കാറുണ്ടായിരുന്നില്ല. നല്ല രുചിയുള്ള ആഹാരം തന്നെ കിട്ടണമെന്ന നിർബന്ധം ഉണ്ടായിരുന്നില്ല. എങ്കിലും തേനും പഴവും ഈത്തപ്പഴവും കഴിക്കുന്നതിൽ തിരുമേനി(സ) പ്രത്യേകം പ്രതിപത്തി കാണിച്ചിരുന്നു. ഈത്തപ്പഴത്തെ സംബന്ധിച്ചിടത്തോളം ഒരു മുസ്‌ലിമിന് അതിനോട് പ്രത്യേകം ബന്ധമുണ്ടെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. ഈത്തപ്പനയുടെ ഇലകളും തൊലിയും പച്ചയോ പഴുത്തതോ കായയും ഉണങ്ങിപ്പിരിഞ്ഞ കാരക്കയും എല്ലാം തന്നെ എന്തെങ്കിലും ഉപകാരത്തിനുള്ളതാണ്. അതിന്റെ ഒരു ഭാഗവും പ്രയോജന രഹിതമല്ല. ഒരു യഥാർഥ മുസ്‌ലിം ഇങ്ങനെയായിരിക്കണം. അവന്റെ ഒരു പ്രവർത്തിയും ഉപകാരമില്ലാത്തതാവരുത്. മനുഷ്യരുടെ ക്ഷേമത്തെ ഉന്നമാക്കിയിട്ടാവണം അവന്റെ എല്ലാ നീക്കങ്ങളും അനക്കങ്ങളും. (ബുഖാരി, മുസ്‌ലിം)

# ലൈംഗികതയും ക്രിസ്തു സഭയും

## മുസാഫിർ

കത്തോലിക്കാ സഭയിലെ പുരോഹിതശ്രേണി ലോകത്തിന്റെ പല ഭാഗത്ത് നിന്നുമുള്ള ലൈംഗികാരോപണങ്ങളുടെ കൊടുങ്കാറ്റിൽ ആടിയുലയുകയാണ്. അമേരിക്കയിലെ മിക്ക സ്റ്റേറ്റുകളിലും യൂറോപ്പിലെല്ലായിടത്തും ഇത്തരം കേസുകൾ പെരുകി വരുന്നു. അമേരിക്കയിലെ പെൻസിൽവാനിയാ സ്റ്റേറ്റിൽ 1000 ത്തോളം കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചതിന് 300 കത്തോലിക്കാ പുരോഹിതർക്കെതിരെ ഉയർന്ന ആരോപണങ്ങളിൽ ഇത് വരെ നടപടിയെടുക്കാതെ മൂടിവെച്ചതിന്റെ പേരിൽ അമേരിക്കയിലും ഫ്രാൻസിസ് മാർപാപ്പയുടെ സന്ദർശനം നടത്തുന്ന സ്ഥലങ്ങളിലെല്ലാം അപ്രതിരോധ്യമാം വിധം വൻ പ്രതിഷേധം ഏറിവരികയായിരുന്നു. അതിനെ തുടർന്ന് പെൻസിൽവാനിയ പീഡന കേസുകൾ അന്വേഷിക്കാൻ വത്തിക്കാൻ നിയോഗിച്ച ഗ്രാൻഡ് ജുറിയുടെ 900 പേജുള്ള അന്വേഷണ റിപ്പോർട്ട് മൂന്ന് മാസം മുമ്പ് 2018 ആഗസ്തിലാണ് പ്രസിദ്ധീകരിച്ചത്. കത്തോലിക്കാ പുരോഹിതർ നടത്തിയ ലൈംഗിക പീഡനങ്ങളിൽ ലജ്ജയും ദുഃഖവു(Shame and Sorrow)മുണ്ട് എന്ന് പറഞ്ഞാണ് പോപ്പിന്റെ വത്തിക്കാൻ വക്താവ് അസന്ദിഗ്ദമാം വിധം ലൈംഗിക പീഡനങ്ങളെ അപലപിച്ചത്. (The Guardian. Aug 2018) അമേരിക്കയിലെ ഡള്ളസിലെ കത്തോലിക്കാ രൂപത 1988 ൽ ഇത്തരത്തിൽ ഇരയാക്കപെട്ട 12 കുട്ടികൾക്ക് 30.9 ദശലക്ഷം ഡോളറാണ് നഷ്ട പരിഹാരം നൽകിയത്. 2003 ജൂലായിയിൽ അമേരിക്കയിലെ തന്നെ കെന്റക്കി സ്റ്റേറ്റിൽ ലുയീസ്‌വില്ലി രൂപതയിലെ 34 പുരോഹിതന്മാരുടെ പീഡനകേസുകൾ ഒത്തുതീർക്കാൻ 25.7 ദശലക്ഷം ഡോളറും, 2003 ൽ ബോസ്റ്റനിലെ 552 കുട്ടികൾ ഇരയാക്കപ്പെട്ടതിൽ 85 ദശലക്ഷം ഡോളറും 2004 ൽ ഓറഞ്ചിൽ 100 ദശലക്ഷവും 2007 ൽ പോർട്ട് ലണ്ടിൽ 75 ദശ ലക്ഷവും ലോസ് ആഞ്ചലസിൽ 660 ദശലക്ഷവും നഷ്ടപരിഹാരം കൊടുത്ത് കത്തോലിക്ക സഭ പാപ്പരായിക്കൊണ്ടിരിക്കുകയാണ്. അമേരിക്കയിലെ മാത്രം കത്തോലിക്കാ പുരോഹിതന്മാരുടെ ലൈംഗിക പീഡനങ്ങളെ കുറിച്ച് അന്വേഷിച്ച ജോൺ റേ റിപ്പോർട്ട് (2004) പറയുന്നത് അമേരിക്കയിൽ മാത്രം 4392 പുരോഹിതന്മാരെ കുറിച്ച് 11,000 ആരോപണങ്ങളുണ്ട് എന്നാണ്. ജർമനിയിൽ 1946നും 2014നുമിടയിൽ 1670 കത്തോലിക്കാ പുരോഹിതർ പ്രായ പൂർത്തിയാകാത്ത 3677 കുട്ടികളെ ലൈംഗിക പീഡനത്തിനിരയാക്കി എന്ന് ജർമൻ ബിഷപ്പ് കോൺഫറൻസ് നിയമിച്ച കമ്മീഷൻ സമർപ്പിച്ച ഒരു റിപ്പോർട്ട് സ്പിഗെൽ ഓൺ ലൈൻ ഡി സിറ്റ് (Spiegel Online and Die Zeit) എന്നീ രണ്ട് പ്രസിദ്ധീകരണങ്ങളാണ് പുറത്ത് കൊണ്ട്വന്നത്. (Time-September 13, 2018 -New Report Details Over 3,600 Sex



Abuse Cases Spanning Decades in the German Catholic Church) നൂറ്റാണ്ടുകളായി ഈ വിധത്തിൽ ലൈംഗിക കുറ്റാരോപണങ്ങൾക്ക് സഭ വിധേയമായിക്കൊണ്ടിരിക്കുകയാണ്. ജനകീയനും ജനപ്രിയനുമായ ഫ്രാൻസിസ് മാർപാപ്പ ലൈംഗിക പീഡകരായ പുരോഹിതന്മാരോട് സീറോ ടോളറൻസാണ് കാണിക്കുകയെന്ന് മുന്നറിയിപ്പ് നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിരവധി പുരോഹിതന്മാരെ തൽസ്ഥാനത്തു നിന്ന് പിരിച്ചുവിട്ടു. അമേരിക്കയിലെ ഏറ്റവും പ്രമുഖനായ കത്തോലിക്കാ കർദിനാൾ തിയോഡാർ മാക്ക് കാരിക്ക് രാജിവെച്ച് സ്ഥാനമൊഴിയുകയുണ്ടായി. പരസ്പര സമ്മതത്തോടെയുള്ള ലൈംഗിക വേഴ്ച്ച അവിടുത്തെ സിവിൽ കോടതികൾക്ക് മുമ്പിൽ കുറ്റകൃത്യം എന്ന വകുപ്പിൽ പെടാത്തത് കൊണ്ട് ബലാൽക്കാരമായി നടത്തുന്ന ലൈംഗിക പീഡനങ്ങളാണ് കുറ്റാരോപണങ്ങളായി പുറത്തു വരുന്നത്. സഭക്കകത്തുണ്ടാകുന്ന ലൈംഗിക കുറ്റങ്ങൾ സഭമാത്രം ഒതുക്കിത്തീർത്താൽ പോരാ രാജ്യത്തെ നിയമം അനുശാസിക്കും വിധം അത് പോലീസിനെ അറിയിക്കണം എന്ന അഭിപ്രായവും ഉയർന്ന് വന്നിട്ടുണ്ട്.

ഇപ്പോഴിതാ നമ്മുടെ കേരളത്തിലും സഭക്കകത്തുള്ള ലൈംഗിക പീഡനങ്ങൾകൊണ്ട് പൊറുതിമുട്ടിയ കന്യാസ്ത്രീകൾ ജുഗുപ്സാവഹമായ പീഡന കഥകൾ പുറത്ത് കൊണ്ട് വന്നിരിക്കുന്നു. വർഷങ്ങളോളമായി അവരുടെ വേദനകളും പരാതികളും സഭയുടെ അധികാരകേന്ദ്രങ്ങളെ അറിയിച്ചിട്ടും അപകടകരമാം വിധം അവർ ഭീഷണികൾക്കും പീഡനങ്ങൾക്കും തുടർന്നും വിധേയമാവുകയായിരുന്നു. അവസാനം ജനകീയ കൂട്ടായ്മയുടെ പിൻബലത്തോടെ എറണാകുളം ഹൈക്കോടതിക്ക് മുമ്പിൽ പൊതുസ്ഥത്ത് സമരം നടത്തിയതിനെ തുടർന്ന് പീഡകനായ ബിഷപ്പിനെ പോലീസ് അറസ്റ്റ് ചെയ്യുകയും ജയിലിലടക്കുകയും ചെയ്തിരിക്കയാണ്. ക്രൈസ്തവസഭകളിലെ കന്യാസ്ത്രീകൾ മിണ്ടാപ്രാണികളെക്കാൾ ദയനീയമായ അടിമത്തവും അസ്വാതന്ത്ര്യവും അനുഭവിക്കുന്നവരാണ്. ചെറുപ്രായത്തിൽ തങ്ങൾ മനസ്സിലാക്കിയ ആത്മീയ ജീവിതം ആഗ്രഹിച്ച് വിവാഹ ജീവിതവും കുടുംബ ജീവിതവുമടക്കം എല്ലാ ലൗകിക ബന്ധങ്ങളും അവസാനിപ്പിച്ച് ജീവിതാന്ത്യം വരെ സഭയെ ശുശ്രൂഷിക്കാനിറങ്ങിയവരാണ് കന്യാസ്ത്രീകൾ. സമരപന്തലിലെ കന്യാസ്ത്രീ സഹോദരിമാരുടെ കണ്ണുനീർ മനസ്സാക്ഷിയുള്ളവരെയെല്ലാം വേദനിപ്പിക്കുകയുണ്ടായി. അത്യന്തം നിയന്ത്രിതമായ സാഹചര്യത്തിൽ ജീവിക്കുന്ന അവരെ പീഡിപ്പിക്കുകയും ദ്രോഹിക്കുകയും ചെയ്ത ശക്തനായ പുരോഹിത മേധാവിയെ നിയമത്തിന്റെ മുന്നിൽ കൊണ്ട് വന്നതിൽ കേരള സമൂഹം അഭിനന്ദനമർഹിക്കുന്നു.

കേരളത്തിലെ ക്രിസ്തീയ മിഷണറികൾ അഭിനന്ദനീയമായ സേവനപാരമ്പര്യമുള്ളവരാണ്. ആതുര ശുശ്രൂഷാ രംഗത്തും വിദ്യാഭ്യാസ രംഗത്തും മലയാള ഭാഷാ സാഹിത്യ രംഗത്തും ജീവകാരുണ്യ പ്രവർത്തനത്തിലും നിസ്തുല സേവനമർപ്പിച്ചവരുമാണ്. ആ സഭയാണ് ലൈംഗിക പീഡന വിവാദങ്ങളുടെ കൊടുങ്കാറ്റിലും ഭൂകമ്പങ്ങളിലും പെട്ട് ആടിയുലയുന്നത്. ലോകം മുഴുവനുമുള്ള ക്രിസ്തു സഭകളിൽ സംഭവിക്കുന്ന ഈ ലൈംഗിക വിവാദങ്ങളുടെ മൂലകാരണം എന്താണ്? വളരെ ലളിതമായി ഉത്തരം കണ്ടെത്താവുന്ന ഇതിന്റെ അടിസ്ഥാന കാരണം പൊതു മാധ്യമങ്ങളിൽ ആരും ചർച്ച ചെയ്തു കാണുന്നില്ല. മതപുരോഹിതന്മാർക്ക് വിവാഹാധിഷ്ഠിതമായ ഉത്തരവാദിത്വമുള്ള ലൈംഗിക ജീവിതം നിഷേധിക്കുന്നത് കൊണ്ടാണ് ഇത്തരം ലൈംഗിക പീഡനങ്ങളുടെയും അതിനെ തുടർന്നുള്ള കുറ്റകൃത്യങ്ങളുടെയും കൂത്തരങ്ങായി സഭ മാറുന്നതിന്റെ മുഖ്യകാരണം.

മഹാനായ യേശു പഠിപ്പിക്കാത്തതും മനുഷ്യന്റെ പ്രകൃതിക്കും യഥാർഥ്യങ്ങൾക്കും യോജിക്കാത്തതുമായ കൃത്രിമ അധ്യാത്മിക സദാചാരം അഥവാ ബ്രഹ്മചര്യം ദൈവശാസ്ത്രപരമായും പ്രാമാണികവുമായ പുനർവിചിന്തനത്തിന് സഭ വിധേയമാക്കേണ്ടതുണ്ട്. സന്യസ്ത ജീവിതം (മൊണാസ്റ്റിസം) മനുഷ്യകൃതമായ ഒരു ആത്മീയ തീവ്രവാദമാണ്. ക്രിസ്തുമതത്തിലുള്ളത് പോലെ ഇത്രയും അസൂത്രിതവും സ്ഥാപനവത്കൃതമായും സന്യസ്ത ജീവിതം അഥവാ ബ്രഹ്മചര്യം മറ്റൊരു മതസമൂഹവും ആചരിക്കുന്നില്ല. അത് യുക്തി പൂർണമായ ഒരു ദൈവിക അദ്ധ്യാപനമല്ല. അത്പാലിക്കാൻ മനുഷ്യന് സാധാരണ ഗതിയിൽ സാദ്ധ്യവുമല്ല. സന്യസ്ത ജീവിതത്തോട് വളരെ ചിന്തോദ്ദീ

ലോകം മുഴുവ നുമുള്ള ക്രിസ്തു സഭകളിൽ സംഭവിക്കുന്ന ഈ ലൈംഗിക വിവാദങ്ങളുടെ മൂലകാരണം എന്താണ്? വളരെ ലളിതമായി ഉത്തരം കണ്ടെത്താവുന്ന ഇതിന്റെ അടിസ്ഥാന കാരണം പൊതു മാധ്യമങ്ങളിൽ ആരും ചർച്ച ചെയ്തു കാണുന്നില്ല. മതപുരോഹിതന്മാർക്ക് വിവാഹാധിഷ്ഠിതമായ ഉത്തരവാദിത്വമുള്ള ലൈംഗിക ജീവിതം നിഷേധിക്കുന്നത് കൊണ്ടാണ് ഇത്തരം ലൈംഗിക പീഡനങ്ങളുടെയും അതിനെ തുടർന്നുള്ള കുറ്റകൃത്യങ്ങളുടെയും കൂത്തരങ്ങായി സഭ മാറുന്നതിന്റെ മുഖ്യകാരണം.

പകമായ ഒരു വചനം ഖുർആൻ വളരെ വ്യക്തമായി രേഖപ്പെടുത്തുന്നു. ക്രിസ്തുവിനേയും ക്രിസ്തു മതത്തേയും അങ്ങേയറ്റം ആദരിക്കുന്ന വിശുദ്ധ ഖുർആൻ ക്രിസ്ത്യാനികളെ വാഴ്ത്തി പറഞ്ഞുകൊണ്ട് അവർ സ്വീകരിച്ച ഈ കൃത്രിമമായ ആത്മീയ മാർഗത്തെ തിരുത്തി പറയുന്നത് കാണുക.

***'മർയമിന്റെ പുത്രൻ ഈസയേയും തുടർന്ന് നാം അയച്ചു. അദ്ദേഹത്തിന് നാം ഇഞ്ചീൽ (സുവിശേഷം) നൽകി. അദ്ദേഹത്തെ പിൻപറ്റിയവരുടെ ഹൃദയത്തിൽ നാം കൃപയും കാരുണ്യവും സംജാതമാക്കി. പക്ഷേ സന്യാസി സമ്പ്രദായത്തെ (ബ്രഹ്മചര്യം) അവർ നൂതനമായി കെട്ടിചമച്ചുണ്ടാക്കിയതാണ് അല്ലാഹുവിന്റെ തൃപ്തിയെ ആഗ്രഹിക്കുക എന്നതല്ലാതെ (മറ്റൊന്നും) നാം അവരോട് പറഞ്ഞിട്ടില്ല. എന്നിട്ട് അത് അവർ വേണ്ട വിധം പാലിച്ചതുമില്ല. എന്നാൽ അവരിൽ നിന്ന് സത്യ വിശ്വാസം കൈകൊണ്ടവർക്ക് അവരുടെ പ്രതിഫലം നാം നൽകി.'(വിശുദ്ധ ഖുർആൻ 57: 28).***

ബൈബിൾ പഴയ നിയമത്തിൽ പറഞ്ഞ പുണ്യാത്മാക്കളെല്ലാം തന്നെ വിവാഹിതരും ഭാര്യാമക്കളോടൊപ്പം ജീവിതം നയിച്ചവരുമാണ്. ബൈബിൾ പഴയ നിയമത്തിൽ മനുഷ്യനെ ദൈവം സൃഷ്ടിച്ചതിന് ശേഷം ആദ്യം നൽകിയ ഉപദേശം വിവാഹം കഴിച്ച് സന്താന പുഷ്ടിയോടെ ജീവിക്കുക എന്നാണ്. ദൈവം തന്റെ ഉദ്ദേശത്തെ പറ്റി പറയുന്നു: ***'അങ്ങനെ ദൈവം സ്വന്തം പ്രതിഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു. അവരോട് അരുൾ ചെയ്തു: നിങ്ങൾ സന്താന പുഷ്ടിയോടെ പെരുകി ഭൂമിയിൽ നിറഞ്ഞ് ഭൂമിയെ കീഴടക്കുക.' (ഉൽപത്തി 1: 27-29) 'അത്കൊണ്ട് പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോട് പറ്റിച്ചേരും.' (ഉൽപത്തി 2:24)***

പുതിയ നിയമത്തിൽ വിവാഹ ജീവിതത്തെ വാഴ്ത്തിക്കൊണ്ടുള്ള യേശുവിന്റെ അദ്ധ്യാപനം ബൈബിൾ പറയുന്നത് നോക്കൂ: ***'അവൻ (യേശു) മറുപടി പറഞ്ഞു: ആദിയിൽ സ്രഷ്ടാവ് മനുഷ്യരെ ആണും പെണ്ണുമായി സൃഷ്ടിച്ചു. ഇക്കാരണത്താൽ പുരുഷന്മാർ മാതാപിതാക്കളെ വിട്ട് ഭാര്യയോട് ചേരണം. അവർ ഇരുവരും ഒരു ശരീരമായി തീരണം എന്ന് കൽപ്പിച്ചു. ഇതൊന്നും നിങ്ങൾ വായിച്ചിട്ടില്ലേ? അതിനാൽ പിന്നീട് അവർ രണ്ടല്ല. ഒരു ശരീരമാണ്. ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപ്പെടുത്താതിരിക്കട്ടെ.' (മത്തായി 19:4-7)*** യേശുവിന്റെ ആദ്യകാല ശിഷ്യന്മാരിൽ മഗ്ദലന മറിയം മാത്രമല്ല. ഹെറോദയുടെ കലവറക്കാരനായ ഖുസയുടെ ഭാര്യ യോവന്ന, സൂസന്ന എന്നിവരും യേശുവിനെ അനുധാവനം ചെയ്തിരുന്ന വിശുദ്ധ ശിഷ്യകളായിരുന്നു. (ലൂക്കോസ് 8:1-3)

യേശു ബ്രഹ്മചര്യം സ്വീകരിച്ച ആളാണ് എന്നതിന് ബൈബിളിൽ യാതൊരു തെളിവുമില്ല. മതഗ്രന്ഥങ്ങൾ ചരിത്ര രചനാ ശാസ്ത്രത്തിന്റെ സങ്കേതങ്ങളുപയോഗിച്ച് എഴുതപ്പെടുന്ന ഗ്രന്ഥങ്ങളല്ല എന്ന കാര്യം ശരിതന്നെ. യേശു എന്നൊരാൾ ജീവിച്ചിരുന്നു എന്ന ചരിത്ര യഥാർഥ്യം തന്നെ ബൈബിളിന്റെ അടിസ്ഥാനത്തിൽ തെളിയിക്കപ്പെടാൻ സാദ്ധ്യമല്ല എന്ന യാഥാർഥ്യം നാം അംഗീകരിക്കണം. യേശുവിന്റെ നിരവധി ജീവിത സാഹചര്യങ്ങളും സംഭവങ്ങളും അപ്രകാശിതമായിരിക്കെ യേശു ബ്രഹ്മചര്യം സ്വീകരിച്ച അവിവാഹിതനായിരുന്നു എന്നതിന് യാതൊരു സൂചനയും ബൈബിളിലില്ല. മറിച്ച് യേശു വിവാഹിതനായിരുന്നു എന്ന് മാത്രമല്ല ബഹുഭാര്യനുമായിരുന്നു എന്നുള്ളതിന് സുവിശേഷങ്ങൾ തെളിവ് നൽകുന്നുണ്ട്. യേശുവിന്റെ ചരിത്രപരമായ അസ്തിത്വം സ്ഥാപിക്കുന്നതിനേക്കാൾ വ്യക്തമായി യേശു വിവാഹിതനായിരുന്നു എന്ന കാര്യം ബൈബിളിൽ നിന്ന് സ്ഥാപിക്കാൻ എളുപ്പത്തിൽ കഴിയും എന്നതാണ് വാസ്തവം. വിശുദ്ധ ഖുർആനും യേശു വിവാഹിതനായിരുന്നു എന്ന വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഖുർആൻ പറയുന്നു: ***'സത്യമായും നിനക്ക് മുമ്പ് (മുഹമ്മദ് നബി) നാം പല ദൂതന്മാരേയും അയച്ചിട്ടുണ്ട്. അവർക്ക് ഭാര്യമാരെയും സന്താനങ്ങളെയും നാം നൽകി.' (സൂറ: റഅദ്- 13:39)*** മുഹമ്മദ് നബി (സ)ക്ക് തൊട്ട് മുമ്പ് വന്ന പ്രവാചകൻ ഹദ്റത്ത് ഇസാ (യേശു) അവിവാഹിതനും വിഭാര്യനുമാണെങ്കിൽ തീർച്ചയായയും ഖുർആനും പ്രവാചകനും അക്കാര്യം സൂചിപ്പിക്കുമായിരുന്നു. മാത്രമല്ല വിവാഹ ജീവിതം പ്രവാചകന്മാരുടെ മാതൃകയാണ് എന്നാണ് ഖുർആൻ പറയുന്നത്.


സന്യസ്ത ജീവിതമാണ് ശ്രേഷ്ഠമായ ജീവിതമാർഗമെന്ന വീക്ഷണം ക്രിസ്തു സഭയിൽ അവതരിപ്പിച്ചത് സെന്റ് പോളാണ്. ക്രിസ്തുവിന്റെ യഥാർഥ അദ്ധ്യാപനങ്ങളിൽ നിന്നുള്ള എല്ലാ വ്യതിയാനങ്ങൾക്കും കാരണം സെന്റ് പോൾ ആണല്ലോ. ക്രിസ്തുമതത്തെ അദ്ദേഹം തന്റെ സ്വന്തം വീക്ഷണങ്ങൾക്കനുസരിച്ച് രൂപപ്പെടുത്തുകയായിരുന്നു. ക്രിസ്തുമതത്തെ പോളിസം എന്ന് വിളിക്കാനാണ് പല പണ്ഡിതന്മാരും താൽപര്യപ്പെട്ടിരുന്നത് അത്രമാത്രം സെന്റ് പോളിന്റെ കൈകടത്തലിന് ക്രിസ്തുമതം വിധേയമായിട്ടുണ്ട്. ക്രിസ്തു ജീവിച്ചിരുന്ന കാലമത്രയും ക്രിസ്തുവിനെയും ക്രിസ്ത്യാനികളെയും വേട്ടയാടിയിരുന്ന ആളാണ് സെന്റ് പോൾ. ക്രിസ്തുവിരോധിയും അതോടൊപ്പം തന്നെ സ്ത്രീവിരുദ്ധനുമായ സെന്റ് പോൾ കുരിശ് സംഭവത്തിന് ശേഷം ക്രിസ്തു ഗലീലിയിൽ നിന്ന്

പലായനം ചെയ്തപ്പോൾ തനിക്ക് ഒരു ആത്മ ദർശനമുണ്ടായി എന്ന് പറഞ്ഞാണ് നാടകീയമായി പൗലോസ് അപ്പോസ്തലൻ ക്രിസ്തു മതം സ്വീകരിച്ചത്. അക്കാലത്തെ പ്രഖ്യാത യഹൂദ പണ്ഡിതനും മഹാപുരോഹിതനുമായ ഗമാലിയേലിന്റെ കീഴിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ പുത്രിയിൽ പൗലോസ് അനുരക്തനായി. അവസാനം വിവാഹാഭ്യർഥന നിരസിച്ചപ്പോഴാണ് അദ്ദേഹം ക്രിസ്തു മതം സ്വീകരിച്ചത് എന്നാണ് കഥ. ഈ പ്രേമനൈരാശ്യമാണ് അദ്ദേഹത്തെ ക്രിസ്ത്യാനിയാക്കിയതും പിന്നീട് ക്രിസ്തു മതത്തെ സ്ത്രീവിരുദ്ധ പുഷമേധാവിത്വത്തിന്റെ മതമാക്കി മാറ്റുകയും ചെയ്തത് എന്ന് പറയപ്പെടുന്നു.

സ്ത്രീ വിരുദ്ധനും തീവ്ര സ്വഭാവക്കാരനുമായ പൗലോസ് അപ്പോസ്തലൻ വിവാഹം ആത്മീയതക്ക് എതിരാണ് എന്ന തന്റെ സ്വന്തം അനുഭവ സിദ്ധാന്തം സഭയിൽ അടിച്ചേൽപ്പിക്കുകയായിരുന്നു. കൊരിന്ത്യർക്ക് എഴുതിയ കത്തിൽ വിവാഹം പാപത്തിലേക്ക് ചരിഞ്ഞുപോകാതിരിക്കാനുള്ള പരിമിതമായ അനുവാദമാണെന്നാണ് അദ്ദേഹം പറയുന്നത്. പൗലൂസ് പറയുന്നു: ***'എല്ലാവരും എന്നെപ്പോലെ ആയിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു...... അവിവാഹിതകളോടും വിധവകളോടും ഞാൻ പറയുന്നു: എന്നെപ്പോലെ ഒറ്റക്ക് കഴിയുന്നതാണ് അവർക്ക് നല്ലത് എന്നാൽ ആത്മ നിയന്ത്രണം സാദ്ധ്യമല്ലെങ്കിൽ അവർ വിവാഹം കഴിക്കണം. കാരണം കാമം കൊണ്ട് എരിയുന്നതിനെക്കാൾ നല്ലത് വിവാഹം കഴിക്കുന്നതാണ് ഉത്തമം.' (1കൊറിന്ത്യ 7: 8-9)***

വിവാഹ നിശ്ചയം കഴിഞ്ഞ പ്രതിശ്രുത വധുവിനെ അവളുമായി ബന്ധപ്പെടാതെ ആ നിലക്ക് ഒറ്റക്ക് വിടാൻ പൗലോസ് അപ്പോസ്തൻ ഉപദേശിക്കുന്നത് കാണുക: ***'വിവാഹ നിശ്ചയം കഴിഞ്ഞിരിക്കുന്ന ഒരു പുരുഷൻ തന്റെ കന്യകയോട് താൻ ഉചിതമായി പെരുമാറുന്നില്ല എന്നു തോന്നിയാൽ അയാളുടെ വികാരങ്ങൾ തീഷ്ണങ്ങളെങ്കിൽ അയാൾ തന്റെ ഇഷ്ടമനുസരിച്ച് പ്രവർത്തിക്കട്ടെ. അവർ വിവാഹിതരാവട്ടെ, അത് പാപമല്ല. എന്നാൽ ദൃഢചിത്തനായവൻ ആത്മ സംയമനം പാലിക്കാൻ കഴിയുന്നവൻ, തന്റെ കന്യകയെ ആ അവസ്ഥയിൽ തന്നെ നിർത്താൻ ഹൃദയ പൂർവം തീരുമാനിക്കുന്നതെങ്കിൽ അയാൾ ചെയ്യുന്നത് ഉത്തമമാണ്. പ്രതിശ്രുതവധുവിനെ വിവാഹം കഴിക്കുന്നത് നല്ലത്. വിവാഹത്തിൽ നിന്ന് തന്നെ ഒഴിഞ്ഞു നിൽക്കുന്നത് അതിനേക്കാൾ നല്ലത്.' (1 കോറിന്ത്യർ 7: 36-38)***

ക്രിസ്തു മതത്തിന്റെ കൃത്രിമമായ പൗളിയൻ സ്ത്രീ വിരുദ്ധതയുടെയും പുരുഷാധിപത്യത്തിന്റെയും ഒരു ജീവൽ പ്രതീകമായി ഇന്നും നിലകൊള്ളുന്ന ഒരു സന്യാസി രാഷ്ട്രമാണ് മൗണ്ട് ആഥോസ് (Mount Athos). ഗ്രീസിന്റെ രക്ഷാധികാരത്തിന് കീഴിൽ 390 കിലോമീറ്റർ വിസ്തീർണമുള്ള ഒരു മതാധിഷ്ഠിത പരമാധികാര രാഷ്ട്രമാണ് മൗണ്ട് ആഥോസ്. ആ നിലക്ക് യൂറോപ്യൻ യൂണിയൻ അംഗം കൂടിയാണ്. ഓർത്തോഡക്സ് സന്യാസി പ്രസ്ഥാനത്തിന്റെ സുപ്രധാന കേന്ദ്രമാണ് ഇവിടം. ഇവിടത്തെ പ്രത്യേകത പുരുഷ ക്രിസ്തീയ സന്യാസികൾ മാത്രം പ്രജകളായുള്ള മൊണാസ്ടിക്ക് ദ്വീപ് രാഷ്ട്രമാണ് എന്നതാണ്. ക്രിസ്തു മതത്തിലെ വിചിത്രമായ പോളിയൻ അദ്ധ്യാത്മികത അനുശാസിക്കും വിധം ഈ ദ്വീപിൽ ആൺ വർഗത്തിന് മാത്രമേ പ്രവേശനമുള്ളൂ. അതായത് ക്രിസ്തു സഭയിലെ പുരുഷ സന്യസ്തർ മാത്രമേ ഇവിടെയുള്ളൂ. യുനെസ്‌ക്കോയുടെ ലോക പൈതൃക പട്ടികയിൽ ഇടം പിടിച്ചിട്ടുണ്ടെങ്കിലും സ്ത്രീകളായ സന്ദർശകർക്ക് ഇവിടെ പ്രവേശനമില്ല. സ്ത്രീ സാന്നിദ്ധ്യം അവരുടെ അദ്ധ്യാത്മിക ജീവിതത്തെ നശിപ്പിക്കും എന്നാണ് വാദം. ആഥോസ് സന്യാസ രാഷ്ട്രത്തിന്റെ ഭരണാധികാരമുണ്ടായിട്ടും പതിനാലാം നൂറ്റാണ്ടിൽ സെർബിയൻ രാജാവ് പ്ലേഗിൽ നിന്നും രക്ഷപ്പെടാൻ തന്റെ ഭാര്യ ഹെലീനയുമായി ആഥോസിൽ വന്നെങ്കിലും രാജാവിന്റെ ഭാര്യയെ ആഥോസിലെ നിലം തൊടുവിക്കാതെ ഒരു പല്ലക്കിൽ ദിവസങ്ങളോളം ഇരുത്തുകയാണ് ചെയ്തത്. 1930 ൽ യൂറോപ്പിലെ സൗന്ദര്യ റാണിയായി തിരഞ്ഞെടുക്കപ്പെട്ട ഗ്രീസിലെ അലികി ഡിപ്ളാരിക്കോ (Aliki Diplarakou)



മൗണ്ട് ആഥോസ്

ആൺ വേഷം കെട്ടി അതിസാഹസികമായി മൗണ്ട് ആഥോസിൽ പോയി. 1953 ജൂലായിയിലെ Time Magazineൽ 'പാപത്തിന്റെ കൊടുമുടി' (The Climax of Sin) എന്ന തല വാചകത്തിലാണ് ആ സംഭവത്തെ പറ്റി ലേഖനം പ്രസിദ്ധീകരിച്ചത്. പെൺ വർഗത്തിൽപെട്ട പിടകോഴി, പശു, പെണ്ണാട്, പെൺ കുതിര, പെൺ പന്നി ഇവർക്കൊന്നും ഈ ആൺ രാജ്യത്ത് പ്രവേശനമില്ല!!. ഈ സ്ത്രീ വിരുദ്ധത മനുഷ്യാവകാശങ്ങളുടെ നിഷേധമാണെന്ന് കാട്ടി യൂറോപ്യൻ യൂണിയൻ 2003 ജനുവരി 15 ൽ ആഥോസിനെതിരെ ഒരു പ്രമേയം പാസ്സാക്കിയിട്ടുണ്ട്.

ക്രിസ്ത്യൻ ദൈവശാസ്ത്രത്തിന്റെയും ധാർമികതയുടെയും ആധികാരിക വക്താക്കളായ സഭാപിതാക്കന്മാരുടെ രചനകളിൽ കാണുന്ന സ്ത്രീ വിരുദ്ധതയെ പറ്റി ലോക പ്രശസ്ത ചിന്തകനും നോബൽ സമ്മാന ജേതാവും നിശിതമായ സഭാവിമർശകനുമായ ബട്രന്റ് റസ്സൽ തന്റെ Marriage and Morals, എന്ന കൃതിയിൽ ചേർത്ത ഒരു ഉദ്ധരണി ഇപ്രകാരമാണ്.

എല്ലാ പാപങ്ങളുടെയും മാതാവ് എന്ന നിലക്ക് സ്ത്രീകൾ നരകത്തിന്റെ വാതിലായിട്ടായിരുന്നു പ്രതിനിധീകരിച്ചിരുന്നത്. ഒരു സ്ത്രീയാണെന്ന ചിന്തയിൽ അവൾ ലജ്ജിതയാവേണ്ടിയിരുന്നു. ഭൂമിയിൽ ശാപം കൊണ്ടുവന്നതിനാൽ അവൾ നിരന്തരമായ പശ്ചാത്താപത്താൽ ജീവിക്കണം. നരകത്തിന്റെ സ്മരണയായതിനാൽ സ്ത്രീ അവളുടെ വസ്ത്രത്തെയോർത്ത് ലജ്ജിക്കണം. അവളുടെ സൗന്ദര്യത്തെ പ്രതി അവൾ പ്രത്യേകമായി ലജ്ജിക്കണം. കാരണം അത് പിശാചിന്റെ ഏറ്റവും ഫലവത്തായ ഉപകരണമാണ്. സൗന്ദര്യം മതപരമായ അപലപനത്തിന്റെ നിത്യവിഷയമായിരുന്നു......അവരുടെ അശുദ്ധികാരണം അവരുടെ നഗ്ന ഹസ്തങ്ങളാൽ കൂദാശ സ്വീകരിക്കാൻ പാടില്ലായിരുന്നു. (note: W. E. H. Lecky, History of European Morals, vol. ii, pp. 357-358)

അപ്രായോഗികവും കൃത്രിമവുമായ ബ്രഹ്മചര്യ സന്യാസം ആചരിച്ചു വരുന്ന സഭ പലപ്പോഴും അറിയപ്പെട്ടതും അറിയപ്പെടാത്തതുമായ ലൈംഗിക അപവാദങ്ങളുടെ അണിയറയായി മാറുകയാണ് ചെയ്യുന്നത്. വിവാഹവും വിവാഹ ലൈംഗികതയും ആത്മീയ വിരുദ്ധതയുടെ പ്രതീകമായി ചിത്രീകരിക്കുന്ന സഭയിയുടെ സ്ഥാപകനായ യേശു തന്നെ വിവാഹിതനായിരുന്നു എന്നതാണ് സത്യം. യേശു ദൈവത്തിന്റെ പുത്രനാണ് എന്ന് പ്രചരിപ്പിക്കുന്ന സഭ അദ്ദേഹത്തിന്റെ വിവാഹം, കുടുംബം എന്നീ മാനുഷിക ഭാവത്തെ മായ്ച്ചുകളയുകയായിരുന്നു. യേശുവിന്റെ അപ്പോസ്തലന്മാരിൽ മിക്കവരും വിവാഹിതരാണ്. അതിൽ റോമൻ സഭയുടെ സ്ഥാപകനായ പത്രോസ് വിവാഹിതനും കുടുംബവുമുള്ള ആളായിരുന്നു എന്ന് ബൈബിൾ തന്നെ വ്യക്തമായി പറയുന്നു. പേപസിയുടെ ചരിത്രത്തിൽ വിവാഹിതരായവരും സന്താനങ്ങളുള്ളതുമായ പോപ്പുമാരെ നമുക്ക് കാണാം. പോപ്പ് സെയിന്റ് ഫെലിക്സ് ( 483–495) പോപ്പ് സെയ്ന്റ് (514–523) പോപ്പ് അഡ്രിയൻ ( 87–872) പോപ്പ് ജോൺ (1003)പോപ്പ് ക്ലമന്റ് 1265–1268)പോപ്പ് ഹൊണോറിയസ് (1285–1287) മുതലായവരെ പോലെ ജാര സന്താനങ്ങളുള്ളതും നിയമവിരുദ്ധമായി പരസ്ത്രീ ബന്ധമുള്ളതുമായ നിരവധി പോപ്പുമാർ ചരിത്രത്തിലുണ്ട്. ഈ ലൈംഗികാപവാദങ്ങളുടെ പരിശിഷ്ടമായി ഇംഗ്ലീഷിൽ നിലകൊള്ളുന്ന ഒരു വാക്കാണ് Nepotism സ്വജന പക്ഷപാതം എന്ന് അർത്ഥത്തിലാണ് ഈ വാക്ക് ഉപയോഗിക്കുന്നത്. അത് എങ്ങനെ നിലവിൽ വന്നു എന്നതിന്റെ ചിത്രം പരിശോധിച്ചാൽ പോപ്പുമാരുടെ സദാചാര ജീവിതവുമായി ബന്ധപ്പെട്ടതാണ് ആ വാക്കിന്റെ നിഷ്പത്തി എന്ന് കാണാം. പോപ്പുമാർക്കും ബിഷപ്പ് മാർക്കും വിവാഹം കാനോനിക നിയമ പ്രകാരം നിഷിദ്ധമാണ്. പക്ഷേ വിവാഹേതര ബന്ധത്തിലുണ്ടാകുന്ന സന്താനങ്ങളെയും ബന്ധുക്കളെയുമാണ് Nephew of Pope (പോപ്പിന്റെ അനന്തരവന്മാർ) എന്ന് വിളിക്കുന്നത്. അവർക്ക് സഭയിലും മറ്റ് രാജ്യത്തിന്റെ ഉന്നത തസ്തികകളിലും നിയമിക്കുന്നതിനെയാണ് സ്വജനപക്ഷപാതം എന്ന അർഥത്തിൽ Nepotism എന്ന വാക്ക് ഉപയോഗിക്കുന്നത്.

ചുരുക്കത്തിൽ ലൈംഗികത എന്നത് മനുഷ്യന് ദൈവം നൽകിയ അനുഗ്രഹവും അവന്റെ ജൈവികമായ നിലനിൽപ്പിന്റെ നിദാനവുമാണ്. അത് വിവാഹം മുഖേന നിയമ മാർഗത്തിൽ നിയന്ത്രിമായി ഉപയോഗിച്ച് ധാർമിക ഗുണമാക്കി മാറ്റണം. ലൈംഗികത ആത്മീയതക്ക് എതിരാണ് എന്ന് പറഞ്ഞ് കൊണ്ട് അതിനെ നിഷേധിക്കുന്നത് വ്യാജവും അപ്രായോഗികവും ദൈവികതക്ക് എതിരും യേശുവിന്റെ യഥാർഥ അധ്യാപനങ്ങൾക്ക് വിരുദ്ധവുമാണ്. സർവോപരി പരിഹാസ്യവുമാണ്. അടിസ്ഥാനപരമായി ഈ തിരിച്ചറിവ് സഭക്ക് ഇല്ലാത്തിടത്തോളം കാലം ഈ ലൈംഗിക പീഡനങ്ങളും അത് സംബന്ധിച്ച കോളിളക്കങ്ങളും തുടർന്നു കൊണ്ടു പോകും.

പേജ് 28 ൽ നിന്ന് തുടർച്ച

**വ്യഭിചാരത്തെക്കൊള്ളെ അടുക്കരുത്. നിശ്ചയമായും അത് നികൃഷ്ടമായ കൃത്യവും ചീത്ത വഴിയുമാകുന്നു.** (17: 33) എന്ന് ഖുർആൻ ആജ്ഞാപിച്ചതിന്റെ യുക്തി ഇപ്പോൾ മനസ്സിലാക്കാൻ പ്രയാസമില്ല. വ്യഭിചാരത്തിനെതിരെയുള്ള ഒരു കൽപ്പന മാത്രമല്ല ഇത്. കടക്കണ്ണ്, കള്ളച്ചിരി എന്നിവയിൽ നിന്നാരംഭിച്ച് അംഗ വിക്ഷേപം , കയ്യടി, തലോടൽ, ആശ്ലേഷം തുടങ്ങി ദോഷപൂർത്തിയിലവസാനിക്കുന്ന എല്ലാത്തരം സമീപനങ്ങളെയും അത് നിരോധിക്കുന്നു.

# ഡോ. മിയാൻ ആതിഫ് ഖാന്റെ രാജി: വ്യാപകമായ പ്രതിഷേധം

അമേരിക്കയിലെ പ്രിസ്റ്റൺ യൂണിവേഴ്സിറ്റി പ്രൊഫസറും ലോക പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനുമായ ഡോ.മിയാൻ ആതിഫ് മുഹമ്മദ് ഖാൻ ഒരു അഹ്മദി ആയതിന്റെ പേരിൽ പാകിസ്താൻ പ്രധാന മന്ത്രി ഇമ്രാൻ ഖാൻ അദ്ധ്യക്ഷനായ പാകിസ്താൻ സാമ്പത്തിക ഉപദേശക സമിതി (Economic Advisory Council (EAC) of Pakistan. യിൽ നിന്നും മതതീവ്രവാദികളുടെ സമ്മർദത്താൽ നിർബന്ധിച്ച് രാജി വെപ്പിച്ചത് മൂലം ലോകം മുഴുവനും പാകിസ്താന് നേരെ വൻ പ്രതിഷേധമുയരുകയാണ്. പാകിസ്താനെ പുതിയ യുഗത്തിലേക്ക് നയിക്കുമെന്ന് പറഞ്ഞ് രംഗപ്രവേശനം ചെയ്ത ഈ ക്രിക്കറ്റ് കളിക്കാരൻ മത തീവ്രവാദികൾക്ക് കീഴടങ്ങുന്ന ലജ്ജാകരമായ കാഴ്ച്ചയാണ് കാണാൻ കഴിയുന്നത്. ഇമ്രാൻ ഖാന്റെ മുൻ ഭാര്യ ജമീമയും ഈ വിഷയത്തിൽ ഇമ്രാൻ ഖാനെ വിമർശിച്ചിരിക്കുകയാണ്. ഡോ. മിയാൻ ഇന്റർ നാഷണൽ മോണിറ്ററി ഫണ്ട് (IMF) കണക്കാക്കുന്ന ലോകത്തുള്ള 25 യുവ സാമ്പത്തിക ശാസ്ത്ര പ്രതിഭകളിലൊരാളും പ്രിസ്റ്റൺ യൂണിവേഴ്സിറ്റിയിലെ എക്കണോമിക്സ്, പബ്ലിക്ക് പോളിസി ആന്റ് ഫിനാൻസിൽ പ്രൊഫസറും, വുഡ്രോ വിൽസൺ സ്കൂളിലെ ജൂലിയസ് റബിനോവിട്സ് സെന്റർ ഫോർ പബ്ലിക്ക് പോളിസി ആന്റ് ഫിനാൻസിന്റെ ഡയറക്ടറുമാണ്. സാമ്പത്തിക ശാസ്ത്രത്തിൽ നോബൽ സമ്മാനം നേടിയ 8 പേരടക്കം 93 സാമ്പത്തിക വിദഗ്ധർ ഒപ്പിട്ട പ്രസ്താവനയിൽ



മതവിശ്വാസത്തിന്റെ പേരിൽ അത്യുന്നതനായ ഒരു സാമ്പത്തിക ശാസ്ത്ര പ്രതിഭയെ രാജിവെപ്പിച്ച പാകിസ്താന്റെ ഈ നടപടിയിൽ പ്രതിഷേധം രേഖപ്പെടുത്തുകയും അപലപിക്കുകയുമുണ്ടായി. അവർ പുറപ്പെടുവിച്ച പ്രസ്താവന ഇപ്രകാരമാണ്.

'ഡോ. ആതിഫ് മുഹമ്മദ് ഖാൻ പാകിസ്താൻ സാമ്പത്തിക ഉപദേശക സമിതിക്ക് Economic Advisory Council (EAC) അത്ഭുതകരമായ ഒരു മുതൽകൂട്ടാണെന്ന് താഴെ എഴുതി ഒപ്പിടുന്ന സാമ്പത്തിക കാര്യ വിദഗ്ധരായ ഞങ്ങൾ വിശ്വസിക്കുന്നു. വികസന സാമ്പത്തിക ശാസ്ത്രം (Development Economics), ധനകാര്യ സാമ്പത്തിക ശാസ്ത്രം (Financial Economics) സ്ഥൂല സാമ്പത്തിക ശാസ്ത്രം(Macro Economics). എന്നീ വിഷയങ്ങളിൽ പ്രൊഫ. മിയാൻ ഏറ്റവും ഉന്നതനായ ഒരു സാമ്പത്തിക വിദഗ്ധനാണ്. EAC യിലെ അദ്ദേഹത്തെ ഉൾപ്പെടുത്തിയത് നയതന്ത്രവിദഗ്ധർക്ക് വളരെ ഗുണകരമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ വിപുലമായ തോതിൽ പാകിസ്താൻ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

മതപരമായ കാരണങ്ങളാൽ പാകിസ്താൻ സർക്കാരിലെ അംഗങ്ങൾ EACയിൽ നിന്ന് രാജിവെക്കാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അവരുടെ ഈ ആവശ്യം ഉന്നതനായ ഒരു സാമ്പത്തിക ശാസ്ത്രജ്ഞന്റെ സേവനം അവർക്ക് നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇക്കാര്യത്തിൽ ഞങ്ങളുടെ നിരാശയും പ്രതിഷേധവും അറിയിക്കുന്നു. രാജ്യത്തെ നന്നായി സേവി

ക്കുന്ന ഒരാളോട് മതത്തിന്റെ പേരിലുള്ള പക്ഷപാതിത്വം ഒരിക്കലും ഉണ്ടാവാൻ പാടില്ലാത്തതാണ്'

നോബൽ സമ്മാന ജേതാവായ പ്രൊഫ. അബ്ദുസ്സലാം സാഹിബിനോട് അഹ്മദിയായതിന്റെ പേരിൽ കാണിച്ച അതേ അവഗണനയും അവഹേളനവുമാണ് ഡോ. മിയാന്റെ കാര്യത്തിലും ആവർത്തിക്കുന്നത്. പാകിസ്താനെ ഗ്രസിച്ചിരിക്കുന്ന മുല്ലായിസത്തിന്റെയും മതതീവ്രവാദത്തിന്റെയും ഈ പിശാചിനെ വിപാടനം ചെയ്താലല്ലാതെ പാകിസ്താന് രക്ഷയുണ്ടാവില്ല.

## പി.എച്ച്. യൂസുഫ് സാഹിബ്



കാവശ്ശേരി ജമാഅത്തിലെ മാൽസെക്രട്ടറി പി.എച്ച്. യൂസുഫ് സാഹിബ് (50) സെപ്തംബർ19ന് നിര്യാതനായി. (ഇന്നാലില്ലാഹി...) പരേതൻ മൂസിയും ആത്മാർഥതയുള്ള സേവകനുമായിരുന്നു. സഈമായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പാലക്കാട് എസ്.എം. ശരീഫ സാഹിബയാണ് ഭാര്യ. മക്കൾ: വസീം അഹ്മദ്, ഖയ്യിമ നൗറിൻ, കവീം അഹ്മദ്. മരുമകൻ: എ.എം. സുൽത്താൻ അഹ്മദ് (ഖാദിയാൻ). അല്ലാഹു മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ

*- പ്രസിഡന്റ്, കാവശ്ശേരി*

## ടി. എ. ഹമീദ് സാഹിബ്



കാക്കനാട് ജമാഅത്തംഗം ടി.എ. ഹമീദ് സാഹിബ് (68) 2018 സെപ്തംബർ 21ന് വഫാത്തായി. (ഇന്നാലില്ലാഹി...) മർഹൂം അബ്ദുർറഹ്മാൻ സാഹിബ് കാക്കനാടിന്റെ സഹോദരനും മർഹൂം മൗലവി എച്ച്. നാസിറുദ്ദീൻ സാഹിബ് കാവശ്ശേരിയുടെ ഭാര്യാ പിതാവുമാണ്.

കാക്കനാട് ജമാഅത്തിന്റെ വൈസ് പ്രസിഡന്റായി പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം സൗമ്യനും ശാന്തനുമാണ്. എല്ലാവരോടും പുഞ്ചിരിതൂകികൊണ്ട് സംസാരിക്കുന്നതും, ഇടപെടുന്നതുമായിട്ടാണ് കണ്ടിട്ടുള്ളത്. അല്ലാഹു ഇദ്ദേഹത്തിന് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ. (ആമീൻ)

ഭാര്യ: ഐശാ. മക്കൾ: താഹിറ, ത്വയ്യിബ്, താജുന്നിസ മരുമക്കൾ: മർഹൂം മൗലവി നാസിറുദ്ദീൻ, റഹ്മത്തുള്ള, നിലോഫർ സുൽത്താന.

*- മാലിക്ക് അമീൻ കാക്കനാട്*

## ഷെഫീന ബീഗം സാഹിബ

പഴയങ്ങാടി ജമാഅത്തിലെ അംഗമായ ഷെഫീന ബീഗം സാഹിബ (66) 2018 ഓഗസ്ത് 28ാം തീയതി പഴയങ്ങാടിയിൽ വെച്ച് നിര്യാതയായി. ഇന്നാലില്ലാഹി........ മർഹൂം ഡോ. നാസർ അഹ്മദ് സാഹിബി (കരുനാഗപ്പള്ളി) ന്റെ ഭാര്യയും മർഹൂം എം. ജമാലുദ്ദീൻ സാഹിബിന്റെ(കരുനാഗപ്പള്ളി)യും മർഹൂം ചിറാഗ്ബി സാഹിബയുടെയും (സാത്താൻ കുളം) മകളും മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് (മർഹൂം) എച്ച് എ അവർകളുടെ ഭാര്യാ പിതൃസഹോദരിയുമാണ്. തെന്നിന്ത്യയിലെ പഴയ ജമാഅത്തുകളിലൊന്നായ സാത്താംകുളത്തെ ആദ്യ അഹ്മദി സയ്യിദ് അഹ്മദ് സാഹിബിന്റെ പൗത്രിയുമാണ് പരേത. സാത്വിക ജീവിതം നയിച്ച അവർ വസിയ്യത്ത് ചെയ്തിരുന്നു. ലജ്നാ ഇമായില്ലായുടെ മാൽ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ജനാസ ഖാദിയാനിലാണ് അടക്കം ചെയ്തത്. മക്കൾ: എൻ. അമത്തുൽ നസീർ, എൻ. സഫർ അഹ്മദ് (കരുനാഗപ്പള്ളി), ഡോ. സനൂജാ ബീഗം, മരുമക്കൾ: എസ്. വി. മുഹമ്മദ് ഫസൽ (പഴയങ്ങാടി), എസ്. വി. ഫാസിലാ സഫർ (പഴയങ്ങാടി), ബി . നിശാൻ അഹ്മദ് (ദുബായ്) പരേതക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനു ഗ്രഹിക്കട്ടെ. (ആമീൻ)

*- എൻ. അമത്തുൽ നസീർ ഫസൽ പഴയങ്ങാടി*



Published on 7.10.2018
Pages 44
Vol: 90 Issue. 10
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment

The Sathyadoothan Monthly



mta INTERNATIONAL

*Muslim Television Ahmadiyya International*



mta INTERNATIONAL
www.mta.tv

YouTube | mta INTERNATIONAL
www.youtube.com/mtaonline1

www.alislam.org